CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർഗ്ഗംകളി

ആട്ടപ്രകാരം



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഡോ. പുന്നാർ പുണ്ടൽ

ഡോ. ജേക്കബ് വെള്ളിയാൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർഗംകളി ആട്ടപ്രകാരം

(ദൃശ്യകലാപഠനം)

ഡോ. ചുമ്മാർ ചൂണ്ടൽ

ഡോ. ജേക്കബ് വെള്ളിയാൻ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പ്രസാധനം :

ഹാദൂസ, അഖിലേന്ത്യ ക്രൈസ്തവ രംഗകലാകേന്ദ്രം

കോട്ടയം – 686006

വിതരണം :

ജ്യോതി ബുക്സ് ഹൗസ്

കോട്ടയം – 686001

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Malayalam

Maargamkali Aattaprakaram

(Study on Performing Art)

By

Dr. Chummar Choondal
Professor and Head,
Department of Sanskrit and Malayalam
St. Thomas College, Trichur

Dr. Jocob Vellian
Director,
Hadusa, All India Institute for Christian
Performing Arts, Kottayam – 686006

First Published August 1987

Price: Rs. 15/-

Printed at:

Catholic Mission Press, Kottayam

Published by :

Hadusa, Kottayam - 686006

Distribution :

Jyothi Book House, Kottayam 686001.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഉള്ളടക്കം

കേളികൊട്ട്

ഹാദ്ദസ

ഭാഗം ഒന്ന് : സാമാന്യ നിരീക്ഷണം

മാർഗത്തിന്റെ പൊരുൾ

ഇതിവൃത്തം

സംഗീതം

ഭാഷയും വൃത്തവിചാരവും

വേഷവും ആടയാഭരണങ്ങളും

ഭാഗം രണ്ട് : പാട്ട്

സമ്പാദനം, പ്രസിദ്ധീകരണം

രംഗപാഠം

ഭാഗം മൂന്ന് : ആട്ടപ്രകാരം

വന്ദനഗാനം, പതിനാല് പാദങ്ങൾ

അനുബന്ധം : ഒന്ന്

മത്സരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗ്രന്ഥസൂചി

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഹല്ലേലൂയ്യ

യഹൂദഗോത്രം ഹല്ലേലൂയ്യാപാടി–
ഏഡേസ്സായിൽനിന്നും
തൊമ്മൻകീനാനും/ഏഴില്ലം ഏഴപ
ത്തിരണ്ടു് കുടുംബവും/മഹോന്നാനഗര
വീഥികളിലൂടെ അതേറുപാടി;
ക്രിസ്തുവിന്റെ 'വിശുദ്ധശില്പി'യുടെ ചരിത്ര
ഗാഥ–മാർഗംകളി
മാർത്തോമ്മൻ ചരിത്രഗാഥക്കു് താളവും മേളവും
വർണ്ണപ്പൊലിമയും നൃത്തവിന്യാസവും
പകർന്നുകൊടുത്ത കളിയാശാന്മാർ/വീണ്ടും
മാർഗംകളിയരങ്ങുകളിലൂടെ
ഹല്ലേലൂയ്യാപാടി.....

മാർഗംകളി ആശാന്മാർക്കു സമർപ്പണം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കേളികൊട്ട്

മാർഗംകളിയുടെ ആട്ടപ്രകാരം വന്ദനഗാനപാദം ഉൾപ്പെടെ–ഒന്നുമുതൽ പതിനാല് പാദങ്ങൾവരെ സംഗീതവും നൃത്ത വിന്യാസവും ശാസ്ത്രീയമായി ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നു.

വാമൊഴിയായി പറഞ്ഞുവന്ന പൊല്ലുമൊഴികളും കലാശങ്ങളും മാർഗംകളി അരങ്ങത്തു് ജീവിച്ചിരിക്കുന്ന മുപ്പതിലേറെ ആശാന്മാരിൽനിന്നും അവരുടെ ശിഷ്യന്മാരായ മുന്നൂറോളം കളിക്കാരിൽനിന്നും പകർത്തിയെടുത്തു. ദീർഘനാളത്തെ ചർച്ചകളും നടത്തി പൊതുവായൊരു സംഗീത നൃത്തവിന്യാസ ശൈലി – നിലവിലുണ്ടായിരുന്നതിനെ പൊട്ടിപ്പൊളിയ്ക്കാതെ–വാലിട്ടകണ്ണെഴുതി തേച്ചുമിനുക്കിയെടുത്തു. തലമുറകളുടെ കലാപൈതൃകം കാത്തുസൂക്ഷിച്ച മാർഗംകളി ആശാന്മാരുടെ കൈയ്യും കാലും, ശീലും ശൈലിയും പൂർണ്ണമായി ഈ ആട്ടപ്രകാരത്തിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു ഞങ്ങൾ ആത്മാർത്ഥമായി രേഖപ്പെടുത്തട്ടെ.

പോയ തലമുറയിലേയും ഇന്നത്തേയും ആശാന്മാരുടെ ഒരു ചിരകാലസ്വപ്നം പൂവണിയുന്ന സന്ദർഭമാണിതു്. മാർഗംകളിയുടെ അവതരണ ശൈലിക്കു് ഏകീകൃത രൂപം ചിട്ടപ്പെടുത്തുന്നതിനുവേണ്ടി ആശാന്മാരെല്ലാവരും പലകുറി ഒത്തുകൂടി ചർച്ചചെയ്തു് തീരുമാനിച്ചു. അവരുടെ നിർബന്ധവും ആവേശവുമായിരുന്നു ഈ ആട്ടപ്രകാരം ഈ രൂപത്തിൽ തയ്യാറാക്കുന്നതിനു് ഞങ്ങളെ പ്രേരിപ്പിച്ചതു്. ഈ ആട്ടപ്രകാരത്തിലെ ഒരോ അംഗചലനങ്ങളും, മുദ്രകളും, കലാശങ്ങളും കളിയാശാന്മാരുടെ പാരമ്പര്യസ്വത്തു് തന്നെയാണു്. കാലത്തിന്റെ കൈപ്പെരുമാറ്റത്തിൽ മാഞ്ഞുപോയതും കാലഹരണപ്പെട്ടതുമായ കൈമുദ്രകളെ കലാപരമായിട്ടവതരിപ്പിക്കുന്നതിനു് വഴിയൊരുക്കിത്തന്നതും ആശാന്മാർതന്നെയാണു്.

ഹാർട്ടസായുടെ രക്ഷാധികാരിയും കോട്ടയം രൂപതാദ്ധ്യക്ഷനുമായ മാർ കുര്യാക്കോസു് കുന്നശ്ശേരിയുടെ പ്രോത്സാഹനമാണു് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു് ശക്തി പകരുന്നതു്. അഭിവന്ദ്യ ബിഷപ്പിനോടു് ആത്മാർത്ഥമായി ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സിസ്റ്റർ മേഴ്സിറ S.A.B.S, സിസ്റ്റർ ഇമ്മാനുവേൽ പ്രകാശ് S.V.M., സിസ്റ്റർ ജെയ്മി S.J.C., ബ്ര. ജോസു് കടവിൽച്ചിറയിൽ, ചാർളി കെ. എം, കുമാരൻ എം, മുരളീധരൻ പി, ഫാ. ഫ്രാൻസീസ് പ്ലാക്കേൽ, സിസ്റ്റർ ലിയോ S. J. C. എന്നിവർ ആട്ടപ്രകാരത്തിന്റെ രചനയുടെ വിവിധ ഘട്ടങ്ങളിൽ സഹായിച്ചിട്ടുള്ളവരാണു്. അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ കൃതി കൈക്കുറ്റപ്പാടു് തീർന്ന ഒന്നാണെന്നു അവകാശപ്പെടുന്നില്ല. മാർഗംകളി അരങ്ങത്തു് പ്രവർത്തിക്കുന്നവർക്കും കളിക്കാക്കും മറ്റിതര നാടോടി കലാകാരന്മാർക്കും ഈ കൃതി ഉപകാരപ്രദമാകണമെന്നു് ഞങ്ങൾക്കാഗ്രഹമുണ്ടു്. വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ടു് ഈ കൃതി കലാകേരളത്തിനു സമർപ്പിച്ചുകൊള്ളട്ടെ.

ഹാർട്ടസ് — ചുമ്മാർ ചൂണ്ടൽ

കോട്ടയം–6 — ജേക്കബ് വെള്ളിയാൻ

21–2–1987

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഹാദൂസ

അഖില ഭാരത ക്രൈസ്തവ രംഗകലാകേന്ദ്രം

ഡോ. ജേക്കബ് വെള്ളിയാൻ

ആനന്ദം എന്നർത്ഥമുള്ള സുറിയാനി പദമാണ് ഹാദൂസ. സർവ കലകളുടെയും മൗലിക ലക്ഷ്യം മാനസികാനന്ദത്തിനു അനുഭൂതികൂം പകരുകയാണല്ലൊ. നാട്യശാസ്ത്രപ്രോക്തങ്ങളായ ചിന്തകളും പ്രവർത്തനങ്ങളും സാത്വികഭാവങ്ങളെ സമന്വയിക്കുവാനുള്ളതാണെന്നു ഭരതമുനി തൊട്ടുള്ള ഭാരതീയാചാര്യന്മാർ പ്രസ്താവിച്ചിട്ടുള്ളതു പ്രത്യേകം സ്മരണീയമാണ്. ക്രൈസ്തവ രംഗകലകളും ആരാധനയിൽനിന്നാരംഭിച്ചു അനുഷ്ഠാന തലത്തിലൂടെ സഞ്ചരിച്ചു ആത്മാവിഷ്ക്കാരം നടത്തി ദിവ്യാനുഭൂതികളുടെ ഉന്നതവും ഉദാത്തവുമായ ഒരവസ്ഥയെ സംജാതമാക്കുന്നു. ഹാദൂസാ എന്ന സുറിയാനി പദത്തിന്റെ അകപ്പൊരുളും പുറപ്പൊരുളും വിളിച്ചറിയിക്കുന്നതു ഇതുതന്നെ. ഇതേ ചൈതന്യം ഉൾക്കൊള്ളുന്ന ക്രൈസ്തവ രംഗകലാകേന്ദ്രം അഖിലേന്ത്യാടിസ്ഥാനത്തിൽ 1984ൽ കോട്ടയത്താരംഭിച്ചു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഹാദൂസായുടെ മൗലികലക്ഷ്യം ഭാരതത്തിലെ വിഭിന്ന ക്രൈസ്തവസമുദായക്കാരുടെ പാരമ്പര്യ കലകളേയും സാമൂഹ്യാചാരങ്ങളേയും പുരാതനപ്പാട്ടുകളേയുംകുറിച്ചു ഗവേഷണം നടത്തുക എന്നുള്ളതാണ്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ക്രൈസ്തവ കലാസാംസ്ക്കാരിക പൈതൃകങ്ങളെ തദ്ദേശീയരായ പണ്ഡിതന്മാർ ഗൗരവപൂർവ്വം ഗവേഷണം നടത്തിയിട്ടുണ്ടോ എന്നു സംശയമാണ്. വിദേശ മിഷനറിമാരുടെ അമൂല്യമായ സംഭാവനകളെ വിസ്മരിച്ചിട്ടില്ല. കേരളത്തിലെ ക്രൈസ്തവരുടെ വാസ്തുശില്പം, സംഗീതം, രംഗകലകൂം, വേഷം, ആചാരാനുഷ്ഠാനങ്ങൂം, മറ്റു പാരമ്പര്യസവിശേഷതകൂം എന്നിവയെ സമഗ്രമായി, ശാസ്ത്രീയമായി ദേശീയ വീക്ഷണത്തോടെ ഗവേഷണം നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുകയാണ് പ്രഥമഘട്ടം. തുടർന്ന് അവയുടെ സംരക്ഷണം, പ്രചരണം, പ്രസിദ്ധീകരണം, പരിശീലനം എന്നീ മേഖലകളിലേയ്ക്കു പ്രവർത്തനം വികസ്വരമാക്കണമെന്നു ഉദ്ദേശിക്കുന്നു. കോട്ടയം ശ്രുതാദ്ധ്യ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി രക്ഷാധികാരിയായി ഹാർമ്മോണിയുടെ പ്രവർത്തനം 1985 ആഗസ്റ്റ് 12നു് കോട്ടയത്തു് ബി. സി. എം. കോളേജ് ഓഡിറ്റോറിയത്തിൽവച്ചു് കേരള ഗവർണ്ണർ ശ്രീ. പി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി.

അംഗീകാരവും ബഹുമതികളും

കേരളത്തിലെ ക്രൈസ്തവ രംഗകലകളിൽ സമർപ്പിതമായ തപസ്യകളായി പ്രവർത്തിക്കുന്ന പ്രശസ്തവ്യക്തികൾക്കു് ബഹുമതികളും അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും ചെയ്യുന്ന നല്ല കീഴ്വഴക്കമാണു് ഹാർമ്മോണിയുടെ ഉദ്ഘാടന സമ്മേളനത്തിൽ നിർവഹിച്ചതു്. രണ്ടു ദശാബ്ദത്തിലേറെക്കാലം ക്രൈസ്തവ രംഗ കലാപഠനത്തിനും കേരളത്തിലെ നാടോടി വിജ്ഞാനീയത്തിനും ശ്രദ്ധേയമായ സംഭാവനകൾ നല്കിയ ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ അറിയപ്പെടുന്ന തൃശ്ശൂർ സെൻറ് തോമസ് കോളേജ് പ്രൊഫസർ ഡോ. ചുമ്മാർ ചൂണ്ടലിന്റെ ക്രൈസ്തവ രംഗകലാരംഗത്തുള്ള ഗവേഷണ പ്രവർത്തനങ്ങളെ ആദരിച്ചു് അദ്ദേഹത്തിനു് ഹാർമ്മോണിയുടെ സ്മരണ മുദ്രയും ബഹുമതിപത്രവും നല്കുകയുണ്ടായി. മാർഗംകളി ആശാനായ ശ്രീ. മരങ്ങാട്ടിൽ തൊമ്മൻ ലൂക്കാ, ശ്രീ. വട്ടോത്തുപറമ്പിൽ ഉത്തപ്പ് (മാർഗംകളി-നൃത്തം), ശ്രീ. പി. ടി. ജോസഫ് (മാർഗംകളി–സംഗീതം) എന്നീ പ്രശസ്ത കലാകാരന്മാർക്കു് അവാർഡുകളും ബഹുമതിപത്രങ്ങളും നല്കി അംഗീകരിക്കുകയുണ്ടായി. അങ്ങനെ ആണ്ടുതോറും വ്യത്യസ്ത ക്രൈസ്തവരംഗകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാരെ ബഹുമതികൾ നല്കി ആദരിക്കുന്ന പരിപാടിയുടെ ആരംഭംകുറിച്ചു.

മാർഗംകളി, ചവിട്ടുനാടകം, പരിചമുട്ടുകളി, വട്ടക്കളി എന്നിങ്ങനെ പ്രസിദ്ധങ്ങളായ രംഗകലകളും വിപുലമായൊരു പാട്ടുസാഹിത്യവും കേരളത്തിലെ ക്രൈസ്തവർക്കുണ്ടു്. സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യനൃത്തമായ മാർഗംകളി സവിശേഷമായ പഠനത്തിനു വിധേയമാക്കുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മാർഗംകളിയുടെ ഗവേഷണം, അഭ്യസനം, പ്രചരണം, പ്രസിദ്ധീകരണം എന്നിവയിൽ കേന്ദ്രീകരിച്ചുകൊണ്ടാണു് പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങിയതു്. ക്രൈസ്തവജനതയുടെ എല്ലാ കലാരൂപങ്ങളേയും പ്രത്യേകം പ്രത്യേകം അവയർഹിക്കുന്ന ഗൗരവത്തോടെ പഠനം നടത്തുവാനാണുദ്ദേശിക്കുന്നതു്. ക്രൈസ്തവരും അക്രൈസ്തവരുമായ പ്രഗത്ഭമതികളേയും പണ്ഡിതന്മാരേയും ഉൾക്കൊള്ളിച്ചു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൊണ്ടുള്ള ഫാക്കൽറ്റികളും പാഠ്യപദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. വൈജ്ഞാനിക മേഖലയിൽ ജാതിയുടേയും സമുദായത്തിന്റേയും അതിർത്തികളെ പൂർണ്ണമായി മാറ്റിനിർത്തിക്കൊണ്ടുള്ള ഉദാരവും ഉന്നതവുമായ വീക്ഷണമാണ് ഹാദ്മ സാപുലർത്തുന്നതെന്നറിയിച്ചുകൊള്ളട്ടെ.

മാർഗംകളി ആശാന്മാരുടെ സമ്മേളനം

ഹാദ്മസായുടെ ആഭിമുഖ്യത്തിൽ രണ്ടു പ്രാവശ്യം കേരളത്തിലെ മാർഗംകളി ആശാന്മാരുടെ സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. നൃത്തത്തിന്റെ പാരമ്പര്യസ്വഭാവം നിലനിർത്തിക്കൊണ്ട് അടവുകളും കൈമുദ്രകളും അംഗവിക്ഷേപങ്ങളും നല്കി മാർഗംകളിയെ ശൈലീവല്ക്കരണം നടത്തുന്നതിന്റെ പ്രസക്തിയേയും ആവശ്യത്തേയുംകുറിച്ച് ചർച്ച ചെയ്ത വേളയിൽ ആശാന്മാരെല്ലാവരും തന്നെ ശാസ്ത്രീയമായി നൃത്തത്തെ സംവിധാനം ചെയ്യണമെന്നഭിപ്രായപ്പെടുകയുണ്ടായി. പുരുഷന്മാർ മാത്രം പങ്കെടുത്തിരുന്ന മാർഗംകളി സ്ത്രീകൾകൂടി കളിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിലും ഭിന്നാഭിപ്രായമുണ്ടായിരുന്നില്ല. രണ്ടു ദശകക്കാലമായി ക്രൈസ്തവ കലാരംഗത്തും മറ്റിതര നാടോടികലാമേഖലയിലും ഗ്രാമഗ്രാമാന്തരങ്ങളിൽ നടന്ന് ഫീൽഡുവർക്കു നടത്തി ഗവേഷണത്തിൽ സമർപ്പിത ചേതസ്സായി സേവനമനുഷ്ഠിക്കുന്ന ഡോ. ചുമ്മാർ ചൂണ്ടലിന്റെ നേതൃത്വത്തിൽ ഹാദ്മസായുടെ ഫാക്കൽറ്റി അംഗങ്ങളും ആശാന്മാരും കലാകാരന്മാരുമായി ദീർഘനാളത്തെ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് മാർഗംകളി പരിശീലന കോഴ്സിന്റെ പാഠ്യപദ്ധതി ആസൂത്രണം ചെയ്തത്.

മാർഗംകളി പരിശീലന കോഴ്സ്

1985-ൽ കേരള സർക്കാർ മാർഗംകളി സംസ്ഥാന യുവജനോത്സവത്തിൽ ഉൾപ്പെടുത്തിയതോടെ വിദ്യാർത്ഥികൾക്കു സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യ നാടോടി നൃത്തം പഠിക്കുവാനും അവതരിപ്പിക്കുവാനും ക്രൈസ്തവ കലാസാംസ്കാരിക പൈതൃകവുമായിട്ട് ആഭിമുഖ്യം പുലർത്തുവാനും കഴിഞ്ഞു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും മാർഗംകളി പരിശീലിപ്പിക്കുന്നതിനും ആശാന്മാരെ ആവശ്യപ്പെട്ടുകൊണ്ടുള്ള അന്വേഷണം തുടരെത്തുടരെ വന്നപ്പോഴാണ് മാർഗംകളി ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്നതിനും അദ്ധ്യാപകന്മാർക്കു പരിശീലനം കൊടുക്കുവാൻ ഹാദ്മസായുടെ അക്കാഡമിക് ഫാക്കൽറ്റി

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തീരുമാനിച്ചു. അതനുസരിച്ച് 1985 ഏപ്രിൽ 8-ാം- മുതൽ 28-ാം- വരെ കോട്ടയം S H. മൗണ്ട് ഹൈസ്കൂളിൽവച്ച് അദ്ധ്യാപകർക്കുവേണ്ടി ഒരു പരിശീലന കോഴ്സ് നടത്തുകയുണ്ടായി. തിരുവനന്തപുരം, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽനിന്നും 24 അദ്ധ്യാപികാദ്ധ്യാപകർ കോഴ്സിൽ പങ്കെടുക്കുകയുണ്ടായി. ഇതു പ്രാഥമികമായ (ബേസിക്കു) കോഴ്സ് മാത്രമായിരുന്നു. തുടർന്നു അഡ്വാൻസ്കോഴ്സ് നടത്തിയതോടുകൂടി ആദ്യത്തെ ബാച്ച് അദ്ധ്യാപകർ പരിശീലനത്തിന്റെ രണ്ടാംഘട്ടം പൂർത്തിയാക്കി. കായികപരിശീലനം, സംഗീതം (തിയറിയും പ്രാക്ടിക്കലും) നൃത്തം (തിയറിയും പ്രാക്ടിക്കലും), കേരളത്തിലെ ഇതര ക്ലാസിക് നാടോടി കലാരൂപങ്ങൾ, സാംസ്ക്കാരികവും സാമുദായികവുമായ ചരിത്രം, ശൈലീവല്കരണം എന്നീ വിഷയങ്ങളെക്കുറിച്ച് ശ്രീ. ജോസ് ജെയിംസ് (കായികവിഭാഗം തലവൻ, ഗാന്ധിജി സർവകലാശാല), സിസ്റ്റർ ഏഞ്ചൽ S. J. C, ഡോ. ജേക്കബ് വെള്ളിയാൻ, സിസ്റ്റർ ലിയോ S. J. C, ശ്രീ. പി. ടി. ജോസഫ്, ശ്രീ. മരങ്ങാട്ടിൽ തൊമ്മൻ ലൂക്കാ, ശ്രീ. ജോസഫ് മേസ്ത്രാട്ട്, ഡോ. ചുമ്മാർ ചൂണ്ടൽ, റവ. ഡോ. ജേക്കബ് കൊല്ലാപറമ്പിൽ, ശ്രീ. പി. എം. ജോൺ എന്നിവർ ക്ലാസ്സുകളെടുക്കുകയുണ്ടായി. ഓരോ ദിവസവും രംഗകലകളെക്കുറിച്ചുള്ള ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ച് അവയെക്കുറിച്ചുള്ള ചർച്ചയുണ്ടായിരുന്നു. കോഴ്സിൽ പങ്കെടുത്ത അദ്ധ്യാപകരുടെ പ്രായോഗിക പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ ഡോ. ചുമ്മാർ ചൂണ്ടലും. ഡോ ജേക്കബ് വെള്ളിയാനും കൂടി എഡിറ്റ് ചെയ്ത മാർഗംകളിയുടെ ആട്ടപ്രകാരം (ഒന്നാംവാല്യം) പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രയോഗപരിശീലനം ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളിലേക്കു പകർത്തുകയുണ്ടായി. കോഴ്സിൽ പങ്കെടുത്ത അദ്ധ്യാപകർക്കു എഴുത്തുപരീക്ഷയും സംഗീതത്തിലും നൃത്തത്തിലും പ്രാക്റ്റിക്കൽ പരീക്ഷകളും നടത്തുകയുണ്ടായി. ഭൂരിഭാഗം അദ്ധ്യാപകരും പ്രശസ്തമായ വിജയം പരീക്ഷകളിൽ കരസ്ഥമാക്കിയെന്നുള്ളതു എടുത്തു പറയേണ്ടതാണു. നൂറ്റാണ്ടുകളായി തലമുറകളിലൂടെ പാടിയാടിവന്ന മാർഗംകളി എന്ന നൃത്തരൂപത്തിന്റെ പ്രാക്തനസ്വഭാവത്തേയും വ്യക്തിത്വത്തേയും ഒട്ടും പോറലേല്പിക്കാതെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു. പരിശീലനകോഴ്സിനു നേതൃത്വം നൽകിയതു ഡോ. ചുമ്മാർ ചൂണ്ടലും (ഡീൻ), ഡോ. ജേക്കബ് വെള്ളിയാനും (ഡയറക്ടർ) മായിരുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

1985 മെയ് 12–ാമതൽ 23–ാം തീയതി വരെ അഡ്വാൻസ് കോഴ്സ് കടുത്തുരുത്തി സെൻറ് മൈക്കിൾസ് സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. ബേസിക് കോഴ്സിൽ വിജയികളായ 13 അദ്ധ്യാപക വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുത്തത്. മാർഗംകളിയുടെ നൃത്തവിന്യാസം, സംഗീതം, വേഷം എന്നിവ ഉപരിപഠനത്തിനുള്ള ഐച്ഛികവിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. കൂടാതെ 13 മാർഗംകളി ആശാന്മാരുടെ ശീലും ശൈലിയും സവിശേഷമായി പഠനം നടത്തുവാൻ ഓരോരുത്തരേയും ഏല്പിക്കുകയുണ്ടായി. സർവ്വശ്രീ. വലിയപുത്തൻ പുരയ്ക്കൽ ചുമ്മാർ, മരങ്ങാട്ടിൽ തൊമ്മൻ ലൂക്കാ, വട്ടോത്തുപറമ്പിൽ ഉത്തുപ്പ്, പാലത്തടത്തിൽ ജോസഫ്, മണിലപ്പറമ്പിൽ കുരുവിള, കോട്ടൂർ കുഞ്ഞേപ്പ്, ജോസഫ് മേക്കാട്ട്, ഇടമന വർഗ്ഗീസ്, എബ്രാഹം അട്ടക്കഴി, കുര്യാള നട്ടാശ്ശേരി, ജോസഫ് മണിലപ്പുറത്ത്, കുരുവിള എറികാട്ടപറമ്പിൽ, എന്നിവരെ തിരഞ്ഞെടുത്തു. ഗാനഭൂഷണം സാബു സിറിയക്ക് സംഗീത സംവിധാനത്തിന് സഹായിച്ചു. മാർഗംകളി ആശാന്മാരുമായി സുദീർഘമായ സർഗസംവാദങ്ങളും നടത്തുകയും പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തുവെന്നത് ഈ കോഴ്സിന്റെ പ്രത്യേകതയാണ്.

പരിശീലന കോഴ്സിന്റെ 3–ാം ഘട്ടമായി പരിശീലനം നേടിയ അദ്ധ്യാപക വിദ്യാർത്ഥികളുടെ അരങ്ങേറ്റവും സർട്ടിഫിക്കറ്റ് വിതരണവും ജൂൺ 9ന് നടത്തുകയുണ്ടായി.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കണ്ണൂർ, ചങ്ങനാശ്ശേരി, ഭരണങ്ങാനം, കടുത്തുരുത്തി എന്നിവിടങ്ങളിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ആർട്ടിസ്റ്റ് സാബു മാർഗംകളിയുടെ ഓരോ പാദത്തിന്റെയും പദവിന്യാസത്തിന്റെ രേഖാ ചിത്രങ്ങളും ഡോ. ചുമ്മാർ ചൂണ്ടലും ഡോ. ജേക്കബ്ബ് വെള്ളിയാനംകുടി എഡിറ്റു ചെയ്ത ആട്ടപ്രകാരവും പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. നഗരപ്രാന്തത്തിൽ നിന്നു ഒഴിഞ്ഞുമാറി ഗ്രാമീണാന്തരീക്ഷത്തിൽ ഹാർട്ടസാസ്റ്റ് ശാശ്വതമായ ഒരു കേന്ദ്രം പണിയുന്നതിനുള്ള നിർദ്ദേശം – ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന സ്വാഗതാർഹമായ അഭിപ്രായം പൊതുവെ അംഗീകരിക്കുകയുണ്ടായി. വർഷം തോറും ഹാർട്ടസാ നൽകുന്ന അവാർഡുകൾക്കും ബഹുമതിപത്രത്തിനുംപുറമെ കാഷ് അവാർഡുകളും നൽകേണ്ടതാണെന്നും ഫാക്കൽറ്റിയോഗം ശുപാർശ ചെയ്യുകയുണ്ടായി.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഓഡിയോ ലൈബ്രറി

ഹാർമോണിയുടെ ഓഡിയോ ലൈബ്രറിയിൽ മാർഗംകളി ആശാന്മാരുടെ പാട്ടുകൾ, പള്ളിപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ പ്രശസ്ത കലാകാരന്മാരുടെ അഭിമുഖഭാഷണങ്ങൾ എന്നിവ ശബ്ദലേഖനം ചെയ്ത് സൂക്ഷിക്കുന്നുണ്ട്. കേരളത്തിലെ യഹൂദർ പാടിവരുന്ന നാടോടിപ്പാട്ടുകളുടെ സമ്പൂർണ്ണ ഗാനശേഖരം ജെറുസലേം ഹീബ്രു സർവകലാശാലയിൽ നിന്നും ഹാർമോണിയുടെ ലൈബ്രറിയ്ക്കു സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യഹൂദ പാരമ്പര്യ സംസ്കാരത്തിന്റെ വേരുകളന്വേഷിക്കുന്നതിനു ഈ ഗാനശേഖരം വിലപിടിച്ചതാണു.

പരിചമുട്ടുകളിയുടെ പണിപ്പുര

കേരളത്തിലെ ക്രിസ്ത്യാനികൾക്കിടയിൽ പ്രചുരപ്രചാരമുള്ള പരിചമുട്ടുകളി കലാകാരന്മാരുടേയും ആശാന്മാരുടേയും ഒരു പണിപ്പുര 1985 ജനുവരിയിൽ കോട്ടയം എസ്. എച്ച്. മൗണ്ടിലെ ചൈതന്യായിൽ വെച്ച് നടത്തുകയുണ്ടായി. വിവിധ ജില്ലകളിൽനിന്നായി അമ്പതോളം ആശാന്മാർ പണിപ്പുരയിൽ പങ്കെടുത്തു. അവരുടെ പാട്ടും കളിയും ശാസ്ത്രീയമായി ഡോ. ചുമ്മാർ ചുണ്ടലിന്റെ നേതൃത്വത്തിൽ ഡോക്യുമെന്റേഷൻ നടത്തുകയുണ്ടായി. പരിചമുട്ടുകളിയുടെ പരിശീലനത്തിനുവേണ്ടി ഒരു ഹ്രസ്വകാല കോഴ്സിന്റെ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പ്രസിദ്ധീകരണ വിഭാഗം

ഡോ. ജേക്കബ് വെള്ളിയാൻ എഡിറ്റു ചെയ്ത മാർഗംകളിപ്പാട്ട്, ഡോ. ചുമ്മാർ ചുണ്ടൽ രചിച്ച കുനാനായ ക്രിസ്ത്യാനികളുടെ സാമുദായികാചാരങ്ങൾ എന്നീ കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ക്രൈസ്തവ രംഗകലകളേയും, ക്രൈസ്തവ സാമൂഹ്യശാസ്ത്രം, നാടോടി വിജ്ഞാനീയം, ചരിത്രം, സാംസ്കാരികപഠനം എന്നീ മേഖലകളിൽ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു. കൂടാതെ ഇംഗ്ലീഷിൽ മാർഗംകളിയുടെ വിവിധ വശങ്ങളെക്കുറിച്ച് പണ്ഡിതന്മാരുടെ പ്രബന്ധങ്ങൾ സമാഹരിച്ച് ഒരു പ്രസിദ്ധീകരണത്തിന്റെ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഭാരതത്തിലെ–വിശിഷ്യ കേരളത്തിലെ ക്രൈസ്തവജനതയുടെ കലാ സാംസ്കാരിക പഠനങ്ങൾ വിരളമായതുകൊണ്ട് ഹാർമോണിയുടെ നേതൃത്വത്തിൽ ഉത്തമ ഗവേഷണ ഗ്രന്ഥങ്ങൾ വിരചിക്കുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർഗംകളി സർവ്വകലാശാലകളിൽ

1984–ൽ കേരള സർക്കാർ സ്ത്രീ യുവജനോത്സവത്തിലും, 1987–ൽ ഗാന്ധിജി സർവ്വകലാശാലയിലും വിദ്യാർത്ഥികളുടെ കലാമത്സരങ്ങളിൽ മാർഗംകളി ഉൾപ്പെടുത്തുകയുണ്ടായി. കേരളത്തിലെ മറ്റു സർവ്വകലാശാലകളിലും മാർഗംകളി മത്സര പരിപാടികളിൽ ഉൾക്കൊള്ളിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. ടി. എം. ജേക്കബിനോടും കേരള സർക്കാരിനോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ.

നാടോടിക്കലകളോടു യുവതലമുറയ്ക്കുള്ള ആഭിമുഖ്യവും താല്പര്യവും വളർന്നു വരുന്നുണ്ടെന്നു ഓരോവർഷത്തേയും മത്സരങ്ങൾ തെളിയിക്കുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഭാഗം ഒന്ന്

മാർഗം കളി

സാമാന്യ നിരീക്ഷണം

കേരളത്തിലെ ക്രിസ്ത്യാനികളുടെ കലാരൂപങ്ങളാണ് മാർഗംകളി, പരിചമുട്ടുകളി, വട്ടക്കളി, ചവിട്ടുനാടകം എന്നിവ. സുറിയാനി ക്രിസ്ത്യാനികളുടേതു മാത്രമായ ഒരു പ്രാചീന കലാരൂപമാണ് മാർഗംകളി. ഈ നാടോടിനൃത്തം പ്രചുരപ്രചാരം നേടിയിട്ടുള്ളതു ക്രൈസ്തവസമൂഹത്തിലെ കൂനാനായ ക്രിസ്ത്യാനികൾക്കിടയിലാണ്. മദ്ധ്യതിരുവിതാംകൂറിലെയും മലബാറിലെയും കൂനാനായ ക്രിസ്ത്യാനികൾ തങ്ങളുടെ കലാ സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിച്ചുപോരുന്നുണ്ട്. ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ പ്രമുഖനായ മാത്തോമ്മായുടെ ചരിത്രം പാടി കളിക്കുന്ന നൃത്തമാണിതു്. ക്രിസ്ത്യാനികളുടെ പള്ളിയോടനുബന്ധിച്ചുള്ള തിരുനാളാഘോഷങ്ങൾക്കും, വിവാഹത്തിനും മറ്റു പ്രത്യേകാവസരങ്ങളിലും മാർഗംകളി നടത്താറുണ്ട്.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

'മാർഗ'ത്തിന്റെ പൊരുൾ

മാർഗം എന്ന പദം ക്രിസ്തുമതത്തെ പ്രതിനിധാനം ചെയ്യുന്നു. അന്വേഷണം, വഴി, മതം എന്നർത്ഥത്തിൽ ബുദ്ധമതത്തിൽ മാർഗശബ്ദം പ്രചുരപ്രചാരം നേടിയിട്ടുള്ളതാണ്. നിർവാണത്തിനുവേണ്ടി ബുദ്ധൻ ഉപദേശിക്കുന്ന 'അഷ്ടമാർഗ' സന്ദേശം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. മാർഗശബ്ദത്തിന്റെ നിഷ്പത്തി പ്രാകൃതഭാഷയിൽ നിന്നാണ്. പിത്തീടു് പാലിഭാഷ (മഗ്ഗ)യിലേയ്ക്കു സംക്രമിച്ചു. ബൗദ്ധസിദ്ധാന്തങ്ങളെല്ലാം പാലിയിലാണല്ലോ എഴുതിയിട്ടുള്ളതു്. ഇന്ത്യയിൽ ക്രിസ്തുമതം കാലുകുത്തുന്നതിനു് നൂറ്റാണ്ടുകൾക്കു മുമ്പേ ആ പരിപാവനമായ ശബ്ദത്തിന്റെ പ്രാഭവം ഇന്ത്യൻജനതയിൽ വേരുന്നിയിട്ടുണ്ടായിരുന്നു. ബൗദ്ധ തത്വപ്പൊരുളിന്റെ ഓങ്കാരശബ്ദമായ മാർഗത്തിന്റെ പ്രചാരം ക്രിസ്തുമതത്തെ വളരെ കൂടുതലും, മുഹമ്മദീയമതത്തെ അല്പമായും ഭാഷയിൽ സ്വാധീനിച്ചിരിക്കാം. പക്ഷെ, ക്രൈസ്തവദർശനത്തിന്റെയും ഹീബ്രു–ഗ്രീക്കു് സാംസ്കാരിക പാരമ്പര്യത്തിന്റെയും തീ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്ഷ്ണമായ ആശയസംവേദനം മാർഗശബ്ദം ഉൾക്കൊള്ളുന്നതുകൊണ്ട് ഈ ക്രൈസ്തവ കലാരൂപത്തിനു് മാർഗംകളി എന്ന സംജ്ഞ തികച്ചും അനവദ്യവും സമുചിതവുമാണെന്നു് ചുമ്മാർ ചൂണ്ടൽ (മാർഗംകളി, പുറം 15– 16) അഭിപ്രായപ്പെടുന്നു. ''ഞാനാകുന്ന മാർഗവും, സത്യവും ജീവനും. ഞാൻ വഴിയല്ലാതെ ആരും പിതാവിന്റെ അടുക്കലെത്തുന്നില്ല'' എന്ന ബൈബിൾ വാക്യവും മാർഗശബ്ദത്തിന്റെ അകപ്പൊരുളിനെ വിശദമാക്കുന്നുണ്ടു്.

ഇതിവൃത്തം

മാർഗംകളിപ്പാട്ടിന്റെ പ്രതിപാദ്യം മാർത്തോമ്മായുടെ ഭാരതപര്യടനമാണു്. അതു് പതിനാലു് പാദങ്ങളിലായി വിരജിച്ചിരിക്കുന്നു.

വന്ദനഗാനം

മാർത്തോമ്മായുടെ ദേഹത്തിൽ ചാർത്തിയ വസ്ത്രവും അങ്കിയും മയിലിനോടൊത്ത ശരീരവും പിടിച്ചിരിക്കുന്നവടിയും കയ്യുംമെയ്യുമെല്ലാം എന്നന്നേയ്ക്കും വിരാജിച്ചുകൊണ്ടിരിക്കെ, നമ്മുടെ ജനതയെല്ലാം ഈ പാരിൽ നീണാൾ വാഴട്ടെ.

വിനാശകാലാഗമംകൊണ്ടു് അലഞ്ഞു തിരിയുന്ന നിന്റെ മക്കളെ നശിച്ചുപോകാതെ കാത്തു രക്ഷിക്കാനുള്ള കഴിവു് മാർത്തോമ്മായേ, അങ്ങു പറഞ്ഞുതരിക. മലമുകളിൽ നിന്നു നമ്മുതിരി അമ്പെയ്തിട്ടു മാറിയപ്പോൾ കാണപ്പെട്ടപോലെ തന്നെ മയിലിന്റെ പുറത്തു കയറിനിന്ന അങ്ങയുടെ ആ നിലു്പു് ഈ പന്തലിൽ ഞങ്ങൾക്കു കാണുമാറാകണം.

വിജാതീയരുടെ ഉപദ്രവം അസഹ്യമായപ്പോൾ വിശുദ്ധ തോമ്മാശ്ലീഹാ കൊല്ലത്തുനിന്നും മൈലാപ്പൂരിലേക്കു പോയി. അവിടെയും സ്വസ്ഥത കിട്ടാതായപ്പോൾ മൈലാപ്പൂർ വനാന്തരങ്ങളിൽ അദ്ദേഹം അഭയം തേടി. ഒരിക്കൽ മയിൽ വേട്ട നടത്തിക്കൊണ്ടിരുന്ന ഒരു കാട്ടുവേടൻ ഒരു പാറപ്പുറത്തു ഒരു പറവം മയിൽ പക്ഷികൾ ഇരിക്കുന്നതു കണ്ടു. നടുക്കു് ഒരു മനോഹരമായ മയിലും. ആ മയിലിനുനേരെ വേടൻ അമ്പെയ്തു. മുറിവേറ്റ ആ മയിൽ ആകാശത്തിലേയ്ക്കു പറന്നുയർന്നു. എങ്കിലും പെട്ടെന്നു് അതു് മനുഷ്യരൂപം പ്രാപിച്ച നിലം പതിച്ചു. ആ ദേശത്തെ ഭരണാധികാരി ചരമഗതിപ്രാപിച്ച മനുഷ്യനെ തിരിച്ചറിഞ്ഞു. ആ മനുഷ്യൻ മാർത്തോമ്മാ ആയിരുന്നു.

ഈ സൂചിത കഥ ഇവിടെ അനുസ്മരിക്കുക.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പട്ടം പഞ്ഞിപുടവയും പവിഴമാലയും മുത്തുമാലയും കൊണ്ടു് അലംകൃതമായ കളിപ്പന്തലിൽ മാർത്തോമ്മായുടെ സാന്നിദ്ധ്യമുണ്ടാകട്ടെ. അലങ്കരിക്കപ്പെട്ട ഈ പന്തലിൽ മാർത്തോമ്മാ വന്നു (നമുക്കേവർക്കും) അനുഗ്രഹമുണ്ടാകട്ടെ.

ഒന്നാം പാദം.

സർവ്വേശ്വരന്റെ തിരുമുമ്പാകെ നിന്നും മഹത്ത്വം. സ്നേഹത്താൽ ക്രിസ്തുമാഗ്ഗം വിളയുന്ന ഇസ്രായേലിൻ നാട്ടിൽ ത്രീയേകദൈവത്തിന്റെ കല്പനയനുസരിച്ചു് പണ്ടേ പള്ളി പണിയണമെന്നു് ആഗ്രഹിച്ച സ്ഥലത്തു് (ദാവീദുപണിയാൻ ആഗ്രഹിച്ച ദേവാലയമാണു് സോളമൻ പണികഴിപ്പിച്ചതു്.) (1രാജാക്കന്മാർ)ആദ്യമായി സോളമൻ നിർമ്മിച്ച കർത്തൃഭവനത്തെക്കുറിച്ചു് പറഞ്ഞു കേട്ടറിഞ്ഞ ചോഴമണ്ഡലാധിപൻ ചോഴപ്പെരുമാൻ–(ഗ്രണ്ടാഫോറസു് രാജാവു്) അതുപോലൊന്നു നിർമ്മിക്കണമെന്നു് തീരുമാനിച്ചു.

രണ്ടാം പാദം.

രമ്യഹർമ്മ്യം നിർമ്മിക്കണമെന്നു് തീരുമാനിച്ചുറച്ച ചോഴരാജൻ പെട്ടെന്നു് മന്ത്രിയായ ഹംബാനു് കല്പന കൊടുത്തു.

തേനും പാലുമൊഴുകുന്ന ഒരു നാടുണ്ടു്, ദൈവത്തിന്റെ നഗരമാണു് ആ നാടു്. അതിനെ വെല്ലാൻ വേറെ നാടില്ല. അതിനെ ദൈവത്തിന്റെ ആവാസ ഭൂമിയെന്നും പറയാം. തെക്കുവടക്കായി പശ്ചിമദിക്കു് സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഭൂവിഭാഗമാണതു്. അവിടെ നീ ചെന്നിട്ടു് ആകുലത വെടിഞ്ഞു് തച്ചന്മാരെ അന്വേഷിച്ചു നോക്കണം. കാണുന്നവർ അത്ഭുതപ്പെട്ടുപോകുമാറു് നീ വേണ്ടത്ര ദ്രവ്യവും കൈയ്യിൽകൊണ്ടു പോവുക. ചോഴപ്പെരുമാളിന്റെ പേരു് കണ്ടപ്പരശു്. അതിന്റെ ഗ്രീക്കു പേരാണു് ഗ്രണ്ടോഫോറസു്.

എന്നിങ്ങനെ പറഞ്ഞിട്ടു വേണ്ടത്ര കനകനാണ്യങ്ങളും കൊടുത്തു. പോകാനുള്ള വഴിയും പറഞ്ഞുകൊടുത്തു. അതുകേട്ട ആമ്പാൻ സാദരം വേണ്ടുന്നത്ര സന്നാഹങ്ങളുംകൂടി അടുപ്പിച്ചു ഒരാളേക്കൂടികൂട്ടി, അനന്തരം ഇരുവരുംകൂടി ആലോചിച്ചു് ഒരു നിമിഷംപോലും കളയാതെ വഴിയാത്ര പുറപ്പെട്ടു.

മൂന്നാം പാദം.

കരയും കടലുമൊരുപോലെ വഴിയാം വണ്ണം പരിപാലിക്കുന്ന ദേവാ നീയാണു് എനിക്കാശ്രയം. കരുണാസമുദ്രമേ, ഇക്കാര്യത്തേപ്പോലുള്ളി കടനകടലിൽ നീപതിച്ചിരിക്കുന്നെ എന്നെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കരകയറണം. ഇപ്രകാരം പ്രാർത്ഥിച്ചു സ്തുതിച്ചിട്ട് ആമ്പാൻ കപ്പലിൽ കയറി. കാറിനേറയും ചുഴലികാറിനേറയും ഉപദ്രവമേൽക്കാതെ കര ചേർന്നു സഞ്ചരിച്ചു് താൻ അഭിലഷിച്ച നാട്ടിൽ ആമ്പാൻ ചെന്നുചേർന്നു. അവിടെ തച്ചന്മാരെ അന്വേഷിച്ചു കണ്ടുപിടിക്കുന്നിനുള്ള വഴി ചോദിച്ചുകേട്ട മുക്തരായ കൂട്ടാളികളോട് ചേർന്നു ജറൂസലേമിൽ പ്രവേശിച്ചു. അവിടെ അവർ നടന്നുഴലുമ്പോൾ കർത്താവു് തെളിഞ്ഞു പ്രത്യക്ഷപ്പെട്ടു.

നാലാം പാദം

ചാരമെവിടെ നിന്നാണെന്നും തങ്ങൾ ആരാണെന്നും ആചാരവിധികളും എന്തെന്നും അതിനുള്ളമുതൽ ഏതെന്നും അതിനുള്ളകാരണമെന്തെന്നും അവർ അറിയിച്ചപ്പോൾ ചോഴരാജാവിന്റെ കല്പനയനുസരിച്ചു് അന്യൂനമായ പണികളും നടത്തിത്തരാൻ കെല്പുള്ള ഒരു നല്ല ശില്പിയെ കാണാൻ ഞങ്ങൾ ഇവിടെ വന്നുചേർന്നു. ആർക്കാണ് ഇതിനു കഴിവു് ഉള്ളതെന്നു അരുൾ ചെയ്യുക.

അതിനു എതു വഴിയാണു് പോകേണ്ടതെന്നും ഈ കഴിവു കൾക്കു ഹേതുഭൂതനായിട്ടുള്ളവൻ ആരെന്നും സ്വയം ഭൂവായ ശില്പിമാൻ ഏതു ദിക്കിലാണെന്നും അവർ ചോദിച്ചു, അപ്പോൾ കർത്താവു അവർക്കു ആനന്ദസന്ദായകമായ വൃത്താന്തം പറഞ്ഞു.

ഈ സ്ഥലത്തു നിന്നു് അരനാഴികയ്ക്കുള്ളിൽ ഞാൻ ഒരു ശിൽപ്പിയെ നൽകാം.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അഞ്ചാം പാദം.

കല്ലും മരവും, കനകവും വെള്ളിയും ചെമ്പും ഇരുമ്പും എന്നുവേണ്ട ഏതു പദാർത്ഥങ്ങൾ കൊണ്ടും മനസ്സിനിണങ്ങുന്നമട്ടിൽ വേണ്ടപണികളും മഹത്തരമായി ചെയ്യുന്ന ഈ തച്ചനു് തുല്യനായി മറെറാരു തച്ചനില്ല. അവൻ ചെയ്യുന്ന പണികൾക്കു അഴകിനു ഒരു മങ്ങലുമുണ്ടായിരിക്കുകയില്ല.

ഇപ്രകാരം സാഭീഷ്ടമനുസരിച്ചുള്ള ഉത്തരം അവരോടു കർത്താവു അരുൾചെയ്യുമ്പോൾ സന്തുഷ്ടരായ വാനാരൂപികളും നേരായ വഴിയിലൂടെ ഏദേസ്സായിൽ എത്തിച്ചേർന്നു. തങ്ങൾക്കു ഇന്നു തന്നെയായിട്ടുള്ളവനെ എടുത്തുകൊണ്ടു് ആകാശമാർഗ്ഗേണ വാനദൂതന്മാർ ആ വഴി വന്നുചേർന്നു. അങ്ങനെ തച്ചനെന്നു് തോന്നിക്കും വിധം അരനാഴികയ്ക്കു മുൻപേ ഈ വിശ്വത്തെ ഇടം കൈത്തലത്തിലേന്തിയ വിധികർത്താവായ യേശുവിന്റെ സന്നിധിയിൽ തോമ്മാവന്നുനിന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർത്തോമ്മായുടെ അങ്കിയും മയിലിനോടൊത്ത ശരീരവും പിടിച്ചിരിക്കുന്നവടിയും കയ്യും മെയ്യുമെല്ലാം എന്നേയ്ക്കും വിരാജിച്ചുകൊണ്ടിരിക്കെ നമ്മുടെ ജനങ്ങളെല്ലാം ഇപ്പാരിൽ നീണാൾ വഴെട്ടെ.

ആറാം പാദം

താൻ ആഗ്രഹിച്ചവന്ന വിദ്ധ്വ തച്ചനെ കണ്ടതിൽ ആത്മനിർവ്വൃതികൊണ്ട ആവാൻ നാഥനോട്ട് യാത്രാനുവാദം ചോദിക്കുകയും ക്രിസ്തുനാഥൻ തോമ്മാസ്ലീ യാത്രാ സന്ദേശം നൽകുകയും ചെയ്യുന്നു. അപ്പോൾ തോമ്മാ താൻ അഭീമുഖീകരിക്കാൻ പോകുന്ന പ്രതിബന്ധങ്ങൾ ഓർത്തു വിലപിക്കുന്നു.

ഏഴാം പാദം

ഹിന്ദുനാട്ടിലെ തകർന്ന കുടുംബബന്ധങ്ങളും അനാചാരങ്ങളും മറ്റു ബുദ്ധിമുട്ടുകളും വിവരിച്ചുകൊണ്ട്, സുവിശേഷ പ്രഘോഷണത്തിനു് മറ്റു പ്രദേശങ്ങളിലേക്കു് രണ്ടു പേരെ വീതം അയച്ച നാഥൻ തന്നെ മാത്രം ഏകനായി വിടുന്നതിൽ തോമ്മാ പരിവേം പ്രകടിപ്പിക്കുന്നു.

എട്ടാം പാദം

ഹിന്ദുനാട്ടിലും മനുഷ്യരും മൃഗങ്ങളും ഉണ്ട് എന്നു് ഓർമ്മിപ്പിച്ചിട്ട് ''നീ ഏകനല്ല, ഞാൻ നിന്നോട്ട കൂടിയുണ്ട്'' എന്നു് നാഥൻ തോമ്മാസ്ലീ ഉറപ്പു നൽകി ആശ്വസിപ്പിച്ചശേഷം ആവാനുമായി വാക്കുറപ്പിച്ചു് ചിറ്റെഴുതി ഒരു വലിയ തുക പ്രതിഫലമായി വാങ്ങി തോമ്മായെ വിൽക്കുന്നു: തുക തോമ്മായെ ഏൽപ്പിക്കുന്നു. ചോഴരാജ സന്നിധിയിലെത്തിയ തോമ്മാ വരച്ച കൊട്ടാരത്തിന്റെ സുന്ദരമായ രൂപകല്പന കണ്ട് അത്ഭുതസ്തബ്ധനായ രാജാവു് കൊട്ടാര നിർമ്മാണത്തിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്യാൻ ആവാനോട്ട് ആജ്ഞാപിക്കുന്നു. എന്നാൽ അക്കാര്യത്തിൽ ആരും ഇടപെടേണ്ടെന്നും ആവശ്യമായ ഉപകരണങ്ങളുമായി താൻ ഒരു വർഷത്തിനകം തിരികെ വരാമെന്നും പറഞ്ഞു് ധനം മുഴുവൻ പാവപ്പെട്ടവർക്കു് ദാനം ചെയ്തു് തോമ്മാ യാത്ര പുറപ്പെടുന്നു.

ഒൻപതാം പാദം

തോമ്മാ മാർഗം (സുവിശേഷം) അറിയിച്ചു നടക്കുന്നതിനിടയിൽ യഹൂദ പ്രമാണിയായ പോളിന്റെ മകളുടെ വിവാഹത്തിൽ സംബന്ധിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തതിൽ കോപിഷ്ടനായ ഒരാൾ തോമ്മായുടെ കരണത്തടിച്ചു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ച്ചയുടൻ ഒരു കടുവാ അയാളുടെ കയ്യ് കടിച്ചു പറിച്ചുകൊണ്ട് ഓടുകയും, ഒരു നായ് ആ കയ്യ് തിരികെ കൊണ്ടുവന്നതു് തോമ്മ കൂട്ടിയോജിപ്പിച്ചതു കണ്ട് ധാരാളമാളുകളും മാനസാന്തരപ്പെട്ടു. തോമ്മാ പിന്നീടു് കേരളത്തിൽ ഏഴു പള്ളികളും സ്ഥാപിച്ചു. തോമ്മായെ കാത്തിരുന്ന മടുത്ത രാജാവു് ആളയച്ചു് തോമ്മായെ വരുത്തി കൊട്ടാരം ഉടനടിതീർക്കുവാൻ ആജ്ഞാപിച്ചപ്പോൾ അതിസുന്ദരമായ ഒരു കൊട്ടാരം രാജാവിനായി സ്വർഗ്ഗത്തിൽ നിർമ്മിച്ചിട്ടുണ്ടെന്നു് തോമ്മാ മറുപടി പറഞ്ഞു. രോഷം പൂണ്ട രാജാവു് തോമ്മാശ്ലീഹായേയും ആവാനേയും ജയിലിലടയ്ക്കുന്നു.

പത്താം പാദം

നിരാശനായ രാജാവു് രാജ്യഭരണം ഏറെറടുക്കാൻ സഹോദരനെ ക്ഷണിച്ചപ്പോൾ അയാൾ ഹൃദയവ്യഥയാൽ മരിക്കുന്നു. മാലാഖമാർ അയാളുടെ ആത്മാവിനെ സ്വർഗ്ഗത്തിലേയ്ക്കു് ആനയിച്ചപ്പോൾ ചോഴരാജാവിന്റെ നാമം വഹിക്കുന്ന അതിമനോഹരമായ മന്ദിരം അയാൾ അവിടെ കാണുന്നു.

പതിനൊന്നാം പാദം

മരണമടഞ്ഞ രാജ സഹോദരൻ ചിതയിൽ വയ്ക്കപ്പെടുന്നതിനു മുമ്പു് ഉണർന്നെഴുന്നേറുവന്നു് രാജാവിനെ ആലിംഗനം ചെയ്യുകയും സ്വർഗ്ഗത്തിൽ താൻ കണ്ട അലൗകിക ദൃശ്യങ്ങളും വിവരിക്കുകയും ചെയ്തപ്പോൾ പശ്ചാത്താപവിവശനായ രാജാവു് തോമ്മായുടെ മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്തു് ക്ഷമ ചോദിക്കുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പന്ത്രണ്ടാം പാദം

സംഭവിച്ചതു മുഴുവൻ അറിയാതിരുന്ന ജനങ്ങളും രാജാവിനെ വഞ്ചിച്ച തച്ചനെ എങ്ങനെ ശിക്ഷിക്കണമെന്നു് ചർച്ച ചെയ്യുന്നതിനിടയിൽ തോമ്മാ ശാന്തനായി രാജ കുടുംബാംഗങ്ങളോടു് ദൈവവചനം പ്രസംഗിക്കുകയും രാജാവും സഹോദരനും ആവാനും മറ്റു് ധാരാളമാളുകളും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു.

പതിമൂന്നാം പാദം

അത്ഭുതാവഹമായ വേഗത്തിൽ ധാരാളം മാനസാന്തരം നടത്തിയ തോമ്മായോടു് എബ്രാന്മാർക്കു് കോപമുണ്ടാകുകയും ഒരു മതഭ്രാന്തൻ തോമ്മായെ കുന്തംകൊണ്ടു് കുത്തി കൊലപ്പെടുത്തുകയും ചെയ്തു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പതിന്നാലാം പാദം

ദൈവതിരുമനസ്സാൽ മാലാഖാമാർ വി. തോമ്മായെ ചിന്നമലയിലേയ്ക്കു് മാററുകയും അദ്ദേഹത്തിൻെറ ആത്മാവു് ദൈവസന്നിധിയിലേയ്ക്കു് ആവഹിക്കപ്പെടുകയും ചെയ്തു.

സംഗീതം

ഗീതം, വാദ്യം, നൃത്തം എന്നീ കലകളുടെ അടിസ്ഥാന ഘടകങ്ങളാണു് താളം. കാലയളവിനെ കൃത്യമായും, ക്രമമായും കണക്കാക്കാൻ ഉപയോഗിക്കുന്ന ഒരു പ്രവൃത്തി വിശേഷമാണു് താളം. അതിസൂഷ്മമായ കാലയളവിനെ അടിസ്ഥാനമാക്കിക്കൊണ്ടാണു് താളം രൂപവല്കരിച്ചിരിക്കുന്നതു്. ഏററവുമധികം താള വൈവിദ്ധ്യങ്ങൾ ഉള്ളതു് ദക്ഷിണേന്ത്യൻ സംഗീതത്തിലാണു്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും താളാത്മകമായിട്ടാണു് ചലിക്കുന്നതു്. ഇങ്ങനെ ഏതു രംഗത്തും താളം അത്യന്താപേക്ഷിതമായ ഒരു ഘടകമാണു്. മാർഗംകളിയുടെ സംഗീതത്തെക്കുറിച്ചു് അപഗ്രഥിക്കുന്ന ഈ അവസരത്തിൽ പാട്ടുകളുടെ സ്വഭാവം അതിൻെറ ഉത്ഭവസ്ഥാനമായ സുറിയാനിപ്പാട്ടുകളുടെ തന്നെ രാഗവും താളവും ഉൾപെടുന്ന ഒന്നാണെന്നു് മനസ്സിലാക്കാം.

സുറിയാനി ഗാനരീതികളും മാർഗംകളി പാട്ടുകളും

മാർഗംകളിയുടെ സംഗീതം കലാകാരന്മാരുടെ സാമുദായിക പാരമ്പര്യവുമായി ബന്ധപ്പെട്ടു് വളർന്നു വന്നതായി കാണാം. കേരളത്തിലെ ക്രൈസ്തവ ജനത പ്രത്യേകിച്ചു് ക്നാനായ ക്രിസ്ത്യാനികൾ അവരുടെ ദേവാലയാനുഷ്ഠാനങ്ങളിലും സാമൂഹ്യാചാരങ്ങളിലും മററു സുറിയാനി യഹൂദപാരമ്പര്യം നിലനിർത്തി പോരുന്നുണ്ടു്. അവരുടെ സമൂഹനൃത്തത്തിലും സംഗീതത്തിലും സുറിയാനി സംഗീത പാരമ്പര്യം പ്രകടമായിക്കാണുന്നുണ്ടെന്നുള്ളതു് ശ്രദ്ധേയമായ വസ്തുതയാണു്. മൂന്നു തരത്തിലുള്ള ഗാനാലാപന ശൈലികളുണ്ടു്. (ഒന്നു്) നീട്ടിപാടുന്നതു് (രണ്ടു്) കുറുക്കിപാടുന്നതു് (മൂന്നു്) നീട്ടിയും കുറുക്കിയും പാടുന്നതു്. സുറിയാനി സംഗീതത്തിൻെറ ശാസ്ത്രീയ ശൈലിയോ പരിശീലനമോ മാർഗംകളിപാട്ടുകാർക്കു് ആരും പറഞ്ഞുകൊടുക്കുകയോ പഠിപ്പിക്കുകയോ ചെയ്തിരുന്നില്ല. അവരുടെ ആരാധനാലയങ്ങളിൽ പുരോഹിതന്മാർ പാടിയിട്ടുള്ള ഗാനാലാപശൈലി, പ്രത്യേകിച്ചു് കുർബ്ബാനയ്ക്കുപയോഗിച്ചിരുന്നതു് കളിയാശാന്മാർ ഏറെക്കുറെ പൂർണമായിത്തന്നെ അനുകരിച്ചു മാർഗംകളിയിലൂടെ പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കാർയ്യം എടുത്തുപറയേണ്ടതാണു്. അവരുടെ ജീവിത സാഹചര്യങ്ങളും കർണാടക സംഗീതവുമായിട്ടു് ആഭിമുഖ്യം പുലർത്താവുന്നതായിരുന്നില്ല.

ദ്രാവിഡ താളരീതികളുംക്കൊള്ളുന്ന മാർഗംകളിപ്പാട്ടുകളും ക്കു പ്രാക്തനപ്രാഭവം പ്രദാനം ചെയ്യുന്നതു് അവയുടെ സുറിയാനി രാഗങ്ങളാണു്. സുറിയാനിപ്പാട്ടുകളും വളരെ സങ്കീർണ്ണമായ രാഗങ്ങളും 'നോട്ട'കളിലാക്കാതെ പരമ്പരാഗതമായി 'ശ്രുതി' മാർഗ്ഗേണ കൈമാറി വന്നതിനാൽ പാടിപാടി ഹൃദിസ്ഥമാക്കുകയായിരുന്നു പതിവു്. ഈ പരമ്പരാഗതമായ കൈമാറ്റത്തിൽ ഓരോ ഗായകനും സ്വന്തം കഴിവും മിഴിവും വ്യക്തമാക്കാൻ വളരെ സാദ്ധ്യതകളുണ്ടായിരുന്നു. പാശ്ചാത്യ സംഗീത രീതിയിൽനിന്നു വ്യത്യസ്തമായി കർണ്ണാടകസംഗീതംപോലെ തന്നെ, പൊതുവായ രാഗത്തിനുള്ളിൽനിന്നുതന്നെ ആലപനം ഭംഗിയാക്കാനുള്ള ശ്രമം സ്വീകാര്യമായതിനാൽ ഓരോ ഗായകന്റെയും ഗാനരീതിയിൽ വൈവിധ്യം കടന്നു വന്നു. സുറിയാനിരാഗം അടിസ്ഥാനമായിട്ടുള്ള മാർഗംകളിപ്പാട്ടുകളിലും ഇതു് ശരിയാണു്.

സുറിയാനിപാട്ടുകളിൽ ചുരുക്കം ചിലതുമാത്രം താളാത്മകമല്ല; ഉദാ:—കർബാനയുടെ[1] ആരംഭത്തിൽ പാടാറുള്ള 'പുഖ്ദാനകോൻ. അതേ ശൈലിയാണു് 'തമ്പുരാൻ—ആൽ മുമ്പാകെ—കെ' എന്നിങ്ങനെ പാടുന്ന ഒന്നാം പാദത്തിന്റെ പ്രാരംഭത്തിലെ രണ്ടു വരികളും. അവസ്സശേഷം 'ഇത—തെയ—തെയ' എന്നു തുടങ്ങി താളം വളരെ സുന്ദരമായും വ്യക്തമായും കാണാം.

സമൂഹാലപന രീതിയാണു് സുറിയാനിപ്പാട്ടുകളുടെ പൊതുപ്രകൃതിയായി കാണുക. സുറിയാനി ഗാനങ്ങളിൽ വ്യക്തമായി 15 രാഗങ്ങളും (tunes)ഉള്ളതായി പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കാറുണ്ടു്.

ബാവൂസാ (യാചനകളും) എന്ന പേരിൽ അറിയപ്പെടുന്ന ഗാനങ്ങളും എട്ടു മാത്രകളുള്ള നാലുവരികളും ഉൾക്കൊള്ളുന്നു. സാറൂഗിലെ ജയിക്കബു് (A D 451–521), അലേപ്പോയിലെ വിശുദ്ധ ബാലേ (4—ാം നൂറ്റാണ്ടു്) വിശുദ്ധ അപ്രേം (306–373) തുടങ്ങിയവരാണു് ഇതിന്റെ കർത്താക്കളും എന്നു പറയ

(1) ക്രൈസ്തവരുടെ ആരാധനാസമുദായത്തിലെ മുഖ്യഅനുഷ്ഠാനകർമ്മം, ദിവ്യബലി എന്നു പറയും.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പ്പെടുന്നു. ഇതുപോലെ മദ്റാശാ (പ്രബോധനം, സംവാദം) ഖാലാ (ശബ്ദം–രീതി), സോഗീസാ (സംഭാഷണം) എനിയോനാ (പ്രത്യുത്തരം) ഇവയിലെ ആലാപനരീതികളും സൂചിപ്പിക്കുന്നു. ഇവയിൽ ചിലവയുടെ സ്വാധീനം ഗ്രീക്കു് ഗാനാലാപനസംവിധാനത്തെ സ്വാധീനിച്ചിട്ടുണ്ടു്. (ഉദാ: മദ്റാശായും ഗ്രീക്കു് കെൻറക്കിയായും).

ഭാരതത്തിലും മദ്ധ്യ പൂവ്വദേശങ്ങളിലും സുറിയാനി പാട്ടുകളും ദൈവാലയത്തിൽ ആലപിക്കുന്നതു് പ്രത്യേക രീതിയിലാണു്. ഗാനാലാപത്തിനു വിശുദ്ധ സ്ഥല (മദ്ബഹാ)ത്തിനുള്ളിൽ ഇരുവശങ്ങളിലായി നിൽക്കുന്ന ഒരു കൂട്ടം ഗായകസംഘവും അതിനു പുറത്തു ബേമാ എന്ന പേരുള്ള പീഠത്തിൽ നിൽക്കുന്ന മറെറാരു ഗായകസംഘവുമുണ്ടാകും. ഇരു കൂട്ടരും പാദങ്ങളും മാറിമാറി പാടുകയോ, ഒരു കൂട്ടർക്കു് പ്രത്യുത്തരമായി മറേറ കൂട്ടർ ഒരു പാദം ആവർത്തിക്കുകയോ, ഒരാളും പാടിക്കൊടുത്തിട്ടു് എല്ലാവരും കൂടി ആവർത്തിക്കുകയോ ചെയ്യാറുണ്ടു്. ഈ രീതി മാർഗംകളിയിൽ കാണാവുന്നതാണു്.

ദ്രാവിഡ സംഗീതത്തിനേറയും നാടോടി സംഗീതത്തിനേറയും സ്വാധീനം ഇതിൽ പ്രകടമായി കാണാം. മാർഗംകളിയ്ക്കു് ഉപയോഗിക്കുന്ന കവിത്തങ്ങളും കേരളത്തിലെ ഇതര നാടോടി ശാസ്ത്രീയ നൃത്തങ്ങളിലും കാണുന്നുണ്ടു്. മാർഗ്ഗംകളിയുടെ സംഗീതം ഉപരിഗവേഷണത്തിനു് വകയുള്ള ഒന്നാണു്. സുറിയാനി സംഗീതം കേരളത്തിലെ ക്രിസ്ത്യാനികളുടെ മതപരവും സാമൂഹികവുമായ ജീവിതത്തിൽ ഇഴുകി ചേർന്നിട്ടുള്ളതാണു്. ആരാധന സംഗീതത്തിൻെറ ഭാഗമായി പ്രചരിച്ചുവന്ന സംഗീത പാരമ്പര്യം മാർഗംകളി പാട്ടിൽ നിഴലിച്ചിട്ടുണ്ടു്. മാർഗ്ഗംകളിയിൽ താളവാദ്യങ്ങളും ഒന്നും തന്നെ ഉണ്ടായിരുന്നില്ല. നൃത്താവതരണത്തിനുവേണ്ടി ജാലം ഉപയോഗിയ്ക്കുവാൻ തുടങ്ങിയതു് 1984 മുതല്ക്കാണു്.

സുറിയാനി സംഗീതവും കർണാടക സംഗീതവും തമ്മിലിണക്കിക്കൊണ്ടുള്ള ഒരു സംഗീത ശൈലിയാണിവിടെ യഥാർത്ഥത്തിൽ മാർഗംകളിയുടെ ആധുനികമുഖമെന്നു പറയാം. സുറിയാനി സംഗീതത്തിൻെറ പഠനപരിശീലന പരിമിതികളും, ജനതയുടെ ശാസ്ത്രീയസംഗീതാഭിമുഖ്യവും കണക്കിലെടുത്തുകൊണ്ടു് സംഗീതപാരമ്പര്യത്തിനു മുറിവേല്പിക്കാതെ, കർണാടക സംഗീതശൈലിയിലാണു പാട്ടു് ചിട്ടപ്പെടുത്തിയിട്ടുള്ളതു് ഈ പരീക്ഷണം പൂർണമായി വിജയിച്ചുവെന്നു അവകാശപ്പെടുന്നില്ല. പ്രയോഗസാദ്ധ്യതയും ആധുനിക ജനതയുടെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സംഗീതാഭിരുചിയും മറ്റും പുതിയ അന്വേഷണത്തിന മാന ദണ്ഡങ്ങളായിരുന്നു. അക്ഷരകാലങ്ങളം, കർണാടക സംഗീത ത്തിന്റെ താളത്തിലാക്കിയാലും ആലാപന ശൈലി, സ്വര മാധുരി–സുറിയാനിസംഗീതത്തിന്റേതുതന്നെയാണു്. പഴയ തലമുറക്കാർ മാർഗംകളിപ്പാട്ടു് പാടുന്നതും, ആധുനിക വിദ്യാ ഭ്യാസം നേടിയ കളിക്കാർ പാടുന്നതും രണ്ടു തലങ്ങളിലായി അനുഭവപ്പെട്ടേക്കാം; അതവരുടെ സാംസ്ക്കാരിക പശ്ചാത്ത ലങ്ങളുടെ സവിശേഷതകളാണു്. സുറിയാനി സംഗീതത്ത നിമ പാട്ടുകളിൽ മുഴങ്ങുന്നതു കേൾക്കാം. പ്രായോഗിക സൗ കര്യത്തിനു വേണ്ടി മാത്രം ശാസ്ത്രീയ സംഗീതത്തിന്റെ താള വട്ടങ്ങളം ഏറെക്കുറെ സമാനമായിക്കാണുന്നതു് ഇവിടെ പേ ത്തിട്ടുണ്ടു്.

മിശ്രചാപ്പു് (വന്ദനഗാനം, ഏഴു്)
ആദിതാളം (ഒന്നു്, മൂന്നു്, നാലു്, അഞ്ചു്, ആറു്, പതിനൊ ന്നു്, പന്ത്രണ്ടു്, പതിമൂന്നു്, പതിനാലു്)
രൂപകം (രണ്ടു്, ഒമ്പതു്)
ഏകതാളം – ചതുരശ്രജാതി (എട്ടു്, പത്തു്)

ഭാഷയും വൃത്തവിചാരവും

തമിഴു് ഭാഷയിലെ 'ചിന്തു'കളുടെ രചനാശൈലിയാണു് മാർഗംകളിപ്പാട്ടിൽ പ്രകടമായിക്കാണുന്നതു്. 'മെയ്ക്കണി ന്ത' എന്നു തുടങ്ങുന്ന വന്ദനപാദം പോർച്ചുഗീസുകാരുടെ വര വിനുമുമ്പും, ബാക്കിഭാഗങ്ങളം അതിനുശേഷവുമാണു് രചിച്ചി ട്ടുള്ളതെന്നു് ഉള്ളൂർ അഭിപ്രായപ്പെടുന്നു.

മാർഗംകളിപ്പാട്ടിന്റെ ഈരടികൾക്കു് വൃത്തബന്ധം കാ ണാം; അതിലേറെ വൃത്തരഹിതമായ താള മട്ടങ്ങളം. ഒന്നാം പാദത്തിലെ ഈരടികളം പല രീതികളിലാണു് രചിച്ചിട്ടുള്ള തു്. രണ്ടാംപാദം ഊനകാകളിയാണെങ്കിൽ, മൂന്നാം പാദം കാകളിവൃത്തത്തിലാണു്. പൂർണമായി ദ്രാവിഡവൃത്തങ്ങളുടെ ഗണമൊപ്പിച്ചു് വൃത്തങ്ങളെ വേർതിരിച്ചു് കാണിക്കാൻ വിഷ മമുണ്ടു്. സംഗീതത്തിനു്, പ്രത്യേകിച്ചു് പൗരസ്ത്യ ഗാനാലാ പനശൈലിക്കു്, പ്രാധാന്യംകൊടുത്ത രചനയിൽ വൃത്തമാചാ രചിന്തയുത്ര പ്രസക്തിയില്ലെന്നു പറയാം. കർത്തൃത്വം അക്ക മിട്ടു പറയാൻ കഴിയാത്ത നാടോടിപ്പാട്ടുകളുടെ രചനകളം ഒട്ട മുക്കാലും പണ്ഡിതവർഗത്തിന്റേതാകണമെന്നില്ലല്ലോ. താളാ ത്മകമായി പാടാനും ആടാനുമുള്ള തമിഴ്ചിന്തുകളുടെ കാലഘ ട്ടത്തെയാണു് മാർഗംകളിപ്പാട്ടു് ഓർമ്മിപ്പിക്കുന്നതു്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർഗംകളിപ്പാട്ടിന്റെ രചനാശൈലിയിൽത്തന്നെ പള്ളിച്ചിന്തും മറുപാട്ടുകളും പ്രചാരത്തിലുണ്ട്. വട്ടക്കളിപ്പാട്ടുകളും കല്യാണപ്പാട്ടുകളും അതിനുദാഹരണങ്ങളാണ്.

17–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കല്ലിശ്ശേരിക്കാരനായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ എന്ന ക്നാനായ കത്തനാർ മാർഗംകളിയുടെ പരിഷ്കർത്താവാണെന്ന് പി. ജെ. തോമസും (കേരളത്തിലെ ക്രിസ്ത്യാനിസാഹിത്യം പുറം 53–56) ടി. എം. ചുമ്മാരും (പദ്യസാഹിത്യചരിത്രം, പുറം 96–98) അഭിപ്രായപ്പെടുന്നുണ്ട്.

വേഷവും ആടയാഭരണങ്ങളും

മാർഗംകളി പുരുഷന്മാർ മാത്രം കളിച്ചിരുന്ന നൃത്തമായിരുന്നുവല്ലോ. അവരുടെ വേഷം ലളിതമായിരുന്നു. കസവ് മുണ്ടുടുത്തു് തലയിൽ കസവ് മുണ്ടുകൊണ്ട് 'ഞെട്ടും വാലുമിട്ട്'' തലയിൽ കെട്ടി നൃത്തം ചെയ്യുന്നു. അരയിൽ ചുവന്ന പട്ട് കെട്ടിയിരിക്കും. ഈ വേഷസമ്പ്രദായം കേരളത്തിലെ ഒട്ടനവധി നാടോടി നൃത്തങ്ങളിൽ കാണാം. പൂരക്കളി, ഐവർകളി, കണ്ണിയാർകളി എന്നിവയിൽ മാർഗംകളിയിലെ തലേക്കെട്ടിന്റെ ശൈലിയുടെ പ്രത്യേകതയുണ്ട്. ക്നാനായ ക്രിസ്ത്യാനികളുടെ പാരമ്പര്യ സ്വഭാവം അവലംബിച്ചുള്ള ഞെട്ടും വാലുമിട്ട രീതിയാണത്. ആടയാഭരണങ്ങളൊന്നുംതന്നെ പുരുഷന്മാർ ഉപയോഗിക്കാറില്ല.

1984 മുതൽ സ്ത്രീ യുവജനോത്സവത്തിൽ മാർഗംകളി അവതരിപ്പിക്കുവാൻ തുടങ്ങിയതോടെ പെൺകുട്ടികളും ഈ കളിയരങ്ങത്തേയ്ക്ക് കടന്നുവന്നു. പുരുഷന്മാർ മാത്രം പാടികളിച്ചിരുന്ന മാർഗംകളി പെൺകുട്ടികളും അഭ്യസിക്കുവാൻ തുടങ്ങിയതോടെ ക്രൈസ്തവ ജാത്യാചാരപ്രകാരവും സാമുദായിക ശാസ്ത്രീടിസ്ഥാനത്തിലുള്ള ആടയാഭരണങ്ങളും വസ്ത്രധാരണരീതിയും വേണമെന്ന് മാർഗംകളി ആശാന്മാർ അഭിപ്രായപ്പെടുകയുണ്ടായി.

1 മെയ്ക്കെട്ട് (മായ്ക്കെട്ട്)

തലമുടി പിന്നിയിടാതെ മുടിയൊന്നിച്ചെടുത്തു് പൊക്കക്കെട്ടുന്ന രീതി. തലമുടിക്കെട്ടിൽ മറ്റു അലങ്കാരങ്ങളൊന്നും വേണമെന്നില്ല. 'കുന്താലഴിച്ച തലമുടി കോതിയൊതിക്കെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്കെട്ടി' എന്നീ വരിയിൽ ക്രിസ്ത്യാനി പെണ്ണുങ്ങളുടെ തലയിലെ മുടിക്കെട്ടിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ഉച്ചിപ്പൂവ്, നെററിപ്പട്ടം, കച്ചപ്പുറം, പതക്കം, കൈത്തള, കാൽത്തള എന്നിവ മധ്യപൗരസ്ത്യദേശത്തിലെ സ്ത്രീകളുടെ ആഭരണങ്ങളാണ്. മാറ് മറച്ചിരുന്നത് കുപ്പായം കൊണ്ടോ, മാർക്കച്ചകൊണ്ടോ ആയിരിക്കണം. കുപ്പായത്തിൻെറ പൂർണ്ണ രീതിയിലല്ലെങ്കിലും ചട്ടയും ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നു. ക്നാനായ സമുദായത്തിലെ വിവാഹാവസരത്തിൽ വധുവിനെ അണിയിച്ചൊരുക്കുന്നത് പദവികളനുസരിച്ചായിരിക്കണമെന്ന് നിർബ്ബന്ധമുണ്ട്.

2 ആഭരണങ്ങൾ

കാതിലണിയുന്ന മേക്കാമോതിരം, ഒറെറഴപ്പത്താക്ക്, തള, എന്നീ വിവിധതരം മാലകൾ, പലതരം മോതിരങ്ങൾ എന്നിവ സുറിയാനി ക്രിസ്ത്യാനികളുടെ മെയ്യാഭരണങ്ങളായിരുന്നു.

മാർഗംകളിയിൽ കാശിമാല മാത്രമേ കഴുത്തിൽ ധരിക്കേണ്ടതുള്ളു. ചെവിയിൽ കുണുക്ക് (മേയ്ക്കാമോതിരം), കൈകളിൽ കാപ്പ് രൂപത്തിലുള്ള ഓരോ കൈത്തള, കാലിൽ കാൽത്തള എന്നിവ സ്വർണ്ണനിറത്തിലുള്ളത് അണിയണം. (വളയത്തിൻെറ രണ്ടററങ്ങളിൽ മൊട്ടുള്ളത്.)

3 മൈലാഞ്ചിയണിയൽ

മൈലാഞ്ചിയരച്ച കുഴമ്പുകൊണ്ട് പാദത്തിൽ കലാപരവും കമനീയവുമായ അലങ്കാരപ്പണികൾ ചെയ്യാവുന്നതാണ്. മാർഗംകളിയുടെ പാരമ്പര്യ ഗോത്രവർഗക്കാരായ ക്നാനായ ക്രൈസ്തവരുടെ വിവാഹാവസരങ്ങളിൽ വധുവിനെ മൈലാഞ്ചിയണിയിച്ച് മൈലാഞ്ചിപ്പാട്ടുപാടി സ്വീകരിക്കുന്ന ചടങ്ങുണ്ട്.

രണ്ടൊട്ടു നാലും നാലുവിരൽക്കും ചുവപ്പു നഖങ്ങൾ പത്തു്
അഞ്ചും മൈലെപ്പോലെയഞ്ചണം മൈലേ നീ
മയിലാഞ്ചിയില്ലാത്ത കാരണം തോഴിമാർ
.....
അന്നന്നു കന്യമാർ മാംഗല്യം വാഴുവാൻ
പച്ചിലമയിലാഞ്ചീകൊണ്ടു പൊതിയേണം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കയ്യാലെ കായും പറിച്ചോരു കാരണം
കൈയ്യടംതന്നിൽ പൊതിയുന്ന മയിലാഞ്ചി
കാലാൽ നടന്ന കനിതിന്നകാരണം
കാൽനഖം തന്നിൽ പൊതിയുന്ന മയിലാഞ്ചി
അസ്ഥിമേൽ മണ്ണുപൊതിഞ്ഞോരു കാരണം
കൈപ്പടം തന്നിൽ പൊതിയുന്ന മയിലാഞ്ചി
അന്നവർ നാണിച്ചൊളിമ്പോരു കാരണം
ഇന്നിങ്ങു പിള്ളേരൊളിച്ചു നടപ്പതും
മയിലാഞ്ചി നൂലാലെ പിഴവന്നകാരണം
മയിലാഞ്ചിയിട്ടല്ലോ നൂൽ കൂട്ടുമാറൊള്ള.

മൈലാഞ്ചിയെ അതിമനോഹരമായി വർണ്ണിക്കുന്നതു കാണാം. 'വാഴടയ മയിലാഞ്ചി', 'പൊരുളുടയ മൈലാഞ്ചി', 'കീർത്തികേട്ട മൈലാഞ്ചി' എന്നീ വർണനകളിൽ ഐശ്വര്യത്തിന്റേയും, പരിശുദ്ധിയുടേയും, പ്രതീകങ്ങളാണ് തിളങ്ങുന്നത്.

ആദമെങ്ങു മയങ്ങിവീണ ഭാര്യ തന്റെ കൈപിടിച്ചു
മയിലാഞ്ചി മണംകേട്ടു മയങ്ങിവീണ മണവാളൻ
മയിലാഞ്ചി മണംകേട്ടു മയങ്ങി വീണ മണവാട്ടി
കരുന്നുപിള്ളേർക്കരുംതരിക ഈശോനായൻ തമ്പുരാനെ

പാപത്തിന്റെ കനിഭക്ഷിച്ച സുവിശേഷ കഥാഖ്യാനം മൈലാഞ്ചി പ്രയോഗത്തിലൂടെ അതീവസുന്ദരവും അർത്ഥസമ്പുഷ്ടവുമായി ചിത്രീകരിച്ചിരുന്നു.

4 പണിച്ചട്ട, പണിപ്പുടവ, മുണ്ട്

പണിച്ചട്ടയും, പണിപ്പുടവയും (മാറുമറയ്ക്കുന്ന ചെറിയ കവണി) മുണ്ടും ധരിക്കണം. കോടി നിറത്തിലുള്ള വസ്ത്രങ്ങളാണ പയോഗിക്കേണ്ടത്. മുണ്ടിന്റെ അടുക്കിന് 20–24 ഞൊറികൾ വേണം. ഓരോ ഞൊറിയുടേയും വീതി ഏകദേശം രണ്ടിഞ്ചിൽ കവിയരുത്. യാതൊരു ചിഹ്നങ്ങളും പ്രതീകങ്ങളും ചിത്രങ്ങളും വസ്ത്രങ്ങളിൽ ആലേഖനം ചെയ്യാൻ പാടുള്ളതല്ല. എന്നാൽ പൗരസ്ത്യ ചിത്ര ശില്പകലയുടെ സ്വഭാവമുള്ള ഡിസൈനുകൾ മുണ്ടിന്റെ വിളുമ്പുകളിലും, പണിച്ചട്ടയിലും പണിപ്പുടവയിലും നൽകുന്നതു പ്രാക്തന സാംസ്കാരിക പാരമ്പര്യം വേഷവിധാനത്തിലൂടെ പ്രകടമാക്കാൻ വേണ്ടിയാണ്. പണി എന്ന വിശേഷണപദം അലങ്കാര ചിത്ര വേലയെ സൂചിപ്പിക്കുന്നതാണ്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഭാഗം — രണ്ടു്

പാട്ടു്

സമ്പാദനം, പ്രസിദ്ധീകരണം

മധ്യതിരുവിതാംകൂറിലെ ക്നാനായ ക്രിസ്ത്യാനികൾ പാടിവന്നിരുന്ന കല്യാണപ്പാട്ടു്, പള്ളിപ്പാട്ടു്, വട്ടക്കളിപ്പാട്ടു്, മാർഗംകളിപ്പാട്ടു് എന്നിവ പുത്തൻപുരയ്ക്കൽ ഉതുപ്പു് ലൂക്കോസു് സമ്പാദനം ചെയ്തിട്ടുണ്ടു്. 1910–ൽ കോട്ടയത്തെ കാത്തലിക് മിഷൻ പ്രസ്സു് ''മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ'' എന്ന പേരിൽ ആ പാട്ടുകളെല്ലാം ചേർത്തു് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ഗാന ശേഖരണത്തിനു് ലൂക്കോസിനു് പ്രേരണയും പ്രോത്സാഹനവും നല്കിയതു് ചരിത്രപണ്ഡിതനും സമുദായ സ്നേഹിയുമായ വട്ടക്കളത്തിൽ മത്തായി കത്തനാരായിരുന്നു. പുരാതനപ്പാട്ടുകൾ എന്ന പേരിലറിയപ്പെടുന്ന കൃതി ക്രൈസ്തവഗാനങ്ങളുടെ വിപുലമായ ഒരു ശേഖരണമാണു്.

കുമ്പംവീട്ടിൽ കെ. എൻ. ഗോപാലപിള്ള (കേരളമഹാചരിത്രം, പുറം 212–213, 1946) മാടശ്ശേരി മാധവവാര്യയർ (നമ്മുടെ പാട്ടുകൾ, പുറം 137–155, 1968), വി. ആനന്ദക്കുട്ടൻ നായർ (കേരള ഭാഷാഗാനങ്ങൾ, വാല്യം 2, പുറം 231–264, 1980) പാട്ടാശ്ശേരി മഠത്തിൽ എം. സി. ഉലഹന്നാൻ മാർഗംകളി പരിശമുട്ടുകളി, പുറം 13–19, 1984), ചുമ്മാർ ചൂണ്ടൽ (മാർഗംകളി, പുറം 67–69, 1973) എന്നിവർ മാർഗംകളിപ്പാട്ടു് പൂർണമായും പുനഃപ്രകാശനം ചെയ്തിട്ടുണ്ടു്. ചുമ്മാർ ചൂണ്ടൽ ഒഴിച്ചു് മറ്റാരും തന്നെ പാട്ടിന്റെ സമ്പാദകനായ പി. യു. ലൂക്കോസിനേയോ പ്രസിദ്ധീകരണ സ്ഥാപനത്തിനേയോ പേരുപോലും ഒരിടത്തും പരാമർശിക്കുകപോലും ചെയ്തിട്ടില്ലെന്ന വസ്തുത രേഖപ്പെടുത്തട്ടെ.

രംഗപാഠം:

ഇവിടെ പ്രസിദ്ധീകരിക്കുന്ന പാട്ടു് കളിയുടെ രംഗപാഠമാണു്. അവതരണ സമയം, സദസ്സു്, സംഗീതം, നൃത്തവിന്യാസം എന്നിവയെ ആസ്പദമാക്കി ലൂക്കോസിന്റെ പാഠത്തെ ജതികൾ കൂട്ടിച്ചേർത്തു് ചിട്ടപ്പെടുത്തിയിരിക്കുന്നു. കളി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

യാശാന്മാരും ഇത്തരത്തിൽ പ്രായോഗിക സൗകര്യങ്ങളെ കണക്കിലെടുത്താണ് കളി അവതരിപ്പിക്കാറുള്ളത്.

1 യുവജനോത്സവം. സർവ്വകലാശാല മത്സരങ്ങൾക്ക് പത്തുമിനിറ്റ് സമയംമാത്രം അനുവദിച്ചിട്ടുള്ളതുകൊണ്ട് നീളം കൂടിയ ചില പദങ്ങളിലെ ചില വരികളും രംഗപാഠത്തിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് ഒമ്പതാം പാദത്തിൽ ''എപ്പോഴും എന്നേക്കും'' എന്നു തുടങ്ങുന്ന വരികളും പതിമൂന്നാം പാദത്തിൽ ''കാ വഴിയുമെന്ന'' വരി മുതൽ ''കായതേടിയോടുന്നവരും'' വരെ പന്ത്രണ്ട് വരികളും.

2 രംഗപാഠം. ചിട്ടപ്പെടുത്തിയതിൽ മൗലിക ഘടകം സംഗീതമാണ്. വരികളും മുറിച്ച് ചേർത്തിട്ടുള്ളതു് അപ്രകാരത്തിലാണ്.

3 പാട്ടും ആട്ടവും പദാർത്ഥാഭിനയവുമുള്ള അവതരണ ശൈലികളും നൃത്തവിന്യാസത്തിന്റെ പ്രത്യേകതകളും മനസ്സിലാക്കാൻവേണ്ടി കലാശങ്ങളും കൃത്യമായി ചേർത്തിട്ടുണ്ട്.

4 പുരാതനപ്പാട്ടുകളിലെ മാർഗംകളിപാട്ട് മാത്രമാണ് കളിയുടെ പാട്ട് സാഹിത്യം.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വന്ദനഗാനം

രാഗം : മിശ്രചാപ്

മെയ്യുണിന്ത പീലിയും മയിൽ മേൽത്തോന്നും
മേനിയും, തെയ് തെയ
പിടിത്ത ദണ്ഡും കൈയ്യും മെയ്യും എന്നന്നേയ്ക്കും
വാഴ്കവെ, തെയ് തെയ
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ
തെയ് തെയ്
വഴിക്കുറായ് നടക്കവേണ്ടി വന്തവരോ നാമെല്ലാം
തെയ് തെയ
അഴിവുകാലം വന്നടുത്തു അലയുന്ന നിൻമക്കളെ
തെയ് തെയ്
അഴിയായ് വണ്ണം കാത്തരുൾവാൻ കഴിവുപേശുക
മാർത്തോമ്മൻ, തെയ് തെയ്
മലമേൽ നിന്നു വേദ്യനമ്പു ചാത്തിമാറി എന്നപോൽ
തെയ് തെയ്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മയിൽ മേലേറി നിന്ന നില കാണ്‌വേണം പന്തലിൽ
തെയ്‌ തെയ്‌
പട്ടടൻ പണിപ്പുടവ പവിഴമുത്തുമാലയും, തെയ്‌ തെയ്‌
അലങ്കരിച്ച പന്തലിൽ വന്നതക വേണം മാർത്തോമ്മാൻ
തെയ്‌ തെയ്‌
അലങ്കരിച്ച പന്തലിൽ വന്നെഴുന്തരുൾക മാർ
ത്തോമ്മാൻ തെയ്‌ തെയ്‌
അലങ്കരിച്ച പന്തലിൽ വന്നരുൾ തരേ/ണം മാർത്തോമ്മാൻ
താ കർകു തീത്തത്താ തിമൃതത്തെയ്‌

ഒന്നാം പാദം

ആദിതാളം

ത... മ്പു....രാൻ, ആൻ— മുമ്പാകെ, കെ....
കൊ....ണ്ട....പു....,പു— ക....ഴ്‌ച....ആ....
താ.... ശി....യാൽ, ആൽ—മാ....ർഗ്ഗം, ഉം....
വിളയും....ഉം, നാ....ട്ടിൽ....ഇത തെയ്‌ തെയ്‌
മൂവരൊരുവന്റെ കൽപ്പന കൊണ്ട്‌
തിത്തെയ്‌ തെയ്‌ താരാ
മുൻപിനാലുണ്ടായ പള്ളിയിടത്തു്‌, ഇത തെയ്‌ തെയ്‌
ആദിയെ മുൻപു ശിലോമ്മോൻ ചമച്ച
തിത്തെയ്‌ തെയ്‌ താരാ
ആലയം ഭാഷയിൽ കണ്ടോരു ചോഴൻ, ഇത തെയ്‌ തെയ്‌
ആയതുപോൽത്തന്നെ നമുക്കുമിങ്ങ്‌, തിത്തെയ്‌ തെയ്‌ താരാ
ആദരാലൊന്നു ചമയ്ക്കുവേ/ണം
താ കർകു തീ ത്തെയ്യ തീത്തെയ്‌
തക തെയ്യ ത്തെയ്‌.

രണ്ടാം പാദം

താളം : ത്രിപുട

എന്നതുറച്ചുടൻ അൻപാൽ രാജൻ, ഏകിതുവേഗേന ആവാനോടു
തേനോടു പാലുമൊഴുകും നാടു്‌
തേവരി പട്ടണമാകും ദേശം
തേറിയതിന്നു മേലില്ല ഭൂമി
ദൈവമിരിപ്പിടമെന്നും പൊല്ലാം
തെക്കു വടക്കൊരു പശ്ചിമ ദിക്കു്‌
ദണ്ഡനമസ്‌ക്കാരം ചെയ്യും ഭാഗം
ആയവിടത്തിനു് നീ ചെന്നിട്ടു്‌
ആകുലമെന്നിയെ തച്ചരെ നോക്കു്‌
കണ്ടവരഞ്ചിത്തെളിയും പോലെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കൊണ്ടുപോകണം നീ വേണ്ടും ദ്രവ്യം
എന്നിവ ചൊല്ലിക്കനകം നൽകി
എന്നിവരും വഴി പേവാനേകി
ആയതു കേട്ടടനാവാൻ താനും
ആദരിച്ചമ്പോടെ വേണ്ടും കോപ്പ്
കൂട്ടിയടുപ്പിച്ചൊരാളോടേകി
കൂടി നിരൂപിച്ച വേണ്ടും പോലെ
മാത്രയൊഴിയാതെ ചേർച്ചയാലെ
യാത്ര പുറപ്പെട്ട നേർ വഴി/ക്ക
താ കർക തീത്തെയ്യ തീത്തെയ്യ്
തക തെയ്യത്തെയ്യ്

മൂന്നാം പാദം

ആദിതാളം

കടലും കരയുമൊരു പോൽ വഴിയാൽ തെയ്യ് തിത്തെയ്യ്
കയ്യാർ മരുവുന്നവനെ തുണ നീ, തെയ്യ് തിത്തെയ്യ്
കരുണക്കടലേ കടലിൽ നിന്നെന്നെ തെയ്യ് തിത്തെയ്യ്
കരകൊണ്ടുതകേണം കാര്യമിതിനെ ,,
ഇത്തരമായുള്ള വചനം ചൊല്ലി ,,
സ്തുതി ചെയ്തരുളാലെ കപ്പൽ കരേറി ,,
കാറേറാട്ട പെശറുകയ്യ മറുതലയാതെ ,,
കരചേന്നരുളാൽ ഹിത– ,,
തീയ്യം തീത്തീ തീത്തിത്തെയ്യ്, ,,
കരചേർന്നരുളാൽ ഹിതമിയ നാട്ടിൽ ,,
പുക്കതിലാരായ്വാൻ നൽ ,,
തീയ്യം തീത്തീ തീത്തിത്തെയ്യ് ,,
പുക്കതിലാരായ്വാൻ നൽ വഴികേട്ടൻപാൽ ,,
തക്കവരോട്ട ചേർന്ന ,,
തീയ്യം തീത്തീ തീത്തിത്തെയ്യ് ,,
തക്കവരോട്ട ചേർന്നണഞ്ഞു മഹോസ ,,
ദിക്ക പുക്കതിലവരുഴലുന്നപ്പോയ (2) ,,
തിറമോടെ കത്താവ് കാണകപ്പെട്ട ,,
തിറമോടെ കർത്താവ് / തിത്തിത്തകത താ കർക
തീത്തെയ്യ തീത്തെയ്യ് തക തെയ്യത്തെയ്യ്

നാലാം പാദം

ആദിതാളം

അരുയ ചെയ്തിതാചാരമെങ്ങുനിന്നെന്നും, ഓ –തിത്തെയ്യ്
ആരെന്നമതെന്തെന്നും മുതലേതെന്നും ,,
അതിനിഹകാരണമെങ്ങനെയെന്നും ,,

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അത്ര പൊഴുതായവരറിയിച്ചപ്പോഴം ,,
വിധമിത്ര് നീയറിക അരചൻ ചോഴൻ ,,
വിധിവിഷയം പ്രതി അടിയാർ വന്നു ,,
വിരവിലൊരാശാരി നല്ലോനെക്കാൺമാൻ ,,
വിനയറുമറു പണികൾംക്കെന്നാൽ ,,
കഴിവതിനെവ്വനമെന്നരുൾ ചെയ്ക ,,
കരുതിയതിന്നൊരു വഴിയെ പോവാൻ ,,
കഴിവിതിനാരിത്ര കാരണമെന്നും ,,
കൈ കരമില്ലാത്തുള്ള മന്നവും ദിക്കിൽ ,,
ഇവരിത്ര ചൊന്നതിനുത്തരമൻപാർ ,,
ഹിതം വരുമാറരുൾ ചെയ്തിത്ര മാറാൻ ,,
ഇടമതിൽ നിന്നരനാഴിക മുൻപെ ,,
ഇടമതിൽ നിന്നൊരുത/ച്ചനെ നൽകാം
താ കർകു തീത്തെയ്യ തീത്തെയ്
തക തെയ്യത്തെയ്

അഞ്ചാം പാദം

മരമൊട്ട കല്ലുകൾം കനകം വെള്ളി
മനമിയലും പടി ചെമ്പുമിരുമ്പും
മറും പലവക വേണ്ടും പണികൾം
ഇന്തെയ് തത്ത
മരമൊട്ട.....പണികൾം, ഇന്തെയ് തത്ത
തത്തത്ത ത്തകുതത്തേ കർകു
തിത്തെയ് തക തെയ് തെയ് താ
മഹിമയൊടരിമകളെല്ലാം ചെയ്യും
മന്നവിവ/ തിത്ത ത്തകുത ത്തികിതത്താം
തികിതകു തകുത ത്തികിതത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമുതത്തെയ്
ഇന്തെയ്തത്താ
മഹിമയൊടരി മകളെല്ലാം ചെയ്യും
മന്നവിവനെതിരില്ലൊരുവൻ തച്ചൻ
മറവില്ലേതും പണികൾം ക്കഴകാൺ, ഇന്തെയ്തത്ത
തത്തത്ത ത്തകുത്തത്തേ കർകു
തിത്തെയ് തക തെയ് തെയ്താ
ഇത്തരമുത്തരമായുള്ള വചന
ഇഹ വരും പടി കരുതിയുറച്ച്
തക്കിട കിടതകിതായ്ക്ക തൊങ്കം
തരികിട കിടതകി തായ്ക്ക തൊങ്കം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തക്കിട കിടതേ തരികിട കിടതേ
തക്കിത്തൊങ്കം ത്ംളാങ്കു തരി കിണത്തോം
ഇന്തെയ് തത്ത

ഇത്തര മുത്തര മായുള്ള വചനം
ഇഹ വരും പടി കരുതിയുറച്ച്
ഇവരോടിതമായരുൾ ചെയ്യുമ്പോൾ, ഇന്തെയ് തത്ത
തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തകു തെയ് തെയ് താ
ഇമ്പമോടരുപികൾ തിരുമനസ്സാലെ
ഇയൽ വഴി/
തീ ത്തീ തെയ്യും തത്ത
തികു തീ തെയ്യും തത്ത
തീ ത്തെയ് തികു തെയ്
തീ തെയ് ഇത്താ തിത്താ
തിമൃത ത്തെയ്, ഇന്തെയ് തത്ത
ഇമ്പമോടരുപികൾ തിരുമനസ്സാലെ
ഇയൽ വഴിയെത്തിയണഞ്ഞു റൂഹായിൽ
ഇണതാനായോനെ എടുത്താകാശെ
ഇന്തെയ് തത്ത

തത്തത്ത ത്തകതത്തേ കർകു
തിത്തെയ് തകു തെയ് തെയ് താ
ദൂതരോടൊരുമിച്ചുവഴി കൂടി
വിധമൊരു തച്ചനു സാദൃശ്യമായി
തീ ത്താം തിത്തത്താം
തീ ത്താം തിത്തത്താം
കർകു തിത്ത ത്താം കർകു തിന്തത്താം
കർകു തിത്ത ത്തത്താ തിത്താ
തിമൃതത്തെയ്, ഇന്തെയ് തത്താ
ദൂതരോടൊരുമിച്ചുവഴി കൂടി
വിധമൊരു തച്ചനു സാദൃശമായി
വിരവോടെ അര നാഴിക മുമ്പേ
ഇന്തെയ് തത്ത

തത്ത ത്ത ത്തകതത്തേ കർകു
തിത്തെയ് തകു തെയ് തെയ് താ
വിശ്വമിടങ്കയ്യിലായവനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
തക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തകുത തകുത തകുത തീ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തിക്കിട കിടതകി തിക്കിട കിടതകി
തിക്കിട കിടതകി തീ
തികിത തികിത തികിത തീ
തക്കിട കിടതകി തീ തകത തീ
തിക്കിട കിടതകി തീ തികിത തീ
തക്കിട കിടതേ തിക്കിട കിടതേ
തക്കിട്ടേതാ ഇന്തത്താകിട
തെയ് തെയ് ഇത്തെയ് ഇന്തത്താകിട
തക്കിട കിടതകി തീ
വിശമിടങ്കയ്യിലായ വനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
വിധിപോലെ വ/ന്ന നിന്നിതു തോമ്മാ
താകർക തിത്തത്തത്താ തിമൃതത്തെയ്

ആറാം പാദം ഞാദികാളം

വിരവിലീ വരവുകണ്ടാനന്ദിച്ചു
വിദ്ഗദ്ധനെന്നുറച്ചുറള്ളിലാശകൊണ്ട്
വേസ്ഥ വരുത്തിയിതാവാനപ്പോഴം, ഇന്തെയ്തത്ത (2)
അതു നിജതിരുമനസ്സാദരാലെ
അറിഞ്ഞുടൻ ത്ധടുതിയിലാവാനോട്
അരുഴം ചെയ്തിതാ വന്നാശാരിയെന്നു
ഇന്തെയ് തത്ത
അവ്വനമരുഴം വഴി കേട്ടിട്ടാവാൻ
അതു തെളിവരചനിലായിക്കൊണ്ട്
അറിയിച്ചു യാത്ര കൽപ്പന വാചാൽ– ഇന്തെയതാത്ത,
വചനമിതരുളിയ തോമ്മായോട്
തരുവിതിനിഹ വേണ്ടം വണ്ണം
വഴിപോലെ തിരിച്ചരുഴം ചെയ്യുമ്പോഴം, ഇന്തെയ് തത്ത
വചന മിതരുളിയ തോർത്തു കേട്ടു
അകതാരിലിവരുടെ കോലം കണ്ട
വാക്കു വശത്താലുള്ള ഞടുങ്ങി, ഇന്തെയ് തത്ത
വഴങ്ങിയിതവനിയിൽ വീണ തോമ്മാ
വരുവതിൻ വിനകളിൽ കേണ നിന്നു
വലുതായിട്ടുള്ള/ പീഡകളിതുപോൽ– ഇന്തെയ്തത്താ
താകർക തത്തോം തകതോം
തികിതക,താ ഇത തെയ് തെയ്
തങ്ങും തിങ്ങും തതിം കിണ, തത്തോം
തകതോം തികിതക താ ഇത തെയ് തെയ്
തങ്ങും തിങ്ങും തതിം കിണതോം,

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഏഴാം പാദം

എന്നെ നീ കാത്തല്ലോ
ഏറെറങ്ങളേശാതെ തെയ് തെയ്
എന്നതും പാഴായിട്ടേകുന്ന ദൈവമെ ,, ,,
ഹിന്തുവെന്നുള്ള നാടേറിയ സർപ്പങ്ങം ,, ,,
എന്നിവയെന്നിയെ ഏറെമാം ജന്തുക്കം ,, ,,
നാണമില്ലാത്തുള്ള നായനുണ്ടാ ദിക്കിൽ ,, ,,
നാളില്ലെ കോളില്ലെ നന്നായി ചൊല്ലില്ലെ ,, ,,
നാടെല്ലാം കാടല്ലൊ നായനെയെന്നെ നീ ,, ,,
നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ ,, ,,
മാറാനെ ഹിന്തുവിൽ മാനുഷരല്ലല്ലൊ ,, ,,
മാനുഷരെന്നപോൽ മനതാരിലില്ലല്ലൊ ,, ,,
മണ്ണിലെ മണ്ണുപോൽ മാറെമില്ലെങ്ങുമേ ,, ,,
മറെറല്ലാം നാടോടെ മാർഗ്ഗങ്ങളെന്നില്ല ,, ,,
മക്കളെന്നൻപില്ല മാൽചെയ്യും തങ്ങളിൽ ,, ,,
മക്കംക്കുമവണ്ണം മനതാരിലില്ലല്ലൊ ,, ,,
മറെറല്ലാ നാട്ടിലും മാറാനേയീരണ്ട് ,, ,,
മാറവൻമാരല്ലൊ മാറാതെ പോകുന്ന ,, ,,
മാറാനെപ്പോലെന്നെ മായോനെകല്പിച്ചൊ ,, ,,
മാറവൻ ക്രൂരനായി മാലൊഴി/ പ്പോരില്ലെ
താ കർകു തീത്തത്താ തിമൃതത്തെയ്

എട്ടാം പാദം

എന്നിവയെല്ലാം കണ്ണുനീരാലെ തോമ്മായുണത്തിച്ചനേരം
തെയ് തെയ്
എങ്ങും വിളങ്ങുന്ന നായൻ മിശിഹാ പേത്തരും—
ചെയ്വാൻ തുടങ്ങി, തെയ് തെയ്
നീയൊരുവൻ താനെന്നൊരു ചിന്ത ഉള്ളിൽ നിനക്കഴൽ
വേണ്ട, തെയ് തെയ്
നിന്നോടു കൂടെ ഞാനുണ്ടു കൂട്ട് നീ പോകുന്നാടതിലെല്ലാം,
തെയ് തെയ്
മാനുഷരെല്ലാ ഹിന്തുവിലെന്നു പാഴിൽ നിനക്കഴൽ
വേണ്ട, തെയ് തെയ്
മാനുഷരെല്ലാ ജാതികളും പിന്നെ മാൽ ചെയ്യും
ജന്തുക്കളല്ലൊ, തെയ് തെയ്
നിന്നുടെ വാക്കും നിനവുകളും നോക്കും ഭാഷയറി ഞ്ഞു
തകിടും, തെയ് തെയ്
നിൻ നിനവെല്ലാമെൻ നിനവല്ലൊ നീയുറയ്ക്കാകുലം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വേണ്ട തെയ് തെയ്
എന്നതിനാലിപ്പോൾ ഞാനിന്നു നിന്നെയും വിററു വില
വാങ്ങിയെന്നാൽ തെയ് തെയ്
ഏഴുമൊഴികളേഴും തികപ്പാനായ് ചീട്ടുകൊടുക്കുന്നു
വേറെ തെയ് തെയ്
ഈ മൊഴിയാവാൻ കേട്ടുടനൻപിൽ ആദി പെരിയോനെ
നോക്കി, തെയ് തെയ്
ഈടേററം കൊൾകാൻ കാശുകൊടുത്തു കയ്യെഴുത്തൻ-
പോടെ വാങ്ങി, തെയ് തെയ്
ത്രീലോക നാഥൻ കാശെടുത്തൻപാൽ തോമ്മാടെ-
പക്കൽ കൊടുത്തു, തെയ് തെയ്
തൃപ്തിവരുമ്പോലൻ പാലരുൾ ചെയ്തു യാത്രാ
വിധിച്ചഴകാലെ, തെയ് തെയ്
അരുൾ കേട്ടൻ പാലൊത്തു നടന്നു യാനപാത്ര-
മതിലേറി, തെയ് തെയ്
ആരുയിരോൻെറ കാരുണ്യത്താലെ ചോഴനിരി-
പ്പിടത്തായി, തെയ് തെയ്
കണ്ടു പറഞ്ഞ വാക്കുവശത്താൽ ഇണ്ടലൊഴിഞ്ഞതു
ചോഴൻ, തെയ് വെയ്
കാൺകെ വരച്ചുടൻ കയ്യാലെ രൂപം സ്ലേമ്മോൻ ചമച്ചൊരു
കോവിൽ, തെയ് തെയ്
ചിന്ത തെളിഞ്ഞിടുവാനൊരു വേലകൾ ഇല്ലിതുപോൽ
മററും പാരിൽ, തെയ് തെയ്
ചിത്രമടക്കമായ് കാഴ്ചയിലെല്ലാം കാണുന്നലോകർ
മയങ്ങും, തെയ് തെയ്
ആയതിലേററമായന്നിവർ കണ്ടുടൻ സന്തോഷമായിതു
ചോഴൻ ,തെയ് തെയ്
ആകുല മെന്നിയെ യീ പ്പണികൾക്കായി പോരുമിവ-
നെന്നു കണ്ടു, തെയ് തെയ്
ചൊല്ലുന്നതെല്ലാം കേൾപ്പതിനായി തോമ്മായോ-
ടൊത്തുര ചെയ്തു, തെയ് തെയ്
ചോഴൻ പറഞ്ഞ വാക്കുകളെല്ലാം കേവലമായിതു-
കേട്ട്, തെയ് തെയ്
കാര്യങ്ങളെല്ലാം കാണ്മതിനായി പാടാക്കി ചോഴനെ
തോമ്മാ, തെയ് തെയ്
കാണവും കയ്യാലെ വേണ്ടും പടിയെ മററാലൽസ്യ-
മുള്ളവർക്കെല്ലാം, തെയ് തെയ്
ആയതും തീരും പടിപോലെ മററും വേണ്ട വിധ-
ങ്ങളും പേശി, തെയ് തെയ്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആവോളം നല്ല കല്ലും മരങ്ങളും ആളാലെ—
കൂട്ടിയടുപ്പാൻ, തെയ്യ് തെയ്യ്
ആയതിലേതും ബലമായ ദണ്ഡങ്ങളം ചെയ്യരു—
തെന്നെക്കുറിച്ച്, തെയ്യ് തെയ്യ്
ഏറിയാലാണ്ടു തികയുന്നതിൻ മുൻപെ ഞാനവി—
ടേയ്ക്കു വരുവേൻ, തെയ്യ് തെയ്യ്
ഇപ്പണികൾക്കായി വേണ്ടും കരുവുകളെന്നാലെ
വേണ്ടുന്നതെല്ലാം, തെയ്യ് തെയ്യ്
ഈഴ ലൊഴിഞ്ഞുടൻ കൊണ്ടുവരുവേൻ എന്നര
ചെയ്തു/ കേട്ടു
കർകു തെയ്യ തിന്തക തിന്തത്തെയ്യ്

ഒൻപതാം പാദം

ചിന്ത തെളിഞ്ഞിതു ചോഴനുമാവാനം
തന്നുടെ മന്ത്രിമാരും, തെയ്യ് തെയ്യ്
ചിന്തതെളിഞ്ഞി.....
ചിക്കനെ വന്ദിച്ചു യോഗമൊരുമ്പെട്ടു
ദൈവം ശരണമിതെന്നു് തെയ്യ് തെയ്യ്
ചിക്കനെ വന്ദിച്ചു ..... തെയ്യ് തെയ്യ്
ചൊല്ലിയൊരുപോൽ നടത്തി നടന്നിതു
തോമ്മായരും വഴി പോലെ, തെയ്യ് തെയ്യ്
ചൊല്ലിയൊരുപോൽ..... തെയ്യ് തെയ്യ്
ചോഴൻ പ്രകാശിക്കും നാടു കടന്നുടൻ
മാർഗ്ഗമറിയിച്ച ശേഷം, തെയ്യ് തെയ്യ്
ചോഴൻ പ്രകാശിക്കും.....
പോലിന്റെ പുത്രിയെ വേളികഴിച്ചിതാ—
മായൊരു കല്യാണം കൂടി, തെയ്യ് തെയ്യ്
പോലിന്റെ പുത്രിയെ.....തെയ്യ് തെയ്യ്
പോരും വഴിക്കുള്ള വാഴ്വു കൊടുത്തതി—
നേരും തെളിഞ്ഞില്ലക്കാവ്യർ, തെയ്യ് തെയ്യ്
എന്ന നിമിത്തമായേകനടിച്ചിതു
മാർത്തോമ്മാൻ തന്റെ കവളേൽ, തെയ്യ് തെയ്യ്
എന്ന നിമിത്തമാ.....തെയ്യ് തെയ്യ്
എത്തിയടിച്ചായവന്റെ വലത്തെ കൈ
വ്യാഘ്രം കടിച്ചു തകർത്തു, തെയ്യ് തെയ്യ്
എത്തിയടിച്ചായവന്റെ.....തെയ്യ് തെയ്യ്
തിന്തക തിന്ത തെയ്യ്
തെയ്യ് തെയ്യ്ത തെയ്യ തെയ്യ്
കർകു താക തെയ്യതെയ്യ്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കർക്കു തരികിട തിമൃതത്തെയ്
അന്ന പാണിയേയും നായ് കടിച്ചുങ്ങനെ
ളുക്കിയിവിടെ വരുത്തി, തെയ് തെയ്
അന്ന പാണിയേയും.....തെയ്യ് തെയ്
ഇപ്പടി കണ്ടൊരു പോലുമവനുടെ
നാടതിലുള്ള ജനവും, തെയ് തെയ്
ഇപ്പടികണ്ടൊരു.....തെയ് തെയ്
ഒത്തു നിരുപിച്ചു വിശ്വസിച്ചൻ പാലെ
മാമ്മോദീസായും മുഴകി, തെയ്യ് തെയ്
ഒത്തു തിരിച്ച തിരിഞ്ഞിത കാവ്യന്റെ
കൈയും മുറിക്കുട്ടി തോമ്മാ, തെയ് തെയ്
തിത്തീ തീ തീത്തീതി തീത്തീതി തീത്തീതി
തിത്തീ തീ തീത്തീതി തീ.... തീ തെയ് തെയ്
മറും പലദിക്കും മ്ളാക്കായും ചീനവും
മാർഗ്ഗമറിയിച്ച ശേഷം തെയ് തെയ്
മറും പല ദിക്കും.....തെയ് തെയ്
മന്നവൻ ചോഴനിരിപ്പിടമായോരു
മയിലാപ്പൂ നാട്ടീന്നു് /ചെന്നു് തെയ് തെയ്
മുൻപിൽ പറഞ്ഞൊത്ത വാക്കിനൊനന്തരം
തോന്നാതിരിപ്പതിന്നായി, തെയ് തെയ്
മൂടലൊഴിഞ്ഞവൻ ബോധിക്കത്തക്കപോൽ
വാക്കോട്ട വേലയും ചെയ്യ, തെയ് തെയ്
കാലം കഴിഞ്ഞുടൻ വീണ്ടും പുറപ്പെട്ട
കേരള നാടെന്നു് കേട്ടു്, തെയ് തെയ്
കാരണമായുള്ള കേസുകളോടൊത്തു
കൂടിയൊരുമിച്ചു ചെന്നു് തെയ് തെയ്
ഊരടുത്തുള്ളൊരു മാലിയാവുംകരെ
ചെന്നിവിടത്തിലിരുന്നു്, തെയ് തെയ്
ഊരാളരോടറിയിച്ചിത്ര മാർഗ്ഗവും
കേട്ടവരായ/തിലായി തെയ് തെയ്
കർക്കു തെയ്യ തിന്ത തിന്തക തെയ്യ്.

പത്താം പാദം

ഈവണ്ണം കെട്ടും കീഴായവരെ
ഇവരെക്കൊണ്ടവണ്ണം വേണമെന്നു്
ഇണ്ടൽ പെരുത്തു വിളിച്ചു ചോഴൻ
തമ്പിയെ തമ്പി വാ അണയത്തെന്നു്
കമ്പിയും താനുമായി വേണ്ടുവോളം
താര്യാകാര്യങ്ങളെ ചിന്തിക്കുന്നു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അല്ലലായ് രാജനീവണ്ണം ചൊന്നാൽ
എന്നുടെ തമ്പി നീ കേഴ്ക്കവേണം
തരമിപ്പോഴം നമ്മുടെ വാഴ്ചക്കാലം
പെട്ടപോൽ പെട്ടിട്ടില്ലാക്കും മുമ്പേ
നാടു വാഴുന്ന നൃപന്മാർക്കാർക്കും
നാണക്കേടിതുപോലെ വന്നിട്ടില്ല
നാടിനി ഞാൻ വാഴ്വാൻ യോഗ്യം പോരാ
തമ്പി നീ വേണ്ടും പോൽ പരിപാലിക്ക
അന്നേരം തമ്പിയും അല്ലലോടെ
അത്തൽ പെട്ടൊരു ദണ്ഡം ഉള്ളിലായി
അതുതന്നെയാദിയായ് ദണ്ഡങ്ങളും
ചിക്കനെ ചേർന്ന വശം കെട്ടുള്ളിൽ
അരുളാലെ നാഴംതോറും വർദ്ധിച്ചേറി
ആത്മാവു മാലാഖാമാരെടുത്തു
ആകാശെ കൊണ്ടങ്ങു ചെന്നനേരം
ചോഴന്റെ പേർക്കില്ലം കുറിയിൽ കണ്ടു
അക്കുറി വായിച്ചു അറിഞ്ഞശേഷം
അകം പുക്കു കണ്ടവനതിൽ നിന്നെല്ലാം
അമ്പോടെ മൂന്നിന്നമിമ്പം പോലെ
ആവോളം തരമുണ്ടെ പേർത്തു ചൊൽവാൻ
മാനുഷജാതിക്കകപ്പെട്ടുന്ന
മാലെല്ലാമതു ചെന്നു കണ്ടാൽ തീരും
മതിപോരും രാജാക്കൾം വാഴും കോയിൽ
എന്നെല്ലാം നന്നായിക്കണ്ടൊരാത്മം
തിത്തീ തീത്തെയ്

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പതിനൊന്നാം പാദം

ആനന്ദം വരുമാറു മാലാഖമാർ തീതെയ് തെയ്താരാ
ആനന്ദം..... ,, ,,
ആകാശെ നിന്നിങ്ങു ലോകം ചേർന്നു ,, ,,
ആകാശെ നിന്നിങ്ങു ലോകം, തെയ് തിത്തെയ് തീ തെയ്ത
തെയ്യ തെ
ആപാര ജഡരമടക്കും പോലെ, തീ തെയ് തെയ്താരാ
ആകയാൽ കൂടി പൊതിയുന്ന/പ്പോഴം
തെയ് തീ തെയ് തീത്തെയ് തകു തെയ്യ തെ
ആത്മാവും ജഡരത്തിൽ പൂരിച്ചുടൻ, തീ തെയ് തെയ്താര
ആലസ്യം കൂടാതുയർത്തു/രാജൻ
തെയ് തീത്തെയ് തീ തെയ്തകു ത്തെയ്യത്തെ
ആരുയിരായോനെ സ്തുതിചെയ്യുവൻ, തീ തെയ് തെയ്താ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആരോടും ചൊല്ലാതവനിൽ നോക്കി
തെയ് തീതെയ് തീ തെയ്തക തെയ്യതെയ്യ്
അതു പൊഴുതണ്ണന്റെ മുമ്പിൽ ചെന്നു ,,
ആദരാൽ നിന്നവൻ കൈകളും കൂപ്പി ,,
അതുനേരം വന്നിങ്ങണഞ്ഞു പോഴൻ ,,
ഇഹരയാലോത്തു തഴകികൊണ്ടു ,,
കീർത്തിച്ചു വഴിപോലറിയിച്ചാറെ ,,
കൃത്യമിതെല്ലാക്കും വേണമെന്നു ,,
കീർത്തിയാൽ ചെന്നു വിലങ്ങും വീട്ടിൽ ,,
കഷ്ടങ്ങൾ ദുഷ്ടർക്കു പെട്ടപോലെ ,,
പെട്ടൊരു മുനിവരൻ തന്നെക്കണ്ടു ,,
കാക്കൽ വീണഴുതു പിഴയും പൊല്ലി ,,
കുമ്പിട്ടു നിന്നവൻ കെട്ടും നീക്കി ,,
തെയ് തീത്തെയ് തീത്തെയ് ,,
തക തെയ്യത്തെയ്

പന്ത്രണ്ടാം പാദം

കൊണ്ടു നടക്കുന്ന നേരം പലരും, തീ തെയ് തെയ് താരാ
കൊണ്ടു നടക്കുന്ന .... ,,
കോയിക്കലൊണ്ടതു കാൺമാനിതെന്നും ,,
കോയിക്കലൊണ്ടതു .... ,,
കൊണ്ടെക്കുല ചെയ്വേനെന്നും ചിലർ ,,
കൊണ്ടെക്കുല ..... ,,
കൊണ്ടെ വിലങ്ങിടത്തിട്ടുവാനെന്നും ,,
കൊണ്ടെ ..... ,,
തല്ലിമുറിച്ചു തച്ചീടുവാനെന്നും ,,
താമസമില്ലിപ്പോളറിയാമെന്നും ,,
പോരുമീച്ചോരന്റെ പണികളൊന്നും ,,
പോരുവീനെന്തു നമുക്കിതിലെന്നും ,,
പോകാതെ നില്പുനില്ലെന്നും ചിലർ ,,
ഇത്തരമോരോന്നു കണ്ടവരോരോ ,,
വിസ്താരമായവർ പൊല്ലുന്നേരം ,
കൊണ്ടക്കുല ചെയ്വാനിതെന്നുംചിലർ
തീ തെയ് തെയ്താരാ
കൊല്ലാതെകൊണ്ടുപോയിക്കളവാനിതെന്നും
തീ തെയ് തെയ്താരാ
അങ്ങനെ മാനുഷർ പേശുന്നേരം ,,
വേണ്ടും തരമുള്ള സ്നേഹങ്ങളാലെ ,,
കൊണ്ടു ചെന്നവരെ കോവിലകത്തു ,,

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഗോപുരമേറിയിരുത്തുന്നേരം ,,
രോഷമൊഴിഞ്ഞൊരു ശ്ലീഹൻ തോമ്മാ ,,
കോളതിലില്ലാതെ പ്രിയമുരച്ചു ,,
ചൊല്ലിയറിയിച്ചുറിഞ്ഞവർ മാർഗ്ഗം ,,
ചോഴരിരുവരും ആവാനും പിന്നെ ,,
മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം ,,
ഘോഷമൊഴിയാതെ മറ്റും പലരും ,,
ആവോളം നല്ല ബഹുമാനത്താലേ ,,
സന്തോഷമായൊരു മാമ്മോസായും ,,
മൂവരൊരുമയാലൊത്തു മുഴകി ,,
മൂടലൊഴിഞ്ഞവർ മാർഗ്ഗമെടുത്തു ,,
തെയ് തീത്തെയ് തീത്തെയ്
തക തെയ്യത്തെയ്

പതിമൂന്നാം പാദം

മാണിക്കക്കല്ലായ മാർഗ്ഗം നാളിൽ നാളിൽ തെളിയുന്നു
മാറാറാറുള്ള നിവ്യാളന്മാർ മെല്ലെമെല്ലെച്ചവളുന്നു
മാമ്മോദീസാ മുഴകുന്നവരും നാളിൽനാളിൽ പെരുകുന്നു
മാർഗ്ഗം നേടാക്കാവ്യരെല്ലാം കാണക്കാണക്കുറയുന്നു
ലോക വീതി നീളെ മാർഗ്ഗമേറിയേറും വളരുന്നു
ലൗകികങ്ങളാം നീളെനീളെ ചൊല്ലിപ്പലരും ചേരുന്നു
എന്നതിനാലെബ്രായന്മാരുമേറിയേറും മുതിരുന്നു
എങ്ങുമൊക്കെ മാർത്തോമ്മാനെ തേടിക്കാണാഞ്ഞുഴലുന്നു
കണ്ടില്ലെന്നു ചൊല്ലുന്നവരെ കണ്ടാലധികം ചീറുന്നു
കണ്ടു കൊണ്ടു ചൊല്ലാഞ്ഞിഷ്ടന്മാരോടൊക്കെച്ചീറുന്നു
അക്കാലത്തിൽ മാർത്തോമ്മാനും ദൈവകൃത്യാലൊരു കാവി
ആ വഴിക്കു പോവാനായി ചെന്നുകണ്ടവരത്തുനേരം
കണ്ണിമാരിടയിലൊക്കെ കൂടിച്ചേർന്നവരൊരുപോലെ
കാരിരുളിലായ പഞ്ചമഞ്ചും തെളിവാൽ ചൊല്ലുന്നു
കുമ്പിട്ടു നീ കാളിയാരെ കുപ്പി കൈകളടി വീണാൽ
കൂട്ടിത്തരാം പായസവും തിന്നു കൊണ്ടു വഴിപോക
എന്നനേരം മാർത്തോമ്മാനും കോപിച്ചവരോടു ചൊല്ലുന്നു
എന്ന നേരം മാർത്തോമ്മാനും ചൊല്ലി മനസ്സിലില്ലെന്നു
എന്ന തെന്യെ കുമ്പിടുകിൽ തീവീണഴിയും കാവെല്ലാം
കുമ്പിടുകയില്ല ഞാനും കാളിയാരെ ഒരു നാളും
ദീനമേറിയുള്ളവരും തീയോടേറും തീണ്ടാതെ
സീമ കൂടാതോരോ കൂട്ടമോത്തു കേട്ടു കോപിച്ചു
തീയിൽ വീണു വീണ്ടും തീയിൽ വീഴ വേണ്ടവരൊക്കെ
തീയാൽ വേകുന്നേകൻ ചാടി പേശവേണ്ട മാവ്വത്തു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പൂണ്ടു നീണ്ട മൂർച്ചക്കോലും വാങ്ങി നിന്നങ്ങോങ്ങുമ്പോഴും
ഭൂമിവാനം തേടിയോനെ കാണ്മാറായി മുമ്പാകെ
തിത്ത തകത തികിതത്താം
തികിതക തകത തികിതത്താം
കർകു തിത്തത്താം കർകുതിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്

പതിനാലാം പാദം

മനഹ്ലണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ, ഇത തീത്തീതെയ്
മറുതലനെറികെട്ടമതിനൊരു തേരതിൽ
മംഗലായവർ പൂകിച്ചേ, ഇത തീത്തീത്തെയ്
കൈക്കൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കു ഇത തീത്തീതെയ്
കരുണയോടിതുവഴി ചൊൽവതിനഴകാൽ
അങ്ങുമിങ്ങുമ്മനസ്സിതു പരിചേ ഇത തീത്തീത്തെയ്
നലമൊട്ട പലവക കിന്നരമഴകാൽ
നന്തുനീയും കുഴൽ പലതരമേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
നന്മവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലുകകോം പുലമ്പിതേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീത്തീത്തെയ്
ഉടമ്പിൽ നിന്നയിരെടുത്താകാശെ
ഉയിരവനിരിപ്പിടം പൂകിച്ചെ ഇത തീത്തീത്തെയ്
ഉടമയിലുടയവനുടമ്പെട്ടഴകാൽ
നന്മനിറഞ്ഞൊരു പള്ളിയിലെ ഇത തീത്തീത്തെയ്
വച്ചിതു ധനമിതു മക്കളെമനുദിനം
അരുളു വഴിക്കു നടപ്പവരേ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതക തീ ത്തിത്തെയ്
വൻ വിനയൊഴിയപ്പെരിയവനരുൾ വഴി
തിറമൊട്ട തേടിപ്പുലരാമെ
തീത്തീത്തകതക തീത്തീത്തകതക
തീത്തീത്തകതകതീത്തീതെയ്
തിത്തത്തകത തികിതത്താം
തികിതക തകത തികിതത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തയെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഭാഗം—മൂന്ന്

ആട്ടപ്രകാരം

മെയ്യഭ്യാസത്തിനു പ്രാധാന്യമുള്ള നൃത്തവിന്യാസമാണു് മാർഗംകളിക്കുള്ളതു്. പരിചമുട്ടുകളിയും മാർഗംകളിയും രണ്ടും രണ്ടാണു്; പാട്ടിലും ആട്ടത്തിലും അവതരണ ശൈലിയിലും മാർഗംകളി ആശാന്മാർ മാർഗംകളിക്കാരെത്തന്നെ പരിചമുട്ടുകളിയും അഭ്യസിപ്പിച്ചിരുന്നതുകൊണ്ടു് ചില സ്ഥലങ്ങളിൽ മാർഗംകളിപ്പാട്ടുകളും പരിചമുട്ടുകളിക്കു പാടി വന്നിരുന്നു. ''അക്കാലം ബാവാ തന്റെ ''നവശതകൊല്ലം'', ''കൊക്കെല്ലാം പറന്നുപോയി'' എന്നിങ്ങനെയുള്ള പരിചമുട്ടുകളിപ്പാട്ടുകളോ ഇടപ്പാട്ടുകളോ മാർഗംകളിയുടെ പാട്ടിലുൾപ്പെട്ടതല്ല കച്ചകെട്ടും എണ്ണയിടീലും തുടങ്ങിയ മെയ്അഭ്യാസമുറകളുംപഴയ തലമുറയിലുണ്ടായിരുന്നതായി പറയുന്നുണ്ടു്.

വിളക്കിനുചുറ്റും പന്ത്രണ്ടു് പേർ വട്ടത്തിൽനിന്നു കളിയാരംഭിക്കുന്നു. ക്രിസ്തുവിന്റെ പന്ത്രണ്ടു് ശിഷ്യന്മാരെ പ്രതിനിധീകരിക്കുന്നവരാണു് പന്ത്രണ്ടു് കളിക്കാർ. വിളക്കു് ക്രിസ്തുവിന്റേയും ഈശ്വരചൈതന്യത്തിന്റേയും പ്രതീകങ്ങളാണു്. രാവും പകലും മാർഗംകളി കളിക്കാറുണ്ടല്ലോ. നിലവിളക്കിന്റെ പ്രകാശം കളിയരങ്ങിനെ പ്രകാശസ്ഫുരിതമാക്കുവാൻ കഴിയുകയില്ലെങ്കിലും കത്തിച്ച വിളക്കു് അർത്ഥവത്താണു്. ഗുരുവിനെ വന്ദിച്ചു്, ദക്ഷിണകൊടുത്തു് വിളക്കിനെ വണങ്ങി കളിയാരംഭിക്കുന്ന നാട്ടനടപ്പു് മാർഗംകളിയിലും കാണാം.

മാർഗംകളിയിൽ കൈമുദ്രകൾ അധികമില്ല. പതാകമുദ്രാഖ്യം എന്നീ മുദ്രകളോടു് ഏറെക്കുറെ സാമ്യമുള്ള കൈമുദ്രകൾ കാണാനുള്ളതുകൊണ്ടാണു് ആട്ടപ്രകാരത്തിൽ ആ പേരുകൾ തന്നെ ഉപയോഗിച്ചിട്ടുള്ളതു്. കാൽച്ചുവടുകൾക്കു് പ്രാധാന്യമുള്ള നൃത്തവിന്യാസത്തിൽ കൈമുദ്രകൾ ഉപയോഗിച്ചിരുന്നതു് ലുപ്തപ്രചാരങ്ങളായി. കേരളത്തിലെ ഇരുപതോളം ആശാന്മാരുടെ വിഭിന്ന ശൈലികളെ ഏകീകരിക്കുക, കളിയരങ്ങുകളിലെ അവതരണ ശൈലികൾ വീഡിയോ ചെയ്തു ശൈലീഭേദങ്ങളെ മനസ്സിലാക്കുക എന്നീ പ്രവർത്തനങ്ങൾ ആശാന്മാരുടെ സഹകരണത്തോടെ ഞങ്ങൾ കഴിഞ്ഞമൂന്നു കൊല്ലം നടത്തുകയുണ്ടായി.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

1 പരമ്പരാഗതമായ കാൽസാധകച്ചുവടുകൾ ശാസ്ത്രീയമായി നൂറ്റാണ്ടുകളായി ചിട്ടപ്പെടുത്തിയിട്ടുള്ളതാണെന്നു ബോദ്ധ്യപ്പെട്ടു. തെക്കൻ ചിട്ടയിലുള്ള കഥകളിയുടെ കാൽച്ചുവടുകളും കലാശങ്ങളുമായി അടുത്തബന്ധം കാണുകയുണ്ടായി. മധ്യതിരുവിതാംകൂറിലെ മാർഗംകളി ആശാന്മാരുടെ പൈതൃകം കഥകളി അരങ്ങിലേക്കു് സ്വാധീനിച്ചിട്ടുണ്ടെന്നു് തോന്നുന്നു. ഇരട്ടിവട്ടങ്ങൾ, ഇടമട്ടപദങ്ങൾ എന്നിവ കൃത്യം എണ്ണത്തിലും താളത്തിലുമാണു്.

2 കാൽമണ്ഡലം. അരമണ്ഡലം, മുഴമണ്ഡലം എന്നിവ വ്യക്തമായിട്ടവതരിപ്പിക്കുന്നുണ്ടു്.

3 വന്ദനഗാനത്തിൽ – തോടയമെന്നു പറയട്ടെ – സ്തുതിപ്പുകളാണുള്ളതു്; നാലുതരത്തിൽ അഞ്ജലി മുദ്രകൾ. പാട്ടു പാടുമ്പോൾ കൈമുദ്രകൾ കാണിക്കുകയാണു്; എണ്ണത്തിനോ താളവട്ടത്തിനോ അല്ല.

4 'തന്നാം യു മാനാം' — പരസ്പരം രണ്ടാം കൈപ്പത്തികൾ വിടർത്തി കൈകൊട്ടുന്നു പോകുന്ന സമ്പ്രദായം 10, 13, 14 എന്നീ പാദങ്ങളിലുണ്ടു്.

5 'മാനാം യു മാനം'—കളിസംഘക്കാർ മുഴുവനും കൈകൊട്ടുന്നു മാറുന്നതു്. ഈ സമ്പ്രദായം തിരുവാതിര, കുമ്മി എന്നീ സമൂഹനൃത്തങ്ങളിൽ കാണുന്നതിൽ നിന്നു് വ്യത്യസ്തമാണു്. മാർഗം കളിയിൽ കളിക്കാരൊന്നും കുനിയുകയോ, അരമണ്ഡലത്തിലിരിക്കുകയോ ചെയ്യുന്നില്ല.

6 പെൺകുട്ടികളുടെ കളിയിൽ കുതിച്ചുള്ള പാട്ടുകൾ ചുരുക്കിയിട്ടുണ്ടു്. കാൽസാധകച്ചുവടുകൾ ഒട്ടും തന്നെ മാറിയിട്ടില്ല.

7 കളിയാരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും മുദ്രാഖ്യം മുദ്രയോടു് സാമ്യമുള്ള കൈമുദ്ര കാണിക്കുന്നുണ്ടു്.

8 വിളക്കിനഭിമുഖമായിട്ടാണു് എല്ലാ പാദങ്ങളും കളിയ്ക്കാറുള്ളതു്. 3, 6, 8, 12, 13 എന്നീ പാദങ്ങൾ കളിക്കാർ സദസ്സിനഭിമുഖമായി നിന്നുകളിക്കുന്നു.

9 വിരുത്തം ചൊല്ലിക്കൊണ്ടു കളിയാരംഭിക്കുന്ന സമ്പ്രദായം വന്ദനഗാനം രണ്ടും മൂന്നും പാദങ്ങൾ ഒഴികെ മറെല്ലാ പാദങ്ങളിലും കാണാനുണ്ടു്.

0 എല്ലാ പാദങ്ങളും കലാശത്തിലെത്തുന്നതിനുമുമ്പുള്ള രണ്ടു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വരിയെങ്കിലും മുറുകിയ താളവട്ടത്തിൽ ചവിട്ടി അവസാനിപ്പിക്കുന്നു.

11 9, 11, 12, 14 എന്നീ പാദങ്ങളും പുരുഷന്മാരുടെ മെയ്യഭ്യാസത്തിനു് പ്രത്യേകിച്ചു് ചവിട്ടിച്ചാട്ടങ്ങൾക്കും പ്രാധാന്യമുള്ളവയാണു്.

12 കരചലനങ്ങളും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കേരളത്തിലെ സമൂഹനൃത്തമാണിതു്. അഭിനയസങ്കേതങ്ങളില്ലാത്ത ലോകധർമ്മിയാണവതരണ ശൈലി.

പ്രാഥമിക ചുവടുകൾ

1 കച്ചപ്പദം

വായ്ത്താരി:— തിത്തത്തത്താ തിത്തത്തെയ്
തെയ് തെയ് തത്ത തെയ് തെയ്തത്ത
തെയ്തെയ് തത്ത തെയ് തെയ്താം
തത്തത്തിമി തിമി തത്തത്താം
തത്ത ത്തിമി തിമി തത്ത ത്തിമിതിമി
തത്ത ത്തിമി തിമി തത്തത്താം.

2 ഇരട്ടിവട്ടം

വായ്ത്താരി:— തെയ് ഇതതോം തോം തെയ്ഇതാം—തി—
ത്തെയ് ഇതതോം തോം തെയ് ഇതാം.

3 മുക്കണ്ണി

വായ്ത്താരി:— തോം തിന്ത, തിന്തസ്സുതോം

4 തിന്തകതിന്തതെയ്

വായ്ത്താരി:— തിന്തക തിന്തത്തെയ്
തെയ് തെയ് തക തെയ്യത്തെയ്
കർക തക തെയ്യത്തെയ്
കർക തരികിട തിമൃതത്തെയ്

പ്രാഥമിക ചുവടുകൾക്കുള്ള കലാശം

താ കർക തത്തോം തകതോം തികിതക താ
ഇതതെയ്തെയ് തങ്ങും തിങ്ങും തതിംകിണതോം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

5 തെയ്പ്പദം

തെയ് തീത്തെയ് തെയ്താം
തെയ് തത്ത തെയ് തെയ്താം
തെയ് തത്ത തെയ് തെയ്താം
കർകു തിത്തത്തത്താ തിത്തത്താം
കർകു തിത്തത്തത്താ തിത്താ — തികിതത്തെയ്

പാദാന്ത്യത്തിലുള്ള കലാശങ്ങൾ

1 താ കർകു തീ ത്തത്താ തിമൃതത്തെയ് (വന്ദനപാദം)

2 താ കർകു തീത്തെയ്യു തീത്തെയ് തകതെയ്യുത്തെയ് (1,2,4)

3 തിത്തി തകത ത്താകർകു തീത്തെയ്യു തീത്തെയ്
തക തെയ്യുത്തെയ് (3)

4 താ കർകു തിത്തത്തത്താ തിമൃതത്തെയ് (5 6)

5 കർകു തെയ്യു തിന്തക തിന്തത്തെയ് (8,9)

6 തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ് (11

7 തിത്ത ത്തകത തികിതത്താം
തികിതക തകത തികിതത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ് (13,14)

8 തക്കിട കിടതകി തായ്ക്ക തൊങ്കും
തരികിട കിടതകി തായ്ക്ക തൊങ്കും
തക്കിട കിടതേ തരികിട കിടതേ
തക്കിത്തൊങ്കും ത്ളാങ്കു തതിം കിണതോം.

9 തീ തീ തെയ്യും തത്ത തികുതീ തെയ്യും തത്ത
തീത്തെയ് തികുതെയ് തീ തെയ് ഇത്ത
തിത്താ തിമൃത ത്തെയ്

10 തീത്താം തിത്തത്താം തീത്താം തിത്തത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്

11 തക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തകത തകത തകത തീ
തിക്കിട കിടതകി തിക്കിട കിടതകി

www.TheCMSIndia.org

തിക്കിട കിടതകി തീ
തികിത തികിത തികിത തീ
തക്കിട കിടതകി തീ – തകത തീ
തിക്കിട കിടതകി തീ – തികിത തി
തക്കിട കിടതേ തിക്കിട കിടതേ
തക്കിട്ടേതാ ഇന്തത്താകിട
തെയ് തെയ് ഇത്തെയ് ഇന്തത്താകിട
തക്കിട കിടതകി തീ.

വന്ദനഗാനം

വരി–12

കളിക്കാർ വിളക്കിൽ നിന്നും മുന്നടിയകലെ അതിനു് പുറും നില്ക്കുന്നു. കാല്പാദങ്ങളും V ആകൃതിയിലും കൈകളും അഞ്ജലീമുദ്രയിലും കണ്ണുകളും നിലവിളക്കിൽ പതിപ്പിച്ചുമാണു് കളിക്കാർ നിലകൊള്ളുന്നതു്.

1 ''മെയ്യുണർന്നപീലിയും മയിൽ മേൽത്തോന്നും മേനിയും''

ആദ്യവരി നീട്ടിപ്പാടുന്നു. പീലിയും എന്നു് പാടുമ്പോൾ കുനിഞ്ഞു് കാൽമുട്ടുകൊപ്പം കൈപ്പത്തികളും കമഴ്ത്തിനിത്തി വിളക്കിനെ തൊഴുതു നിൽക്കുന്നു. ''മേൽത്തോന്നും'' എന്നു പറയുമ്പോൾ കൈകളും കൂപ്പി സാവധാനം നിവന്നുനിൽക്കുന്നു.

2 ''തെയ് തെയ് പിടിത്ത ദണ്ഡും കൈയ്യും മെയ്യും എന്നുന്നേയ്യും വാഴ്കവെ''

താളാത്മകമായി നാലുചുവടുകളും പിമ്പോട്ടുവയ്ക്കുന്നു. വലതുകാലിൽ ആരംഭിക്കുന്നു. നാലാമത്തെ ചുവടു വയ്ക്കുമ്പോൾ ഇടതുകാൽ വലതുകാലിനോടു് ചേർക്കുന്നു.

3 ''തെയ് തെയ് വാഴ്കു വാഴ്കു നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ''

കൈകളും രണ്ടും രണ്ടുവശത്തേയ്ക്കും (തോളിനൊപ്പം) വിരിക്കുന്നു. ദൃഷ്ടികളും വലതുവശത്തെ ചലനത്തെ അനുഗമിക്കുന്നു. സാവധാനം മുഴുമണ്ഡലത്തിൽ ഇരിക്കുന്നതോടൊപ്പം കൈകളും കൂപ്പുന്നു. നേരെ നോക്കുന്നു.

4 ''തെയ് തെയ് വഴിക്കുറായ് നടക്കവേണ്ടി വന്തവരേ നാമെല്ലാം''

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സാവധാനം എഴുന്നേറ്റ് 'വന്തവരോ' എന്നു് പാടുമ്പോഠം വലതുകാൽ ഇടതുമുട്ടിനൊപ്പം പൊക്കി ക്ലപ്പിയ കൈയിൽ നിന്നും വലതുകൈ മാത്രം വലതുകാലിന്റെ പെരുവിരലിൽ കമഴ്ത്തിത്തൊട്ട്, വലത്തെ കൈ ഇടതു കൈയോടു് ചേർക്കുന്നു.

5 ''തെയ് തെയ് അഴിവുകാലം വന്നടുത്തു അലയുന്ന നിൻ മക്കളെ''

6 ''തെയ് തെയ് അഴിയായ്വണ്ണം കാത്തരുൾവാൻ കഴിവു് പേശുക മാർത്തോമ്മൻ''

കൈ സാവധാനം മാറിടത്തിൽ നിന്നും വലതു വശത്തേയ്ക്കു് നീക്കുന്നതോടൊപ്പം ദൃഷ്ടികഠം കൈകളിൽത്തന്നെ ആയിരിക്കയും വേണം. അതുപോലെ സാവധാനം കൈകഠം മാറിടത്തിൽ കൊണ്ടുവരികയും ഇടതുവശത്തേയ്ക്കു് കൊണ്ടുവന്ന ശേഷം വീണ്ടും മാറിടത്തിൽ കൊണ്ടുവന്നു് കൈകഠം അല്പം താഴ്ത്തി തലകുനിച്ചു് വണങ്ങുന്നു.

7 ''തെയ് തെയ് മലമേൽ നിന്നു വേദ്യനവു ചാർത്തി മാറി എന്ന പോൽ, തെയ് തെയ് മയിൽ മേലേറി നിന്ന നില കാണവേണം പന്തലിൽ''

''തെയ് തെയ്'' എന്നു് പാടുമ്പോഠം കൈ മുൻ ഭാഗത്തേയ്ക്കു് അല്പം താഴ്ത്തിയെടുത്തു് വീണ്ടും വശങ്ങളിലേയ്ക്കു് പോവുന്നു. ഇങ്ങനെ രണ്ടു് ആവർത്തനം.

8 'തെയ് തെയ് പട്ടടൻ പണിപ്പൂടവ പവിഴമുത്തുമാലയും.''

വലത്തേയ്ക്കു് തിരിഞ്ഞു് (വട്ടത്തിൽ) വലതുകാൽ മുമ്പോട്ടു വച്ചു് കൈകഠം വലതുവശത്തേയ്ക്കും ഇടതുവശത്തെയ്ക്കും ശബ്ദമില്ലാതെ അടിക്കുന്ന ചലനം 'തകിട്ട തകുതിമി' എന്ന താളത്തിൽ നാലുപ്രാവശ്യം.

9 ''തെയ് തെയ് അലങ്കരിച്ച പന്തലിൽ വന്നുതകവേണം മാർത്തോമ്മൻ''

ഇടതു കൈ വശത്തേയ്ക്കു് മുട്ടുമടങ്ങാതെ നീട്ടിപ്പിടിച്ചു് വലതുകൈ മാറിടത്തിനുനേരെ മുദ്രാഖ്യത്തിൽ പിടിക്കുന്നു. ''തെയ് തെയ്'' എന്നു് പാടുമ്പോഠം വലതുകാൽ വീശി വലതുവശത്തു വയ്ക്കുകയും ഇടതുകാൽ വലതുകാലിനു മുമ്പിൽ വയ്ക്കുകയും ചെയ്യണം. ''അലങ്കരിച്ച'' എന്നു് പാടുമ്പോഠം ഇടതുകാൽ വലതുവശത്തുവച്ചു്, വലതുകാൽ പിൻഭാഗത്തുകൂടി വലതുഭാഗത്തു വച്ചു് ഇടതുകാൽ പിൻഭാഗത്തു് കുത്തി, വലതുകാൽ പഴയ സ്ഥാനത്തുതന്നെ ചവിട്ടുന്നു. ഇടതുകാൽ മുൻഭാഗത്തുകൂടി വല

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ുവശത്തു ചവിട്ടി, വലതുകാൽ അതിന്റെ സ്ഥാനത്തുതന്നെ ചവിട്ടി ഇടതുകാൽ വലതുകാലിനോടു് ചേർക്കുന്നു. 'വന്നു തകവേണം മാർത്തോമ്മൻ' എന്നു് പാടുന്ന സമയത്തു് വലതു ഭാഗത്തു ചെയ്ത അതേ ചുവടുകൾ ഇടതുഭാഗത്തേയ്ക്കു് ആവർത്തനം.

10 ''തെയ് തെയ് അലങ്കരിച്ച പന്തലിൽ വന്നെഴുന്തരുൾക മാർത്തോമ്മൻ''

ഈ ചുവടുകൾ മൂന്നു പ്രാവശ്യം ആവർത്തനം.

11 ''തെയ് തെയ് അലങ്കരിച്ച പന്തലിൽ വന്നരുൾ തരേണം മാർത്തോമ്മൻ''

'അരുൾ തരേ' എന്നു വരെ കളിച്ചുശേഷം കലാശം ചവിട്ടുന്നു.

12 ''തെയ് തെയ് അലങ്കരിച്ച പന്തലിൽ വന്നരുൾതരേ'' കലാശം

''താ കർകു തീ തത്താ തിമുത്തെയ്''

'തീ തത്താ' എന്നു് പറയുമ്പോൾ വലതുകാൽ പാടി മുൻഭാഗത്തു ചവിട്ടി, ഇടതുകാൽ അതേ സ്ഥാനത്തു ചവിട്ടി വലതുകാൽ സമത്തിൽ ചവിട്ടി' വലതുകാൽ വലതുവശത്തേയ്ക്കു് വീശി മുഴമണ്ഡലത്തിൽ ഇരിക്കുന്നു

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഒന്നാം പാദം

വരി 8

പാദങ്ങൾ V ആകൃതിയിൽ വച്ചു് കൈകൾ നേരെ താഴ്ത്തിട്ടു് നേരെയായിട്ടു് നിൽക്കുക. 1, 2, 3, 4 എന്നു് താളാത്മകമായി കൊട്ടുന്നു.

1 തമ്പുരാൻ—

—വലതുകാൽ വച്ചു് ആഞ്ഞുചവിട്ടു് വലതുവശത്തേയ്ക്കു് 1, 2, 3, 4 എന്നു് താളാത്മകമായി താഴ്ന്നു് നിവർന്നു് നടക്കുന്നു. 'ആൻ' എന്നു് ആവർത്തിച്ചുകൊണ്ടു് കളിസംഘം വിളക്കിനു നേരെ ഉള്ളിലേയ്ക്കു് തിരിഞ്ഞു തല കുനിക്കുന്നു.

മുമ്പാകെ—

'കെ' എന്നു് കളിസംഘം മൂളുന്നു. മേൽ കാണിച്ച പ്രകാരം ആവർത്തനം.

കൊണ്ടേ—

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

'പൂ' എന്നു് കളിസംഘം മൂളുന്നു. മേൽ കാണിച്ച പ്രകാരം ആവർത്തനം.

കാഴ്ച—

'അ' കളിസംഘം മൂളുന്നു. മേൽ കാണിച്ച പ്രകാരം ആവർത്തനം.

2 താശിയാൽ—

വലതുകാൽ ചവിട്ടി ഇടതുവശത്തേയ്ക്കു് 1, 2, 3, 4 എന്നു് താളാത്മകമായി നടക്കുന്നു. 'ആൽ' എന്നു് ഉച്ചരിച്ചു കൊണ്ടു് രണ്ടുപേർ പരസ്പരം മുഖത്തോടുമുഖം നോക്കി തലകുനിയ്ക്കുന്നു.

'മാ ...ർ ഗം... ഗം' എന്നു് കളിസംഘം മൂളുന്നു. മേൽ കാണിച്ച പ്രകാരം ആവർത്തനം. ആളുകൾ ഇടതുവശത്തേയ്ക്കും, വലതുവശത്തേയ്ക്കും തിരിഞ്ഞു് പരസ്പരം തലകുനിയ്ക്കുന്നു.

വിളയും—

'ഉം' എന്നു് കളിസംഘം മൂളുന്നു. മേൽ കാണിച്ച പ്രകാരം ആവർത്തനം.

നാട്ടിൽ—

മേൽകാണിച്ച പ്രകാരം ആവർത്തനം. തലകുനിയ്ക്കുന്നില്ല. ''ഇതെയ് തെയ്''

വലതുകാൽ വലതുവശത്തേയ്ക്കു് വീശിവച്ചു് ഇടതുകാൽ ചേർത്തുവയ്ക്കുന്നു. 'ഇത' എന്നു് പാടുമ്പോൾ കൈകൾ രണ്ടും മലർത്തി നെഞ്ചിനു് നേരെ 3'' അകലത്തിൽ പിടിയ്ക്കുകയും ''തെയ് തെയ്'' എന്നു പാടുമ്പോൾ കൈപ്പത്തികൾ സാവധാനത്തിൽ കറക്കിക്കമഴ്ത്തി നെഞ്ചിനു് നേരെ പിടിയ്ക്കുകയും ചെയ്യുന്നു.

3 മുവരോ..

'മൂ' എന്നു് പാടുമ്പോൾ വലതുകൈ നെഞ്ചിനു് നേരെ '' അകലത്തിൽ മുദ്രാഖ്യത്തിൽ പിടിക്കുകയും ഇടതുകൈയ്യ് വലതുവശത്തേയ്ക്കു് നീട്ടി കൈപ്പത്തി കമഴ്ത്തി താഴ്ത്തി പിടിയ്ക്കുകയും ചെയ്യുന്നു. അപ്പോൾ ഇടതുകാൽ വലതുവശത്തേയ്ക്കു് വച്ചു, വലതുകാൽ അതിനു് മുമ്പിൽ വയ്ക്കുകയും, ഇടതുകാൽ വലതുകാലിനു് പുറകിൽ വച്ചു്, വലതുകാൽ അതിനോടു് ചേർത്തുവയ്ക്കുന്നു.

''തുവന്നെ''—

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇടത്തുകൈയ്യ് നെഞ്ചിനു് നേരെ മുദ്രാഖ്യത്തിൽ 3'' അക
ലത്തിൽ പിടിയ്ക്കുകയും, വലത്തുകൈപ്പത്തി കമഴ്ത്തി താ
ഴ്ത്തിയിടുകയും ചെയ്യുന്നു. അപ്പോഴം വലത്തുകാൽ 2 പ്രാവ
ശ്യം ചവിട്ടിയിട്ടു് ഇടത്തുകാൽ, ഇടത്തുകാലിനു് പിന്നിൽ ച
വിട്ടുകയും. ഇടത്തുകാൽ വലത്തുകാലിനോടു് ചേർത്തു് വയ്ക്ക
കയും ചെയ്യുന്നു.

കലു്പനകൊണ്ടു്—

കൈപ്പത്തികം രണ്ടും മലർത്തി നെഞ്ചിനു് നേരെ പി
ടിച്ചു് മുഴമണ്ഡലത്തിലിരിക്കുകയും വീണ്ടും എണീറ്റു് വലത്തു
കാൽ, വലത്തുവശത്തേയ്ക്കു് ചവിട്ടി, ഇടത്തുകാൽ അതിനു്
പിന്നിൽ ചവിട്ടി, വലത്തുകാൽ ഇടത്തുകാലിനോടു് ചേർത്തു
വയ്ക്കുന്നു. കാലുകം ചവിട്ടുമ്പോഴം അതാതു് വശങ്ങളിലേ
യ്ക്കു് പരിഞ്ഞു് കൈപ്പത്തികം മറിച്ചും, തിരിച്ചും ചേത്തു
കൊട്ടുന്നു. ''കൊണ്ടു്'' എന്നു് നീട്ടിപ്പാടുമ്പോഴം കൈപ്പ
ത്തികം മലർത്തി നെഞ്ചിനു് നേരെ പിടിച്ചു് കാക്കി കമ
ഴ്ത്തിപ്പിടിയ്ക്കുന്നു. ഇടത്തുകാൽ ചവിട്ടി, ഇടത്തുവശത്തേയ്
ക്കു് പാടി വലത്തുകാൽ ചേർത്തുവയ്ക്കുന്നു.

''തീത്തെയ് തെയ് താരാം''—

''ഇതതെയ് തെയ്'' എന്നു് പാടിയപ്പോഴം കാണിച്ച
തുതേ അംഗചലനങ്ങളുടെ ആവർത്തനം.

''മുൻപിനാലുണ്ടായ പള്ളിയിടത്തു് ഇതതെയ് തെയ്''

മേൽക്കാണിച്ച പ്രകാരമുള്ള അതേ അംഗചലനങ്ങളു
ആവർത്തനം.

ആദിയെ മുൻപു ശീലോമോൻ ചമച്ച
തീത്തെയ് തെയ് താരാം
ആലയം ഭോഷയിൽ കണ്ടോരു ഭോഷൻ
ഇത തെയ് തെയ്
ആയതുപോൽത്തന്നെ നമുക്കുമിങ്ങു
തീത്തെയ് തെയ് താരാ
ആദരാലൊന്നു ചമയ്ക്കുവേ
ചമയ്ക്കുവേ എന്നുവരെ മേൽക്കാണിച്ച പ്രകാരമുള്ള അംഗച
നങ്ങളം ആവർത്തനം

കലാശം:—
താകർകു തീത്തെയ്യു തീത്തെയ്
തകു തെയ്യു തെയ്

വലത്തു കൈ മുദ്രാഖ്യത്തിൽ നെഞ്ചിനു നേരെ പിടിക്കു
യും ഇടത്തു കൈ ഇടത്തു വശത്തേയ്ക്കു് നീട്ടി കൈപ്പത്തി കമഴ്ത്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പിടിക്കുകയും ചെയ്തുകൊണ്ടു് അരമണ്ഡലത്തിൽ ഇരിക്കുന്നു. അതിനുശേഷം ഇടതു വശത്തേയ്ക്കു് ചാടി മുഴമണ്ഡലത്തിൽ (വലതുകാൽ മുൻവശത്തേയ്ക്കു് വീശി) ഇരിക്കുന്നു.

രാണ്ടാം ചാട്ടം

പാട്ടു് 20 വരി

കാലുകൾ V ആകൃതിയിൽ വച്ചു് കൈകൾ ശരീരത്തിനിരു വശത്തുമായി ചേർത്തു നിലയ്ക്കുക. (പാട്ടു് തുടങ്ങുന്നതിനു മുമ്പു്) 1, 2, 3, 4, താളം നല്കുന്നു. നാലാമത്തെ എണ്ണത്തിൽ കൈകൾ മുദ്രാഖ്യമുദ്രയിൽ.

1 എന്നരുറച്ചടനവൻ പാൽരാജൻ:—
വലതുകാൽ വലതു വശത്തേയ്ക്കുവെച്ചു് ഇടതു കാൽ സമത്തിൽ പറിച്ചുകുത്തി വലതു കൈ മുദ്രാഖ്യ മുദ്രയിൽ വയ്ക്കുക. ഇടതു കൈ ചുമലിനുനേരെ കൈപ്പത്തികൾ താഴ്ത്തി നിർത്തുക. ഇടതുകാൽ വശത്തേയ്ക്കു കുത്തി വലതുകാൽ അതിനു സമമായി മുന്നോട്ടു വച്ചു് വീണ്ടും ഇതു തുടരുന്നു. 4 എണ്ണങ്ങളിൽ ഇതു് അവസാനിക്കുന്നു. കാലിന്റെ ചലനത്തിനൊപ്പം കൈകൾ മാറി മാറി മുദ്രാഖ്യമുദ്രയിൽ വയ്ക്കുക.

2 ഏകിതു വേഗേന ആവാനോട്ടു
3 തേനോടുപാലുമൊഴുകും നാട്ടു
4 തേവരി പട്ടണമാകുംദേശം
5 തേറിയതിനു മേലില്ലുഭൂമി

കാലുകൾ അരാളത്തിൽ—കൈകൾ മലർത്തി കളിക്കളത്തിനു സമാന്തരമായി ശരീരത്തിനു 3'' അകലെ അരയ്ക്കു് സമമായി നിർത്തുക. ഒപ്പം ഇടത്തോട്ടു ചാടുക. കൈകൾ വീണ്ടും നെഞ്ചിനു സമമായി ക്രമീകരിക്കുക. കൈകളും കാലുകളും ആദ്യത്തപ്പോലെ വയ്ക്കുക.

ഒന്നാം വരിയിലെ ചുവടുകൾ ആവർത്തനം. വലതുകാൽ പുറകോട്ടുവെച്ചു ഇടതുകാൽ ചേർത്തു് ചേർത്തു് വച്ചു് കൈകൊട്ടുക. ഇടതുകാൽ മുമ്പോട്ടു വീശുക. വലതുകാൽ ചേർത്തുവയ്ക്കുക. കൈകൾ സ്വതന്ത്രമായി വയ്ക്കുക. നേരെ തിരിഞ്ഞു് ഇടതുകാൽ മുമ്പോട്ടു വയ്ക്കുക. ഒപ്പം വലതുകാലും. കൈയടിക്കുക. വലതു കാൽ മുന്നോട്ടു വീശി ഇടതുകാൽ ചേർത്തുവച്ചു് വീണ്ടും കൈ അടിക്കുക. കാലുകൾ ചേർത്തുവച്ചു് മുദ്രാഖ്യ മുദ്രയിൽ വലതുകൈ ക്രമീകരിക്കുക. ഇടതുകൈ ചുമലിനുനേരെ കൈപ്പത്തി താഴ്ത്തി വയ്ക്കുക.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

6 ദൈവമിരിപ്പിടമെങ്ങും ചൊല്ലാം

7 തെക്കുവടക്കൊരു പശ്ചിമദിക്കു്

ആദ്യത്തെ ചുവടുകളും ആവർത്തനം

8 ദണ്ഡനമസ്ക്കാരം ചെയ്യും ഭാഗം

9 ആയവിടത്തിനു് നീ ചെന്നിട്ടു്

രണ്ടാമത്തെ ചുവടുകളും ആവർത്തനം

10 ആകുലമെന്നിയെ തച്ചുരെ നോക്കു്

11 കണ്ടവരഞ്ചിത്തെളിയും പ്പോലെ

മൂന്നാം വരിയിലെ ചുവടുകളും ആവർത്തനം

12 കൊണ്ടുപോകണം നീ വേണ്ടും ദ്രവ്യം

13 എന്നിവ ചൊല്ലിക്കനകം നൽകി

രണ്ടാമത്തെ ചുവടുകളിലെപ്പോലെ കാലുകളും പിറകോ ക്രമാനുഗതമായി വെച്ചു കൈ അടിക്കുക. ഇടതുകാൽ വീഴു ന്നതിനു പകരം വലതുകാൽ നിലത്തുന്നിച്ചാടുക. വീണ്ടു തിരിഞ്ഞു് കൈ അടിക്കുക. വീണ്ടും വലത്തുകാൽ മുമ്പോ വച്ചു് ചാടുക. വീണ്ടും കൈ അടിക്കുക.

14 എന്നിവനും വഴി പോവാനേകി

15 ആയതുകേട്ടടനാവാൻ താനും

പഴയ ആദ്യത്തെ ചുവടുകളും ആവർത്തിക്കുന്നു

16 അദരിച്ചമ്പോടെ വേണ്ടും കോപ്പു്

വലതുകാൽ വശത്തോട്ടുവച്ചു് ഇടതുകാൽ പിറകിൽ കൂ കു. നാലു് എണ്ണങ്ങളിൽ ഇതു് അവസാനിക്കുന്നു. ഒപ്പം നാ കൈയ്യടിയും. ചലനം വലതു് ഇടതു് ഈ ക്രമത്തിൽ.

17 കൂട്ടിയടുപ്പിച്ചൊരാളോടേകി

ആദ്യത്തെ ചുവടുകളും വളരെ വേഗത്തിൽ ആവർത്ത

18 കൂടിനിരുപിച്ചു വേണ്ടും പോലെ

മുമ്പു് വിവരിച്ച പോലെ കൈ അടിക്കുന്നു. ചുവടുകളും ആവർത്തനം.

19 മാത്രയൊഴിയാതെ ചേർച്ചയാലെ

വേഗതയിൽ ആദ്യ ചുവടുകളും ആവർത്തനം.

20 യാത്രപുറപ്പെട്ട നേർവഴി/ക്കു

മൂന്നാമത്തെ പ്രാവശ്യം കൈയ്യടിക്കുന്നേ ചുവടുകളും ആവർ നേർവഴി എന്നുവരെ കളിക്കുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കലാശം:—

താകർകൃതീത്തെയ്യ തീത്തെയ് തക തെയ്യത്തെയ്

വലതു കൈ മുദ്രാഖ്യത്തിൽ പിടിച്ച് ഇടതു കൈ ചുമലിനു നേരെ കൈപ്പത്തികം താഴ്ത്തി അരമണ്ഡലത്തിൽ ഇരിക്കുക. ഇടതു വശത്തേയ്ക്കു ഒന്ന് തെന്നിമാറി അരമണ്ഡലത്തിൽ തന്നെ ഇരുന്ന് വലതു കാൽവീശി മുദ്രാഖ്യത്തിൽ മുഴണ്ഡലത്തിൽ ഇരിക്കുന്നു.

മൂന്നാം പാദം

പാട്ട് 12 വരി

1 കടലും കരയുമൊരുപോൽ വഴിയാൽ

(കാൽമുട്ടിനൊപ്പം താഴ്ത്തി, മലർത്തി)

വിളക്കിനു പിന്മുഖമായി നിന്ന് കൈ പതാകമുദ്രപിടിച്ച് അരമണ്ഡലത്തിൽ ഇരുന്ന് സാവധാനം മുദ്രാഖ്യത്തിലേയ്ക്കു മാറുന്നു. ആ വരിയുടെ അവസാനത്തിൽ വലതു കാൽ വലതു വശത്തേയ്ക്കു വീശി മുൻപിലേയ്ക്ക് തിരിയുന്നു.

തെയ് തിത്തെയ്

2 കയ്യാർ മരുവുന്നവനെ തുണനീ

വലതുകാൽ വലതുവശത്തേയ്ക്ക് വീശുന്നതോടൊപ്പം വലതുകൈ ഉള്ളിലേയ്ക്കു ചുഴറ്റി മുദ്രാഖ്യം പിടിക്കുന്നു. ഇടതു കൈ തോളിനൊപ്പം നേരെയിടുന്നു ഇടതുകാൽ സമത്തിൽ ചവിട്ടി അതേ മുദ്രാഖ്യത്തിൽത്തന്നെ ഇടതുകാൽ മുന്നോട്ടു വച്ച് നാലു ചുവടുകളും വലത്തോട്ടും ഇടതു മുദ്രാഖ്യം പിടിച്ച് വലതുകൈ നേരെയിട്ട് ഇടത്തോട്ട് നാലു ചുവടുകളും ചവിട്ടിയതിനുശേഷം കൈകളും രണ്ടും താഴെയ്ക്കാക്കി അരമണ്ഡലത്തിൽ ചാടിയിരിക്കുന്നു. വീണ്ടും വലതുകാലിൽ വലത്തോട്ട നാലു ചുവടുകളും ആരംഭിക്കുമ്പോൾ ഇരുകൈകളും മുദ്രാഖ്യ മുദ്ര പിടിച്ച് പിണച്ചു വയ്ക്കുന്നു അതിനുശേഷം വീണ്ടും രണ്ടു ചുവടുകളും ഇടത്തോട്ടുചാടി ചവിട്ടുന്നതോടൊപ്പം ഇരുകൈകളും മലർത്തി കമഴ്ത്തുന്നു.

3 തെയ് തിത്തെയ്

കരുണക്കടലെ കടലിൽ നിന്നെന്നെ

രണ്ടാം വരിയുടെ അതേ ചുവടുകളും കൈമുദ്രകളും ആവർത്തനം

www.TheCMSIndia.org

പുക്കതിലാരായ്വാൻ നൽ വഴി കേട്ടൻപാൽ

8a വരിയിലെ കൈമുദ്രകളും ചുവടുകളും ഉപയോഗിച്ച് രണ്ടാമത്തെ ഇരട്ടി വീണ്ടും ആവർത്തനം

9 b തെയ് തിത്തെയ്

പുക്കതിലാരായ്വാൻ നൽവഴി കേട്ടൻപാൽ
തെയ്യും തീത്തീ തിത്തിത്തെയ്

രണ്ടും മൂന്നും വരികളിലെ ചുവടുകളും കൈ മുദ്രകളും ഇരട്ടിയില്ലാതെ ആവർത്തനം

10 a തെയ് തിത്തെയ്

തക്കവരോട് ചേർന്നണഞ്ഞു മഹോസ

8 a യിലെ കൈമുദ്രകളും ചുവടുകളും ഉപയോഗിച്ച് രണ്ടാമത്തെ ഇരട്ടി വീണ്ടും ആവർത്തനം

10 b തെയ് തിത്തെയ്

തക്കവരോട് ചേർന്നണഞ്ഞു മഹോസ

തെയ്യും തീത്തീ തിത്തിത്തെയ്

രണ്ടും മൂന്നും വരികളിലെ കൈമുദ്രകളും ചുവടുകളും ആവർത്തനം

11 a തെയ് തിത്തെയ്

ദിക്ക പുക്കതിലവരുഴലുന്നപ്പോഠം
വലതു കാൽ വലത്തേയ്ക്ക് വീശി ഇടതു കാൽ സമത്തിൽ കുത്തുന്നതോടൊപ്പം വലതു കൈ ഉള്ളിലേയ്ക്ക് ചുഴറി മുദ്രാഖ്യം പിടിക്കുന്നു. ഇടതുകൈ നേരെ ഇടുന്നു. വീണ്ടും ഇടതുകാൽ വലത്തേയ്ക്ക് വച്ച് മൂന്നാമത്തെ ഇരട്ടി ആരംഭിക്കുന്നു. ഇടതു കൈ ഇടതുവശത്തു മുകളിലേയ്ക്കുയർത്തി വലതുകൈ വലതുവശത്തേയ്ക്ക് നീട്ടി മൂന്നാം ഇരട്ടി കളിക്കുന്നു. 10 ചുവടുകഠം വലത്തേയ്ക്ക് ചവുട്ടിയ ശേഷം ഇടത്തോട്ട് 4 ചുവടുകഠം ചവിട്ടുമ്പോഠം ഇരുകൈകളും കൊട്ടിയതിനുശേഷം ഇരുകൈകളും വീശിപാടുന്നു.

11 b തെയ് തിത്തെയ്

ദിക്ക പുക്കതിലവരുഴലുന്നപ്പോഠം

രണ്ടും മൂന്നും വരികളിലെ കൈ മുദ്രകളും ചുവടുകളും കളിക്കുന്നു.

12 a തെയ് തിത്തെയ്

തിറമോടെ കർത്താവു് കാണകപ്പെട്ട

11 a യിലെ കൈമുദ്രകളും ചുവടുകളും ഉപയോഗിച്ച് മൂന്നാമത്തെ ഇരട്ടി വീണ്ടും ആവർത്തനം

12 b തെയ് തിത്തെയ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തിറമോടേ കർത്താവു് കാണകപ്പെട്ട
രണ്ടും മൂന്നും വരികളിലെ കൈമുദ്രകളും ചുവടുകളും ഉപ
യോഗിച്ചു് പത്തു ചുവടുകൾ എടുത്തതിനുശേഷം പാട്ട
ത്തോടുകൂടി കൈകൊട്ടി മൂന്നു ചുവടുകൾ വലത്തോട്ടു് എടു
ത്തതിനുശേഷം വീണ്ടും ഇടത്തോട്ടു് മൂന്നു ചുവടുകൾ പാ
ടി എടുക്കുന്നതോടൊപ്പം വലത്തേ കൈയ്യിൽ മുദ്രാഖ്യം
പിടിച്ചു് ഇടത്തേ കൈ നേരെ പിടിച്ചു്

കലാശം: വലതുകാൽ മുന്നാട്ടു കടഞ്ഞു് ഇരിക്കുന്നതോടൊപ്പം
കലാശം അവസാനിക്കുന്നു.

തിത്ത ത്തകത താകർകൃതിത്തെയ്യ തിത്തെയ്യു്
തക തെയ്യത്തെയ്യു്

നാലാം പാദം

വരി 16

1 അരുൾചെയ്തിതാചാരമെങ്ങുനിന്നെന്നും, ഓ തിത്തെയ്യു്

2 ആരെന്നുമതെന്തെന്നും മൂലമേതെന്നും, ഓ ,,

3 അതിനിഹകാരണമെങ്ങനെയെന്നും ഓ ,,

4 അതുപൊഴുതായവരറിയിച്ചപ്പോൾ
ഓതിത്തെയ്യുവിരുത്തം—
എല്ലാവരും നിൽക്കുന്നു (വിളക്കിനഭിമുഖമായി)
വിധമിതു് നീയറിക അരചൻപോഴൻ
ഓ തിത്തെയ്യു്

വലതുകാൽ വലത്തേയ്ക്കു് വീശി ഇടതുകാൽ സമത്തിൽ ചവിട്ടുന്നു. ഇടതുകാൽ വലത്തേയ്ക്കു് വലതുകാലിനോടുകൂടി ചവിട്ടുന്നതോടൊപ്പം വലതുകാലും വലതു വശത്തേയ്ക്കു ചവിട്ടുന്നു. വീണ്ടും ഇടതുകാൽ വലതുകാലിന്റെ പുറകിൽ കൂടി വലത്തേയ്ക്കുവച്ചു് വലതുകാൽ സമത്തിൽ ചവിട്ടി ഇടതുകാൽ ഇടതുവശത്തേക്കു് രണ്ടുപ്രാവശ്യം ചവിട്ടുന്നു. വലതുകാൽ ഇടതുകാലിന്റെ പുറകിൽകൂടി ഇടത്തേക്കുവച്ചു് ഇടതുകാൽ ഇടത്തേക്കു ചവിട്ടുന്നതോടൊപ്പം വലതുകാൽ സമത്തിൽ ചവിട്ടുന്നു. അതിനുശേഷം രണ്ടുകാലും സ്വല്പം പൊക്കി മുന്നോട്ടു പാടി കാലുകൾ മാറി മാറി മൂന്നു പ്രാവശ്യം ചവിട്ടിക്കൊണ്ടു് കൈകൊട്ടുന്നു. അതിനുശേഷം നിന്നിടത്തുനിന്നു ഇടത്തേയ്ക്കു പാടുന്നു.

6 വിധിവിഷയം പ്രതി അടിയാർ വന്നു

5—മത്തെ വരിയുടെ ചുവടുകൾ ആവർത്തിക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

7 വിരവിലൊരാശാരി നല്ലൊനേക്കാൺമാൻ

5–വരിയുടെ ആവർത്തനം

8 വിനയറുമറു പണികൾക്കെന്നാൽ

5–ാം വരിയുടെ ആവർത്തനം

ഓ–തിത്തെയ്

9 കഴിവിതിനെപ്പുനമെന്നരുൾ ചെയ്ക

വലതുകാൽ വലത്തേയ്ക്കു വീശി ചവിട്ടി ഇടതുകാൽസമത്തിൽ ചവിട്ടുക. കൈകൊട്ടി കുനിഞ്ഞു ഇടതുകാലും വലതുകാലും മാറി മാറി മൂന്നു പ്രാവശ്യം വലത്തേയ്ക്കു വയ്ക്കുന്നു. അതിനുശേഷം രണ്ടുകാലിലും ചാടിനിന്നു വലതുകാൽ പൊക്കി കൈകൾ പതാക മുദ്രയിൽ പിടിക്കുന്നു. അതിനുശേഷം പൊക്കിയ കാൽ താഴ്ത്തി രണ്ടു ചുവടുകൾ മുന്നോട്ടുനടന്നതിനുശേഷം തിരിഞ്ഞ് ഇടത്തേയ്ക്ക് ചാടി വലതുകാൽ പൊക്കി കൈകൾ പതാക മുദ്രയിൽപിടിക്കുന്നു. അതിനുശേഷം വീണ്ടും കൈകൊട്ടി മൂന്നു ചുവടുകൾ ഇടതുവശത്തേയ്ക്ക് നടന്നതിനുശേഷം വീണ്ടും രണ്ടുകാലിൽ ചാടി നിന്നതിനുശേഷം ഇടതുകാൽ പൊക്കി പതാകമുദ്രയിൽ കൈപിടിക്കുന്നു.

10 കരുതിയതിനൊരു വഴിയെപോവാൻ ഓ–

9–ാം വരിയുടെ ആവർത്തനം

11 കഴിവിതിനാരിതു കാരണമെന്നും ഓ–

9–ാം വരിയുടെ ആവർത്തനം

12 കൈകരുമില്ലാതുള്ള മനവും ദിക്കിൽ

ഓതിത്തെയ്

13 ഇവരിതു ചൊന്നതിനുത്തരമൻപാൽ ഓ–

ഓ തിത്തെയ് എന്നു പാടുന്നതിനോടൊപ്പം തന്നെ വിളക്കിനരികിലേയ്ക്ക് നാലു ചുവടുകൾവച്ച് ഇടതുകാൽ പൊക്കി കൈ പതാക മുദ്രയിൽ മുകളിലേയ്ക്കുയർത്തുന്നു. കൈ ഒരു പ്രാവശ്യം അടിക്കുന്നു. അതിനുശേഷം പിറകിലേയ്ക്കു തിരിഞ്ഞ് നാലുചുവടുകൾവച്ച് വലതുകാൽ പൊക്കുന്നു. വീണ്ടും വലത്തേയ്ക്കു നാലു ചുവടുകൾ വച്ച് ഇടതുകാൽ പൊക്കുന്നു. വീണ്ടും ഇടതുവശത്തേയ്ക്ക് നാലു ചുവടുകൾവച്ച് വലതുകാൽ പൊക്കുന്നു. 4 വശത്തേയ്ക്കും തലയ്ക്കുമുകളിൽ കൈ അടിക്കുന്നു.

14 ഹിതം വരുമാറരുൾചെയ്തിതു മാറാൻ ഓ–

5–ാം വരിയുടെ ആവർത്തനം

www.TheCMSIndia.org

15 ഇടമതിൽ നിന്നരനാഴികമുൻപെ ഓ—
13—ാം ആവർത്തനം.

16 ഇടമതിൽ നിന്നൊരുതച്ചനെ നൽകാം ഓ—
5—ാം ആവർത്തനം.

കലാശം—Counting 5 വരിയിലെ ചുവടുകളും വെച്ചതിനുശേഷം കലാശം

താ കർകു തീത്തെയ്യു തീത്തെയ്തക തെയ്യുത്തെയ്

രണ്ടുകാലും പൊക്കി ചാടി അരമണ്ഡലത്തിൽ ഇരിക്കുക. വീണ്ടും ഇടത്തേയ്ക്കും ചാടിയിരുന്നതിനുശേഷം നിവർന്നു വലതുകാൽ മുന്നോട്ടു വീശി കൈ മുദ്രാഖ്യം പിടിച്ചു് മുഴ മണ്ഡലത്തിൽ ഇരിക്കുക.

അഞ്ചാംപാദം

18 വരി

1 മരമൊട്ട കല്ലുകളും കനകം വെള്ളി

2 മനമിയലും പടി പൊമ്പുമിരുമ്പും

3 മറ്റും പലവക വേണ്ടും പണികളും
അംഗചലനങ്ങളൊന്നും ഇല്ലാതെ നിൽക്കുന്നു.

ഇതെയ്തത്ത

മരമൊട്ട.....ഒരു പ്രാവശ്യം കൂടി പാടുന്നു

ഇടതുകാൽ ഇടതുവശത്തേയ്ക്കു് വീശി ചവിട്ടി വലതുകാൽ വീശി സമത്തിൽ ചവിട്ടി വലത്തേയ്ക്കു പൊരിഞ്ഞു നിൽക്കുന്നു. ഇരു കൈകളും തോളൊപ്പം വീശി എടുക്കുന്നു. ഇടതുകാൽ പൊക്കി ഉള്ളിലേയ്ക്കു് നീട്ടിവെയ്ക്കുന്നതോടൊപ്പം താളാത്മകമായി താഴ്ത്തി പൊക്കി വലതുകാൽ ഇടതുകാലിനോടു് ചേർക്കുന്നു. ഒപ്പം കൈ അടിക്കുന്നു. (കൈപ്പത്തികളും നേരെ പിടിച്ചു്) ഇതുപോലെ തന്നെ വലതുവശത്തേയ്ക്കും അടിക്കുന്നു. ഇടതുകാൽ ഉള്ളിലേയ്ക്കു നീട്ടിവെച്ചു് വലതുകാൽ പൊക്കി വീശി ചവിട്ടുന്നതോടൊപ്പം അരമണ്ഡലത്തിൽ ഇരിക്കുന്നു. കൈ ഇരുവശങ്ങളിലും മുൻഭാഗത്തായി കമഴ്ത്തി പിടിക്കുന്നു. ഇടതുകാൽ പിന്നിൽ ചവിട്ടി വലതുകാൽ മുൻപിൽ ചവിട്ടി പിന്നിലേയ്ക്കു വയ്ക്കുന്നു. വലതുകാൽ വീശി വലതുവശത്തേയ്ക്കു വയ്ക്കുന്നു. ഒപ്പം വലതു കൈയ്യും വീശി വല

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ത്തേയ്ക്കു വയ്ക്കുന്നു. ഇടതുകാൽ പൊക്കി ഇടത്തേയ്ക്കു വീശി ചവിട്ടും.

ഒപ്പം വലതുകാൽ അതേ സ്ഥാനത്തു ചവിട്ടുന്നു. ഇടതുകാൽ പൊക്കി മുൻപോട്ടു പോയി വലതുകാൽ വീശി വലതുവശത്തു വച്ച് ഇടതുകാൽ അതേ സ്ഥാനത്തു വയ്ക്കുന്നു. അപ്പോഴും കൈകളും കമഴ്ത്തിപ്പിടിക്കുന്നു. ഉടനെ ഇടതുകാൽ പിന്നിൽ ചവിട്ടി ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നീ ക്രമത്തിൽ കൈകളും അടിക്കുന്നു.

ഇന്തെയ്തത്ത തത്തത്ത തകതത്തേ കർകു തിത്തെയ് തകതെയ് തെയ്താം.

4 മഹിമയോടരിമകളെല്ലാം ചെയ്യും
മനുവിവ–തിത്ത തകത തിതത്താം
തികിതക തകത തികതതാം കർകു തിത്തതാം
കർകു തിത്തത്താം കർകു തിത്ത തത്ത തിത്ത,
തിമൃത തെയ്

'മനുവിവ' വരെ ഒന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം. ഒന്നാമത്തെ ഇരട്ടി ആരംഭിക്കുന്നു വലതുകാൽ വലതുവശത്തേയ്ക്കു ചവിട്ടി ഇടതുകാൽ വലതുകാലിനു പിന്നിൽ വയ്ക്കുന്നു. വലതുകാൽ വലതുവശത്തേയ്ക്കു വച്ച് ഇടതുകാൽ വലതുകാലിനോടൊപ്പം ചവിട്ടുന്നു. ഓരോ ചുവടിനും താളാത്മകമായി കൈപ്പത്തി തിരിഞ്ഞും, മറിഞ്ഞും വരുന്നു. ഇതേ ചുവടുകളും ഇടതുഭാഗത്തേയ്ക്കും വയ്ക്കുന്നു. വലതുകാൽ മുൻപിൽ ചവിട്ടി ഇടതുകാൽ പൂർവ്വസ്ഥാനത്തു തന്നെ ചവിട്ടി വലതുകാൽ ഇടതുകാലിനടുത്തു ചവിട്ടുന്നു. ഇടതുകൈ തോളിനോടൊപ്പം നീട്ടി ഇട്ട് വലതു കൈ, കാൽമുട്ടിനൊപ്പം മലർത്തിയും കമഴ്ത്തിയും പിടിക്കുന്നു. അരമണ്ഡലത്തിലിരിക്കുമ്പോഴും കൈ മുദ്രയിൽ പിടിക്കുന്നു.

ഇന്തെയ്തത്ത

5 മഹിമയൊടരിമകളെല്ലാം ചെയ്യും

6 മനുവിവനെതിരില്ലൊരുവൻ തച്ചൻ

7 മാവില്ലേതും പണികളും ക്ഷണകാൽ

ഇന്തെയ്തത്ത
തത്തത്ത തകതതേ
കർകു തിത്തെയ്തക തെയ്തെയ്തം.

8 ഇത്തരമുത്തരമായുള്ള വചനം

9 ഇപ്പുവരും പടി കുരുതിയുറച്ച്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തക്കിട കിടതകി
തായ്ക തൊങ്കം
തരികിട കിടതകി തായ്ക്കതൊങ്കം
തക്കിട കിടതേ തരികിട കിടതേ
തക്കി തൊങ്കം ത്ളാങ്ക തതികിണതോം

ഒന്നാമത്തെ വരികളുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം മൂന്നുവരെയുള്ള ചുവടുകൾ എടുത്തു 'കരുതിയുറച്ചു' എന്നു പാടുമ്പോൾ രണ്ടാമത്തെ ഇരട്ടി തുടങ്ങുന്നു. വലതുകാൽ മുന്നിലേയ്ക്കു വച്ചു് ഇടതുകാൽ അവിടെതന്നെ ചവിട്ടി. വലതുകാൽ വീണ്ടും സമത്തിൽ ചവിട്ടുന്നു ഇടതുകൈയ് വെറുതെ ഇടുന്നു. വലതുകൈയ് മുട്ടുകൊണ്ടു് (അല്പം മുൻപോട്ടു കുനിഞ്ഞു്) ചലിപ്പിക്കുന്നു. അതിനുശേഷം കൈ നേരെ ഇടുന്നു. ഇതേ ചുവടുകൾ ഇടതുവശത്തേയ്ക്കു് ആവർത്തിക്കുന്നു.

വലതുകാൽ സമത്തിൽ ചവിട്ടി വലതു വശത്തേയ്ക്കു നീക്കി ചവിട്ടുന്നു. അതുപോലെ ഇടതു വശത്തേയ്ക്കും ഒരു പ്രാവശ്യം ചെയ്യുന്നു. ആദ്യം മുമ്പോട്ടു് വലതു കാലുകൊണ്ടു കളിച്ച അതേ ചുവടു് ഒരു പ്രാവശ്യം കൂടി കളിക്കുന്നു. അതിനുശേഷം കൈമുദ്രാവ്യത്തിൽ പിടിച്ചു് കാലു മുന്നോട്ടു നീട്ടി മുഴമണ്ഡലത്തിൽ ഇരിക്കുന്നു.

ഇന്തെയ്തത്ത

7–1 ഇതുതരമുത്തര മായുള്ള വചനം

8–1 ഇച്ചുവടും പടി കരുതിയുറച്ചു്

9 ഇവരോടിതമായു് അരുളം ചെയ്യുമ്പോൾ

ഇന്തെയ് തത്ത
തത്തത്ത ത്തകതത്തേ കർക
തിത്തെയ് തക തെയ്തെയ്താം
ഇമ്പമോടരുപികം തിരുമനസ്സാലെ
ആദ്യവരികളുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം
തത്തത്ത ത്തകതത്തേ കർക
തിത്തെയ് തക തെയ്തെയ്താം
ആദ്യവരികളുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

'ഇയൽ വഴിവരെ പാടുമ്പോൾ ആദ്യത്തെ മൂന്നാമത്തെ വരിയിലെ 'മറും' വരെയുള്ള ചുവടുകളും കൈമുദ്രകളും എടുത്തശേഷം മൂന്നാമത്തെ ഇരട്ടി എടുക്കുന്നു.

ഇമ്പമോടരുപികം തിരുമസ്സാലേ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

10 ഇയൽ വഴി
തീ തീ തെയ്യം തത്ത
തികുതീ തെയ്യം തത്ത
തീത്തെയ് 'തികുതെയ്'
തീതെയ് ഇത്താതിത്താ തിമൃതത്തെയ്

വലതുകാൽ മൂന്നുപ്രാവശ്യം ചവിട്ടി മുൻഭാഗത്തേയ്ക്ക് ചരിച്ച് ചവിട്ടുന്നു. വലത്തു കൈ മുമ്പിലും ഇടതുകൈ പിന്നിലും പിടിച്ച് കൈപ്പത്തികൾ മാത്രം ചലിപ്പിക്കുന്നു. വലത്തുകാലുകൊണ്ട് ചെയ്ത ചുവടുകൾ ഇടതുവശത്തും ചെയ്യുന്നു. വലതുകാലും പിന്നിലേക്ക് ഒരു പ്രാവശ്യം ചവിട്ടുന്നു. കൈമുദ്രാഖ്യത്തിൽ പിടിച്ച് രണ്ടുപ്രാവശ്യം വലതുകാൽ ചവിട്ടി പൊക്കി ചാടി മുഴുമണ്ഡലത്തിലിരിക്കുന്നു.

ഇന്തെയ്തത്ത

9_1 ഇമ്പമോടരൂപികൾ തിരുമനസ്സാലെ

10_1 ഇയൽ വഴിയെത്തിയണഞ്ഞുറുഹായിൽ

11 ഇണതാനായോനെയെടുത്താ കാശെ

ഇരട്ടിയില്ലാതെ ആദ്യവരികളിലെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ഇന്തെയ് തത്ത
തത്തത്ത തകതത്തേ
കർകുതിത്തെയ് തക
തെയ് തെയ്താം

12 ദൂതരോടൊരുമിച്ചാ—
വഴികൂടി

13 വിധമൊരു തച്ചനു സാദൃശ്യമായി
തീത്താം തിത്തത്താം
തീത്താം തിത്തത്താം
കർകു തിത്തത്താം
കർകു തിന്തത്താം
കർകു തിത്ത ത്തത്താ
തിത്താ തിമൃതത്തെയ്

ആദ്യവരികളിലെ ചുവടുകളും കൈമുദ്രകളും ആവർത്തനം ''സാദൃശ്യമായി'' എന്നു പാടുമ്പോൾ നാലാമത്തെ ഇരട്ടി ആരംഭിക്കുന്നു. വലതുകാൽ വലതുവശത്തേയ്ക്കു ചവിട്ടി ഇടതുകാൽ അവിടത്തന്നെ ചവിട്ടി (ശരീരം വലതു വശത്തേയ്ക്ക് അ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ല്പം ചലിക്കുന്നു.) വീണ്ടും ഇടതുകാൽ വലതു കാലിന്റെ പിന്നിൽ കുത്തി വലതുകാൽ വലതുഭാഗത്തു ചവിട്ടുന്നു ഇടതു കൈ തോളിനോടൊപ്പം ഇടതുഭാഗത്തു നീട്ടിപിടിച്ചു് വലതു കൈ മടക്കി പതാക മുദ്രയിൽ കൈപ്പത്തി മലർത്തിയും കമിഴ്ത്തിയും പിടിയ്ക്കുന്നു. ഇതുപോലെ ഇടതുഭാഗത്തേയ്ക്കു ചെയ്യുന്നു. വലതുകാൽ വലതുവശത്തേയ്ക്കു ചാടി ഇടതുകാൽ വലതുകാലിന്റെ പിന്നിൽ കുത്തി വലതുകാൽ വലതുഭാഗത്തേയ്ക്കു ചവിട്ടുന്നു. ഇതുപോലെ തന്നെ ഇടതുഭാഗത്തേയ്ക്കും ഒരു പ്രാവശ്യം ചെയ്യുന്നു.

വലതുകാൽ രണ്ടുപ്രാവശ്യം മുൻഭാഗത്തേയ്ക്കു പൊക്കി ഇടതുകാൽ പൂർവ്വസ്ഥിതിയിൽ ചവിട്ടി മുഴമണ്ഡലത്തിൽ മുഖ്യത്തിൽ ഇരിക്കുന്നു.

ഇന്തെയ്തത്ത

12–1 ദുതരോടൊരുമിച്ചാവഴികൂടി

13–1 വിധമൊരു തച്ചന സാദൃശ്യമായി
വിരവോടെ അരനാഴികമുമ്പേ

ആദ്യത്തെ മൂന്നുവരികളിലെ കൈമുദ്രകളും ചുവടുകളും ആവർത്തനം.

ഇന്തെയ്തത്ത
തത്തത്ത തകതത്തേ
കർകുതിത്തെയ് തകതെയ് തെയ് താം

ആദ്യചുവടുകൾ ആവർത്തനം

14 വിശ്വമിടങ്കയിലായവനൊരുവൻ

15 വിധിയുടെ അരചൻ തിരുമുമ്പാകെ

"മുമ്പാകെ" വരെ ആദ്യ ചുവടുകൾ എടുക്കുന്നു.

അഞ്ചാമത്തെ ഇരട്ടി എടുക്കുന്നു.

തകിട കിടതകി, തകിടകിടതകി
തക്കിട, കിടതകി തീ
തകത, തകത, തകത, തീ
തിക്കിടകിടതകി, തിക്കിടകിടതകി,
തിക്കിടകിടതകി തീ
തികിത, തികിത, തികിതാ, തീ
തക്കിട കിടതകി തീ തകത തീ
തിക്കിട കിടതകി തീ തികിതാ തീ
തക്കിട കിടതേ, തിക്കിട കിടതേ
തക്കിട്ടേതാ ഇന്തത്താ കിട
തെയ് തെയ് ഇത്തെയ്
ഇന്തത്താകിട തക്കിടകിടതകിതീ

വലതുകാൽ മുന്നിൽവച്ചു് അല്പം ചാടി ഇടതുകാൽ പി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്നിൽ ചവിട്ടി വലതുകൈ വലതുവശത്തു്, കൈമുട്ടുമടക്കി 40° താഴ്ത്തി കൈക്കമ്പോസ് ആകൃതിയിൽ പിടിച്ചു് 3 പ്രാവശ്യം ആട്ടിക്കൊടുക്കുന്നു.

വലതുവശത്തേയ്ക്കു് വലതുകാൽ മാറ്റി ചവിട്ടി, ഇടതുകാൽ ചേർത്തു ചവിട്ടി കൈ രണ്ടുംകൂടി മുൻഭാഗത്തു് പിടിച്ചു് അൽപ്പം താഴ്ത്തി പൊക്കുന്നു. ഇങ്ങനെ മൂന്നു പ്രാവശ്യം വലതുഭാഗത്തേയ്ക്കു നീങ്ങുന്നു. ഇതുപോലെതന്നെ ഇടതുഭാഗത്തേയ്ക്കും മൂന്നു പ്രാവശ്യം ചവിട്ടുന്നു. ഇതേ ചുവടു് ഓരോ പ്രാവശ്യം ഇടത്തോട്ടും വലത്തോട്ടും ചെയ്യുന്നു. ഇടതുഭാഗത്തേക്കു തിരിഞ്ഞു ഈ ക്രമത്തിൽ 3 ചുവടുകളും വലതുഭാഗത്തേയ്ക്കു് മൂന്നു പ്രാവശ്യം ചവിട്ടി വീണ്ടും ഇടതു ഭാഗങ്ങളിലേക്കു ചവിട്ടി കൈ മുദ്രാഖ്യയിൽ പിടിച്ചു് മുകളിലേക്കിടുന്നു. പിന്നീടു് ഓരോ ചുവടുകളായി ഇടതുകാലിലാരംഭിച്ചു് മുന്നോട്ടു നാലുപ്രാവശ്യം (വട്ടത്തിൽ) നടക്കുന്നു.

ഉടനെ രണ്ടു കാലും ഒന്നിച്ചുചാടി വലതുകാൽ ഇടതുകാൽ മുട്ടുവരെ ഉയർത്തി വീണ്ടും ഒരു പ്രാവശ്യംകൂടി വലതുകാൽ, ഇടതുകാൽ ഈ ക്രമത്തിൽ ചവിട്ടി വട്ടത്തിനുള്ളിലേക്കു് വലതുകാൽ മുന്നോട്ടു ചാടി ചവിട്ടി, ഇടതുകാൽ യഥാസ്ഥാനത്തുതന്നെ ചവിട്ടി വലതുകാൽ ഇടതുകാലിനു സമീപം ചവിട്ടുന്നു.

14–1 വിശ്രമിടങ്കയ്യിലായവനൊരുവൻ,
15–1 വിധിയുടെ അരചൻ തിരുമുമ്പാകെ
16 വിധിപോലെവ താകർക്കതിത്തത്തത്താ
തിമ്മതത്തെയ്

ആദ്യത്തെ 3 വരികളിലെപ്പോലെ ആവർത്തനം (ഇന്തെയ് തത്ത ഒഴികെ) കൈ അടിച്ചു് പിന്നിലേക്കു വരുന്നതോടെ മുഴമണ്ഡലത്തിൽ കൈമുദ്രാഖ്യത്തിൽ ഇരിക്കുന്നു.

ആറാം പാഠം

വരി 16

1 വിരവിലീ വരവു കണ്ടാനന്ദിച്ചു
2 വിദഗ്ധനെന്നുറച്ചുള്ളിലാശ കൊണ്ടു
3 വേസ്ഥ വരുത്തിയിതാവാനപ്പോഴം

ഇന്തെയ് തത്ത

യാതൊരു ചലനവുമില്ലാതെ വട്ടത്തിൽ നിൽക്കുന്നു.
വിരവിലീ വരവു കണ്ടാനന്ദിച്ചു

ചുവടുകൾ വലതു് 8

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വലതുകാൽ വീശി വലത്തേയ്ക്കു ചവിട്ടുന്നതോടൊപ്പം ഇടതുകാൽ വലതുകാലിനോടു ചേർത്തു ചവിട്ടുന്നു. വലതു കൈ മുദ്രാഖ്യത്തിൽ പിടിച്ചു് ഇടതുകൈ തോളിനൊപ്പം പൊക്കി നീട്ടി പിടിക്കുന്നു.

ഇടതുകാൽ വലതുകാലിന്റെ മുമ്പിൽ ചവിട്ടി വലതു കാൽ ഇടതുകാലിനൊപ്പം ചവിട്ടിതെന്നിച്ചു് വലത്തേയ്ക്കു് ചവിട്ടുന്നു. ഇടതുകാൽ അവിടെത്തന്നെ ചവിട്ടി വലതു കാലിന്റെ പിന്നിൽ വയ്ക്കുന്നു. വലതുകാൽ അവിടെതന്നെ ചവിട്ടി ഇടതു കാലിനു് സമത്തിൽ ചവിട്ടുന്നു.

വിദഗ്ധനെന്നുറച്ചുള്ളിലാശകൊണ്ടു

ചുവടുകം 8

ഇടതുകാൽ വലതുകാലിനൊപ്പം ചവിട്ടുന്നു. വലത്തോട്ടു് ചെയ്ത ചുവടുകളും കൈമുദ്രകളും ഇടതുവശത്തേയ്ക്കു് ചെയ്യുന്നു.

(ഇന്തെയ്തത്ത ഒഴികെ)

സമത്തിൽ ചവിട്ടുന്നതോടൊപ്പം ഇടതുകാൽ ഒരു പ്രാവശ്യം കൂടി ചവിട്ടുന്നു.

വേസ്ഥവരുത്തി–ചുവടുകം—8

ഇടതു വശത്തേയ്ക്കു ചെയ്ത കൈ മുദ്രകളും ചുവടുകളും വലതു വശത്തേക്കും ചെയ്യുന്നു. അരമണ്ഡലത്തിൽ ഇരിക്കുന്നതോടൊപ്പം ഇരു കൈകളും മലർത്തി പതാക മുദ്രയിൽ പിടിച്ചു് കൈ തോളിനോടൊപ്പം ഉയർത്തി താഴ്ത്തി (അരക്കെട്ടിനൊപ്പം കമഴ ത്തി വയ്ക്കുന്നു.

യിതാവാനപ്പോകം—ചുവടുകം 4

ഇടതു വശത്തേയ്ക്കു് ഇടതുകാൽ ചവിട്ടി വലതുകാൽ ഇടതുകാലിന്റെ പിന്നിൽ മാറി മാറി ചവിട്ടി നാലുപ്രാവശ്യം കൈ കൊട്ടി വലതു കൈ മുദ്രാഖ്യത്തിൽ പിടിച്ചു് മുഴമണ്ഡലത്തിൽ ഇരിക്കുന്നതോടൊപ്പം ഇടതു കൈ തോളിനോടൊപ്പം ഇടതു വശത്തേയ്ക്കു നീട്ടി ഇടുന്നു.

ഇന്തെയ്തത്ത

4 അതു നിജതിരുമനസ്സാദരാലെ
5 അറിഞ്ഞുടൻ ത്വടുതിയിലാവാനോടു്
6 അരുകം ചെയ്തിതാ വന്നാശാരിയെന്നു്

ചുവടുകം : 8 + 8 + 8 + 4

ആദ്യത്തെ മൂന്നു വരികളുടെ കൈമുദ്രകളും ചുവടുകളും ആവർത്തനം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇന്തെയ്ത്തത്ത
വലതുകാൽ വലതുവശത്തേയ്ക്ക് ഉയർത്തി ചവിട്ടി ഇടതുകാൽ സമത്തിൽ ചവിട്ടുന്നു.

7 അവ്വന മരുംവഴി കേട്ടിട്ടാവാൻ

ചുവടുകൾ: വലതു് – 8

ഇടതുകാൽ ചവിട്ടി ഇടതുവശത്തേയ്ക്ക് വയ്ക്കുന്നു. ഇടതു കൈ ഇടതു വശത്തേയ്ക്ക് മുദ്രാഖ്യത്തിൽ വീശി ഇടുന്നു. വലതു് ഇടതു് ഈ ക്രമത്തിൽ ആറു ചുവടുകൾ പിന്നിലേയ്ക്ക് (വട്ടത്തിൽ) വരുന്നു.

8 അതു തെളിവരചനിലായിക്കൊണ്ടു്

ചുവടുകൾ : ഇടതു് – 8

ഇതേ ചുവടുകളും കൈമുദ്രകളും വലതു വശത്തേയ്ക്കും ചെയ്യുന്നു.

9 a അറിയിച്ച യാത്ര

ചുവടുകൾ :– 8

ഇടതുകാൽ സമത്തിൽ ചവിട്ടി വലതു കാൽ ഇടതു കാലിന്റെ പിന്നിൽ ചവിട്ടി ഇടതു കാലിൽ ഇടതു വശത്തേയ്ക്ക് കറങ്ങി സദസ്സിനഭിമുഖമായി ഇരിക്കുന്നതോടൊപ്പം ഇരുകൈകളും അരക്കെട്ടിനൊപ്പം കമഴ്ത്തി പതാക മുദ്രയിൽ പിടിക്കുന്നു.

9 b കല്പന വാചാൽ ചുവടുകൾ – 4

ഇന്തെയ്ത്തത്ത വലത്തു് – 2

ഉടനെ വലതു് ഇടതു് ഈ ക്രമത്തിൽ മൂന്നു പ്രാവശ്യം കൈകൊട്ടി നാലാമത്തെ പ്രാവശ്യം മുഴമണ്ഡലത്തിൽ ഇരിക്കുന്നു. കൈ മുദ്രാഖ്യത്തിൽ പിടിച്ചു് ഇടതു കൈ വലതു വശത്തേക്കിടുന്നു. (ഇത്തെയ്ത്തത്തയുടെ) ആദ്യത്തെ ചുവടുകൾ ആവർത്തനം.

10 വചനമിതരുളിയ തോമായോടു്

വലത്തു് – 4

ഇടതുകാൽ വലതു വശത്തേയ്ക്കു് ചവിട്ടുന്നതോടൊപ്പം ഇടതു കൈ മുമ്പിലും വലതുകൈ പിന്നിലും മുദ്രാഖ്യയിൽ പിടിക്കുന്നു. ഇപ്രകാരം ഇടതു് വലതു് ഈ ക്രമത്തിൽ മൂന്നു പ്രാവശ്യം നടക്കുന്നു.

11 തരുവതിനിഹ വേണ്ടുംവണ്ണം

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

12 a വഴിപോലെ ഇടയ്ക്ക് – 4

നാലാമത്തെ ചുവട്ടിൽ വലത്തുകാൽ ചുഴറ്റി ഇടത്തുവശ ത്തേയ്ക്കു് കറങ്ങുന്നതോടൊപ്പം കൈ മുകളിൽ കൊട്ടുന്നു.

12 b തിരിച്ചുരുവം ചെയ്യുമ്പോൾ

ചുവടുകൾ : വലത്തു് – 4 ഇടത്തു് – 2

ഈ ചുവടുകൾ തന്നെ ഇടത്തേയ്ക്കും വലത്തേയ്ക്കും മൂന്നു പ്രാവശ്യം ആവർത്തനം. നാലാമത്തെ പ്രാവശ്യം രണ്ടു ചുവടു കളിക്കുന്നു.

13 ഇന്തെയ്തത്ത വചനമിതരുളിയതോർത്തു കേട്ട

14 അകതാരിലിവരുടെ കോലം കണ്ടു്.

ഏഴു്, എട്ടു്, ഒമ്പതു് എന്നീ വരികളുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

(സദസ്സിനഭിമുഖമായി ഇരുന്നു് പിന്നിലേയ്ക്കു് കൈ കൊട്ടുന്നതിനു പകരം വിളക്കിനഭിമുഖമായി ചെയ്യുന്നു.)

15 വാക്കുവശത്താലുള്ളം നടുങ്ങി

ചുവടുകൾ: വലത്തു് –8, ഇടത്തു്–8

വിളക്കിനഭിമുഖം–8

പിമ്പു്–4

ഇന്തെയ്തത്ത വലത്തു് – 2

ആദ്യത്തെ ഇന്തെയ്തത്തയുടെ ചുവടു് ആവർത്തനം.

16 വഴങ്ങിയതവനിയിൽ വീണതോമ്മാ

17 വരുവതിൻ വിനകളിൽ കേണുനിന്നു

18 വലുതായിട്ടുള്ള പീഡകളിതുപോൽ

ചുവടുകൾ : വലത്തു് $4 \times 7 = 28$ ഇടത്തു് $4 \times 7 = 28$

ഇരട്ടിവട്ടം കളിക്കുന്നു. ഇടത്തുകാൽ വലത്തുകാലിനു മുൻ പിൽ വലത്തേയ്ക്കുവച്ചു് വലത്തുകാൽ ചവിട്ടി വീണ്ടും വലത്തുകാൽ തന്നെ മുമ്പുചവിട്ടി ഇടത്തുകാലും വലത്തുകാലും മാറിമാറിസമത്തിൽ ചവിട്ടി ഏഴുപ്രാവശ്യം വീതം രണ്ടു തവണകളിക്കുന്നു. വലത്തുകൈ മുദ്രാഖ്യയിലും ഇടത്തുകൈ തോളിനൊപ്പവും നീട്ടിപ്പിടിക്കുന്നു. ഇതു് വശം മാറു ന്നതിനനുസരിച്ചു് കയ്യും വിപരീത ദിശയിൽ പിടിക്കുന്നു. ഇന്തെയ്തത്ത

ചുവടുകൾ: വലത്തു്–6 ഇടത്തു്–6

പതിനാറു്, പതിനേഴു്, പതിനെട്ടു് വരികളുടെ ചുവടു കളും കൈമുദ്രകളും ആവർത്തനം (ഇതുയും ഭാഗം ഇരട്ടി വട്ടം തന്നെ ചവിട്ടുന്നു.)

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കലാശം

താകർകൃതത്തോം തകതോം
തികിതകതാ ഇത തെയ്യ്തെയ്യ്
തങ്ങും തിങ്ങും തതിംകിണ
തത്തോം തകതോം
തകിതകതാ ഇത തെയ് തെയ്
തങ്ങും തിങ്ങും തതിം കിണതോം

വലതുകാൽ മുന്നിലും ഇടതുകാൽ പിന്നിലുമായി നിൽക്കുന്നു. (കൈ പതാകമുദ്ര) വലതുകൈ മുമ്പിലും ഇടതുകൈ പിന്നിലുമായി പിടിക്കുന്നു. ഇങ്ങനെ തന്നെ ഇടതും വലതുമായി മൂന്നു പ്രാവശ്യം ആവർത്തനം (വലതുകാൽ ചുഴറി വലതുവശത്തേയ്ക്ക് കറങ്ങി ഇടതുകാൽ മുമ്പിൽ ചവിട്ടുന്നു)

ചുവടുകൾ:– വലതു് 6, ഇടതു് –6

ഇതേ ചുവടുകളും കൈമുദ്രകളും ഇടതുകാലിൽ ആരംഭിച്ചു് ഒരു പ്രാവശ്യംകൂടി കളിക്കുന്നു. തോം എന്നു പാടുമ്പോൾ മുഴമണ്ഡലത്തിൽ ഇരിക്കുന്നു. വലതുകൈ മുദ്രാഖ്യത്തിൽ പിടിച്ചും ഇടതുകൈ ഇടതുവശത്തേയ്ക്കു നീട്ടിയും പിടിക്കുന്നു. ഇതോടുകൂടി കലാശം അവസാനിക്കുന്നു.

ഏഴാം പാഠം

വരി 20

1 എന്നെ നീ കാത്തല്ലോ ഏറെറങ്ങളേശാതെ

2 എന്നതും പാഴായിട്ടേകുന്ന ദൈവമെ
കളിക്കാർ വിളക്കിനഭിമുഖമായി നിൽക്കുന്നു.
തെയ് തെയ്

3 ഹിന്ദുവെന്നുള്ള നാടേറിയ സർപ്പങ്ങാം

വലതുകാൽ വലതു വശത്തേയ്ക്കു വയ്ക്കുമ്പോൾ വലതു കൈ വലതു വശത്തേയ്ക്കു വളച്ചു് കമഴ്ത്തി പിടിക്കുന്നു. വലതു കാലിനു് മുന്നിലേയ്ക്കു് ഇടതുകാൽ വയ്ക്കുമ്പോൾ ഇടതു കൈ അതോടൊപ്പം വളച്ചു് കമഴ്ത്തി പിടിക്കുന്നു. വലതുകാൽ വീണ്ടും അതിനു മുമ്പിൽ വച്ചു് ഇടതുകാൽ വലതു കാലിനു പിമ്പിൽ കൂത്തി വലതുകാൽ ചേർത്തുവച്ചു് അരമണ്ഡലത്തിൽ നിൽക്കുമ്പോൾ രണ്ടു കൈകളും കമഴ്ത്തി നെഞ്ചിനു നേരെ പിടിക്കുന്നു. അരമണ്ഡലത്തിൽ ചാടി നിൽക്കുമ്പോൾ ഇടതു കൈ നെഞ്ചിനു നേരെ കമഴ്ത്തിപ്പിടിക്കുകയും വലതു കൈ അതിനു താഴെ ഇടതു വശത്തേയ്ക്കു പരിച്ചു പിടിക്കുകയും ചെയ്യുന്നു. വീണ്ടും ഇടതു വശത്തേയ്ക്കു ചാടു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്പോഴും വലതു കൈ മുകളിലും ഇടതു കൈ അതിനു താഴെയുമായി നെഞ്ചിനു നേരെ വലതു വശത്തേയ്ക്കു ചരിച്ചു പിടിക്കുന്നു. ഇടതുകാൽ ചവിട്ടി ഇടതുവശത്തേയ്ക്കു വച്ചു് വലതുകാൽ പിന്നിൽ ചവിട്ടി ഇടതുകാൽ ഇടതുവശത്തേയ്ക്കു് ചേർത്തു വയ്ക്കുന്നു. ഇടതുകാൽ ചവിട്ടുമ്പോൾ ഇടതു കൈയും വളച്ചു് കമഴ്ത്തി പിടിക്കുന്നു. വലതുകാൽ ഉള്ളിലേയ്ക്കു ചവിട്ടി ഇടതുകാൽ പിന്നിൽ ചവിട്ടി വലതുകാൽ വലതു വശത്തേയ്ക്കു ചേർത്തു വയ്ക്കുമ്പോൾ താളാത്മകമായി മൂന്നു പ്രാവശ്യം കൈയ്യടിക്കുന്നു.

തെയ് തെയ്

4 എന്നിവയെന്നിയെ ഏറെമാം ജന്തുക്കൾ

തെയ് തെയ്

5 നാണമില്ലാതുള്ള നായരുണ്ടോ ദിക്കിൽ
തെയ് തെയ്

6 നാളില്ലെ കോളില്ലെ നന്നായി ചൊല്ലില്ലെ

ഈ മൂന്നു വരികൾക്കും മേൽ കാണിച്ച ചുവടുകളും വരികളും—ആവർത്തനം

തെയ് തെയ്

7 നാടെല്ലാം കാടല്ലോ നായനെയെന്നെ നീ

മേൽക്കാണിച്ച (3-ാമത്തെ വരിയിലെ) ചുവടുകൾ ആവർത്തിക്കുന്നു. വലതു വശത്തേയ്ക്കു പോകുമ്പോൾ, കൈമുട്ടു മടക്കി, ഇടതു കൈ മലർത്തിയും വലതു കൈ കമഴ്ത്തിയും, ഇടതു് വലതു് ഈ ക്രമത്തിൽ 3 ചുവടുകൾ എടുക്കുന്നു. അരമണ്ഡലത്തിൽ ഇരിക്കുമ്പോൾ ഇരു കൈകളും മലർത്തി കാൽമുട്ടിനൊപ്പം പിടിക്കുന്നു. വലത്തേയ്ക്കു് എടുത്ത കൈമുദ്രകൾ എടുത്തശേഷം (ഇടത്തേയ്ക്കു്) ആദ്യവരികളിലെ പോലെ കൈയ്യടിക്കുന്നു.

തെയ് തെയ്

8 നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ
തെയ് തെയ്

9 മാറാനെ ഹിന്തുവിൽ മാനുഷരല്ലല്ലോ
തെയ് തെയ്

10 മാനുഷരെന്നപോൽ മനതാരിലില്ലല്ലോ

മുകളിൽ പറഞ്ഞ വരിയിലെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

തെയ് തെയ്

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

11 മണ്ണിലെ മണ്ണുപോൽ മാറുമില്ലെങ്ങുമേ

മേൽ കാണിച്ച വരിയിലെതുപോലെ വലതു വശത്തേയ്ക്കു രണ്ടു പ്രാവശ്യം ചുവടുകളും എടുക്കുന്നു.

വലതു വശത്തേയ്ക്കു ചുവടുകളും എടുക്കുമ്പോൾ ഇടതു കൈ കമഴ്ത്തി താഴ്ത്തി അരയ്ക്കു സമം പിടിക്കുകയും വലതു കൈ മലർത്തി വലതു വശത്തേയ്ക്കു താളാത്മകമായി ഉയർത്തുകയും ചെയ്യുന്നു. അതേ ചുവടുകളും വലതു വശത്തേയ്ക്കു ആവർത്തിക്കുമ്പോൾ രണ്ടു കൈകളും കമഴ്ത്തി ഇരുവശങ്ങളിലായി അരയ്ക്കു സമം പിടിക്കുകയും ഇടതു കൈ താളാത്മകമായി വശങ്ങളിലേയ്ക്കുയർത്തുകയും ചെയ്യുന്നു. വലതുകാൽ ഇടതു വശത്തേയ്ക്കു ചവിട്ടി ഇടതുകാൽ അതിനു പിന്നിൽ ചവിട്ടി വലതുകാൽചേർത്തു വയ്ക്കുമ്പോൾ താളാത്മകമായി 3 പ്രാവശ്യംകൈ ഉയർത്തി ഇടതു വശത്തേയ്ക്കടിക്കുന്നു.

തെയ് തെയ്

12 മറെറല്ലാം നാടോടെ മാർഗ്ഗങ്ങളെന്നില്ല

തെയ് തെയ്

13 മക്കളെന്നൻ പില്ല മാൽ ചെയ്യും തങ്ങളിൽ

തെയ് തെയ്

14 മക്കൾക്കുമേവണ്ണം മനതാരിലില്ലല്ലോ

11-ാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

തെയ് തെയ്

15 മറെറല്ലാ നാട്ടിലും മാറാനേ യീരണ്ടു

വലതുകാൽ വീശി വലത്തു വശത്തു വയ്ക്കുകയും ഇടതുകാൽ വലതുകാലിനു മുന്നിലേയ്ക്കു വയ്ക്കുകയും ചെയ്യുന്നു. 'മറെറല്ല' എന്നു പാടുമ്പോൾ ഇടതുകാൽ വലതു വശത്തുവച്ചു വലതുകാൽ പിൻഭാഗത്തു കൂടി വലതു വശത്തു വച്ചു ഇടതുകാൽ പിൻഭാഗത്തു കുത്തി വലതുകാൽ പഴയ സ്ഥാനത്തുതന്നെ ചവിട്ടുന്നു. ഇടതുകാൽ മുൻഭാഗത്തു വച്ചു ചാടി വലതു വലത്തു ചവിട്ടി വശതുകാൽ അതിന്റെ സ്ഥാനത്തുതന്നെ ചവിട്ടി ഇടതുകാൽ വലതുകാലിനോടു ചേർത്തു വയ്ക്കുന്നു. 'മാറാനേയീ രണ്ടു' എന്നു പാടുമ്പോൾ വലതു ഭാഗത്തു ചെയ്ത അതേ ചുവടുകളും ഇടതു ഭാഗത്തും ആവർത്തനം. ചലനത്തോടൊപ്പം താളത്തിനൊപ്പം ഇരുവശങ്ങളിലേയ്ക്കും കൈ അടിക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തെയ് തെയ്

16 മാറവൻ മാരല്ലൊ മാറാതെ പോകുന്നു

തെയ് തെയ്

17 മാറാനെപ്പോലെന്നെ മായോനെ കൽപ്പിച്ചൊ

തെയ് തെയ്

18 A മാറവൻ ക്രൂരനായ് മാലൊഴിപ്പോരില്ലെ

മുകളിൽ പെയ്ത ചുവടുകളും കൈമുദ്രകളും ആവർത്തനം

18 B തെയ് തെയ്

മാറവൻ ക്രൂരനായ് മാലൊഴി

ഇതുയും പാടി കളിച്ചതിനുശേഷം കലാശം ആരംഭിക്കുന്നു.

കലാശം

താ കർകു തീ തത്താ തിമൃതത്തെയ്

ഇടതുകാൽ ഇടതു വശത്തേയ്ക്കു വീശി ചവിട്ടുന്നു. ''തീ തത്ത'' എന്നു പറയുമ്പോഴും വലതുകാൽ പാടി മുൻഭാഗത്തു ചവിട്ടി ഇടതുകാൽ അതേ സ്ഥാനത്തു ചവിട്ടി വലതുകാൽ ഇടതു കാലിനോട് ചേർത്തു ചവിട്ടുന്നു. തിമൃതത്തെയ്'' എന്നു പറയുമ്പോഴും വലതു വശത്തേയ്ക്കു വീശി മുഴമണ്ഡലത്തിൽ ഇരിക്കുന്നു. വലതു കൈ മുദ്രാഖ്യത്തിൽ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എട്ടാം പാദം

വിരുത്തം

എന്നിവയെല്ലാം കണ്ണുനീരാലെ
തോമ്മായുണർത്തിച്ച നേരം തെയതെയ്
എങ്ങും വിളങ്ങുന്ന നായൻ മിശിഹാ
പേർത്തുമും ചെയ്വാൻ തുടങ്ങി തെയ് തെയ്

അടുത്ത ലൈൻ പാടുന്നതോടുകൂടി കളി ആരംഭിക്കുന്നു.

നിയൊരുവൻ താനെന്നൊരു ചിന്ത
ഉള്ളിൽ നിനക്കഴൽ വേണ്ട തെയ് തെയ്

വലതു കാൽ വലത്തേക്കു വീശി ചവിട്ടുന്നതോടൊപ്പം ഇടതുകാൽ വലതു കാലിനോട് ചേർത്ത് ചവിട്ടുന്നു. ഇടതു കാൽ വലത്തേയ്ക്കു വച്ച് വലതുകാൽ കുത്തിച്ചവിട്ടി വലത്തേയ്ക്കു വച്ച് ഇടതുകാൽ അവിടെത്തന്നെ വീണ്ടും ചവിട്ടി വലതു കാലിനു പിൻഭാഗത്തുകൂടി വലതു വശത്തുവെച്ച് വലതുകാൽ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വീണ്ടും ചവിട്ടി വലതു വശത്തേയ്ക്കു വയ്ക്കുന്നു. ഇടതു കാൽ കുത്തിച്ചവിട്ടി ഇടത്തേയ്ക്കു വച്ച് വലതുകാൽ അവിടെത്തന്നെ ചവിട്ടി ഇടതു കാലിനു പിൻഭാഗത്തു കൂടി ഇടത്തേയ്ക്കു വച്ച് ഇടത്തു കാൽ വീണ്ടും അവിടെത്തന്നെ ചവിട്ടി ഇടത്തേയ്ക്കു വച്ച് വലതുകാൽ വലത്തേയ്ക്കു ചാടിച്ചവിട്ടി വീണ്ടും ഇടതു കാൽ പൊക്കി ഇടത്തേയ്ക്കു ചാടിച്ചവിട്ടി ''തെയ് തെയ്'' ടെ ചുവട് ആവർത്തിക്കുന്നു. കാലുകളും ചവിട്ടുന്നതിനോടൊപ്പം കൈകളും ചലിപ്പിക്കുകയും കൈപ്പത്തി താഴേക്കു കമഴ്ത്തി താഴ്ത്തി മുകളിലേയ്ക്ക് തെറിപ്പിക്കുന്നു.

നിന്നോടുള്ളതെ ഞാനുണ്ടു കൂട്ട്
നീപോകുന്നാടതിലെല്ലാം—തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

മാനുഷരെല്ലാ ഹിന്തുവിലെന്നു
പാഴിൽ നിനക്കഴൽ വേണ്ട തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

മാനുഷരെല്ലാ ജാതികളും പിന്നെ
മാൽ ചെയ്യും ജന്തുക്കളല്ലോ— തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

നിന്നുടെ വാക്കും നിനവുകളും നോക്കും
ഭാഷയറിഞ്ഞുതകിടും— തെയ് തെയ്

വലതു കാലിന്റെ മുന്നിൽക്കൂടി ഇടതു കാൽ വലത്തേക്കു വച്ച് ഇടതു കാൽ കുത്തിച്ചവിട്ടി വലതു വശത്തേയ്ക്ക് വയ്ക്കുന്നതിനോടൊപ്പം ഇരുകാലുകളും മേല്പോട്ടുയർത്തിച്ചാടി അരമണ്ഡലത്തിലിരിക്കുന്നു. വീണ്ടും ഇരുകാലുകളും മേല്പോട്ടുയർത്തി ചാടുന്നതോടൊപ്പം ഇടതുകാൽ പിൻവശത്തും വലതുകാൽ മുൻഭാഗത്തും വരുത്തി കത്രികപ്പൂട്ട് ക്രമത്തിൽ ചാടി നിൽക്കുമ്പോൾ ഇരുകൈകളും മേല്പറഞ്ഞ പൂട്ടിൽ കൊണ്ടുവരുന്നു. വീണ്ടും വലതുകാൽ വലത്തേയ്ക്ക് വീശിവച്ച് ഇരുകാലുകളും മേല്പോട്ടുയർത്തിച്ചാടി കാണികൾക്കഭിമുഖമായി അരമണ്ഡലത്തിൽ ഇരിക്കുന്നതോടൊപ്പം കൈകളും കത്രികപ്പൂട്ടിൽ തന്നെ വയ്ക്കുന്നു. വീണ്ടും ഇടതു കാൽ ഇടത്തേയ്ക്കു വീശിവച്ച് വിളക്കിനഭിമുഖമായി ചാടി അരമണ്ഡലത്തിൽ ഇരിക്കുന്നു. കൈകളും മേല്പറഞ്ഞ പൂട്ടിൽത്തന്നെ വയ്ക്കുന്നു. വീണ്ടും വലതു കാൽ മുന്നോട്ടുവച്ച് ഇടതു കാൽ പിൻഭാഗത്തു ചവിട്ടി വലതു

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കാൽ പഴയ സ്ഥാനത്തുകൊണ്ടുവരുന്നു. ഇടതു കാൽ മുന്നിലേയ്ക്കു വച്ച് വീണ്ടും പഴയ സ്ഥാനത്തു് കൊണ്ടു വരുന്നതോടൊപ്പം കൈകളും കൊട്ടുന്നു. വീണ്ടും ''തെയ് തെയ്'' ടെ ചുവടുകളും ആവർത്തനം.

നിൻ നിനവെല്ലാമെൻ നിനവല്ലൊ
നീയുറങ്ങുകിലും വേണ്ട— തെയ് തെയ്

ഏഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

എന്നതിനാലിപ്പോഴും ഞാനിന്നു നിന്നെയും
വിറ്റുവില വാങ്ങിയെന്നാൽ— തെയ് തെയ്

ഏഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ഏഴു മൊഴികളേഴും തികപ്പാനായ്
ചീട്ടു കൊടുക്കുന്നു വേറെ-തെയ് തെയ്

ഏഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

ഈ മൊഴിയാവാൻ കേട്ടുടനൻപിൽ
ആദി പെരിയോനെ നോക്കി— തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകളും ആവർത്തിക്കുന്നതോടൊപ്പം കൈകളും മടക്കി മുദ്രാഖ്യത്തിൽ തോളുവരെ ഉയർത്തുന്നു.

ഈടേറും കൊമ്പുകാൻ കാശു കൊടുത്തു
കയ്യെഴുത്തൻപോടെ വാങ്ങി തെയ് തെയ്

പതിനൊന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ത്രീലോകനാഥൻ കാശെടുത്തൻപാൽ
തോമ്മാടെ പക്കൽ കൊടുത്തു-തെയ് തെയ്

പതിനൊന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം (കാണികൾക്കഭിമുഖമായി)

തൃപ്തി വരുമ്പോലൻ പാലരും ചെയ്തു
യാത്രാ വിധിച്ചുഴകാലെ—തെയ് തെയ്

പതിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

അരുൾ കേട്ടൻ പാലൊത്തു നടന്നു
യാനപാത്രമതിലേറി-തെയ് തെയ്

www.TheCMSIndia.org

GHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വിളക്കിനഭിമുഖമായി നിന്നു് മൂന്നാമത്തെ വരിയുടെ ചുവടുകളും ആവർത്തിക്കുന്നതിനോടൊപ്പം കൈകളുടെ മുട്ടുകളും മടക്കി കൈപ്പത്തി നിവർത്തി തോളുവരെ ഉയർത്തുന്നു.

ആശ്രയിരോന്റെ കാരുണ്യത്താലെ
ചോഴ നിരിപ്പിടത്തായി–തെയ് തെയ്

പതിനഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

കണ്ടു പറഞ്ഞ വാക്കു വശത്താൽ
ഇണ്ടലൊഴിഞ്ഞതു ചോഴൻ–തെയ് തെയ്

പതിനഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

കാൺകെ വരച്ചുടൻ കയ്യാലെ രൂപം
ശ്രേഷ്ഠോൻ ചമച്ചൊരു കോവിൽ–തെയ് തെയ്

പതിനഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

ചിന്ത തെളിഞ്ഞിടുവാനൊരു വേലകം
ഇല്ലിതുപോൽ മറും പാരിൽ തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകളും ആവർത്തിക്കുന്നതോടൊപ്പം കൈകളും മുകളിലേയ്ക്കുയർത്തി കൈപ്പത്തി അളപത്മ മുദ്രയിൽ പിടിക്കുന്നു.

ചിത്രമടക്കമായി കാഴ്ചയിലെല്ലാം
കാണുന്ന ലോകർ മയങ്ങും–തെയ് തെയ്

പത്തൊൻപതാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ആകുലമെന്നിയെ യിപ്പണികൾക്കായി
പോരുമിവനെന്നു കണ്ടു–തെയ് തെയ്

പത്തൊൻപതാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

ചൊല്ലുന്നതെല്ലാം കേൾപ്പതിനായി
തോമ്മായോടൊത്തുര ചെയ്തു–തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകളും ആവർത്തിക്കുന്നതോടൊപ്പം കൈകളും മുകളിലേയ്ക്കുയർത്തി കൈപ്പത്തി ഉള്ളിലേക്കു മടക്കി പുറത്തേക്കു് ഉയർത്തുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ചോഴൻ പറഞ്ഞവാക്കുകളെല്ലാം
കേവലമായിതു കേട്ട്–തെയ് തെയ്

ഇരുപത്തിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

കാര്യങ്ങളെല്ലാം കാണ്മതിനായി
പാടാക്കി ചോഴനെ തോമ്മാ– തെയ് തെയ്

ഇരുപത്തിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

കാണവും കയ്യാലെ വേണ്ടും പടിയെ
മററാലൽസ്യമുള്ളവർക്കെല്ലാം–തെയ് തെയ്

ഇരുപത്തിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

ആയതും തീരും പടിപോലെ മറും
വേണ്ട വിധങ്ങളും പേശി – തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകൾ ആവർത്തനം.

ഇടതുകാൽ വലത്തേയ്ക്കുവച്ച് വലതുകാൽ കുത്തിച്ചുവിട്ടുന്നതോടൊപ്പം ഇടതുകൈ ഇടത്തേക്കു നീട്ടി കൈക്കുഴ താഴേയക്കു കുനിച്ചിടുന്നു. അതോടൊപ്പം വലതു കൈ നെഞ്ചിൽ നിന്നും

3''അകലത്തിൽ കൈക്കുഴ താഴേയ്ക്കു കുനിച്ചിടുന്നു. ഓരോ ചുവടിനും കൈകൾ വലതു് ഇടതു് ഈ ക്രമത്തിൽ മാറിമാറി കൊണ്ടുവരുന്നു.

ആവോളം നല്ല കല്ലും മരങ്ങളും
ആളാലെ കൂട്ടിയടുപ്പാൻ – തെയ് തെയ്

ഇരുപത്തിയേഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ആയതിലേതും ബലമായ ദണ്ഡങ്ങൾ
ചെയ്യുതെന്നെക്കുറിച്ച് – തെയ് തെയ്

ഇരുപത്തിയേഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ഏറിയാലാണ്ടു തികയുന്നതിൻ മുൻപെ
ഞാനവിടേയ്ക്കു വരുവേൻ–തെയ് തെയ്

ഇരുപത്തിയേഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇപ്പണികൾക്കായി വേണ്ടും കരുവുക–
ളെന്നാലെ വേണ്ടുന്നതെല്ലാം– തെയ് തെയ്

മൂന്നാമത്തെ വരിയുടെ ചുവടുകൾ ആവർത്തിക്കുന്നതോടൊപ്പം ഇടതു കൈ 45° angle–ൽ ഇടത്തേയ്ക്കു മുട്ടുമടക്കി കൈപ്പത്തി മുകളിലേയ്ക്കുയർത്തി വലതു കയ്യുടെ മുട്ടുമടക്കി കൈപ്പത്തി മുകളിലേക്കു് വച്ചു് നെഞ്ചോടു ചേർത്തു് പിടിക്കുന്നു. വലതു് ഇടതു് ഈ ക്രമത്തിൽ ആവർത്തിക്കുന്നു.

ഈഴലൊഴിഞ്ഞുടൻ കൊണ്ടുവരുവേൻ
എന്നുരചെയ്തു കേട്ടു, കർക തെയ്യ തിന്തക തിന്തത്തെയ്,
13–ാമത്തെ വരിയുടെ ചുവടുകൾ ആവർത്തനം.

കലാശം:–വലതുകാൽ വീശി രണ്ടുവശത്തേയ്ക്കും ചാടി മുഴുമണ്ഡലത്തിൽ, മുദ്രാഖ്യത്തിൽ, ഇരിക്കുന്നു.

9–ാം പദം

രുകതാളം

ചിന്ത തെളിഞ്ഞിതു ചോഴനുമാവാനും
തന്നുടെ മന്ത്രിവരുമാരും, തെയ് തെയ്
ചിക്കനെ വന്ദിച്ചു യോഗമൊരുമ്പെട്ടു
ദൈവം ശരണമിതെന്നു്, തെയ് തെയ്
ചൊല്പിയൊരുപോൽ നടത്തി നടന്നിതു
തോമ്മായരുൾ വഴിപോലെ, തെയ് തെയ്
ചോഴൻ പ്രകാശിക്കും നാടു കടന്നുടൻ
മാർഗ്ഗമറിയിച്ചശേഷം, തെയ് തെയ്

ആദ്യത്തെ നാലു വരികളും പാടിക്കൊടുക്കുമ്പോൾ കളിക്കാർ ഏറ്റുപാടുന്നു. വലതു് കൈകൊണ്ടു് താളം പിടിക്കുകയും ചെയ്യുന്നു.

വലതു വശത്തുള്ള കളിക്കാരനോടും ഇടതു വശത്തുള്ള കളിക്കാരനോടും അഭിമുഖമായി നോക്കി പാടുന്നു, തത്സമയം വലതു കൈകൊണ്ടു് താളം പിടിക്കുന്നു.
പോലിൻെറ പുത്രിയെ വേളി കഴിച്ചിതാ
മായൊരു കല്യാണം കൂടി, തെയ് തെയ്

ഇടതു കാൽ വലതുകാലിൻെറ മുന്നിൽക്കൂടി വലതുവശത്തു ചവിട്ടി വലതു കാൽ ചവിട്ടി തെന്നിച്ചു് ഇടതു കാലിനൊപ്പം ചവിട്ടുന്നു. ഇടതു കാൽ വലതുകാലിൻെറ പിന്നിൽ ചവിട്ടി, വലതുകാൽ അവിടെത്തന്നെ ചവിട്ടി ഇടതു കാലിനോടൊപ്പം ചേർത്തു ചവിട്ടുന്നു. ഇടതുകാൽ ചവിട്ടിന്നെതി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ച്ചു്, ഇടതുവശത്തേയ്ക്കു് ചവിട്ടി, ഇടതുകാലിന്റെ പിന്നിൽ വച്ചു് വലതു കാൽ അവിടെത്തന്നെ ചവിട്ടി ഇടതു കാലിനോടൊപ്പം വയ്ക്കുന്നു. വലതുകാൽ കൊണ്ടു് വലതു വശത്തേയ്ക്കും, ഇടതു കാൽ കൊണ്ടു് ഇടതു വശത്തേയ്ക്കും ഓരോ പ്രാവശ്യം ചാടുന്നു.

വലതു കൈ ഇടതു കൈ ഈ ക്രമത്തിൽ കൈക്കഴ അല്പം ചലിപ്പിച്ചു് കൈ കമഴ്ത്തിപ്പിടിക്കുന്നു.

പോരും വഴിക്കുള്ള വാഴ്വുകൊടുത്തതി—
നേരും തെളിഞ്ഞല്ലക്കാവ്യർ, തെയ് തെയ്
എന്ന നിമിത്തമായേക നടിച്ചിതു
മാർത്തോമ്മാൻ തന്റെ കവളേൽ, തെയ് തെയ്
ഏത്തിയടിച്ചായവന്റെ വലത്തെ കൈ
വ്യാഘ്രം കടിച്ചു തകർത്തു

മുകളിൽപ്പറഞ്ഞ ചുവടുകളും കാല്പാദങ്ങളും ആവർത്തനം.

ജതി— തിന്തക തിന്തത്തെയ്
തെയ് തെയ്ത തെയ്യത്തെയ്
കർക താക തെയ്യത്തെയ്
കർക തരികിട തിമൃതത്തെയ്

വലതു കാൽ വലതു വശത്തേയ്ക്കു് വച്ചു് ഇടതു കാൽ അതിന്റെ പിന്നിൽ ചവിട്ടി വലതു കാൽ അവിടെത്തന്നെ ചവിട്ടി ഇടതു കാൽ അല്പം പൊക്കുന്നു. അതോടൊപ്പം ഇടതു കൈ പതാക മുദ്രയിൽ വിളക്കിനഭിമുഖമായി പിടിക്കുന്നു.

അന്നു പാണിയേയും നായ് കടിച്ചങ്ങനെ
തുക്കിയിവിടെ വരുത്തി
ഇപ്പടി കണ്ടൊരു പോലുമവനുടെ
നാടതിലുള്ള ജനവും തെയ് തെയ്
ഒത്തു നിരൂപിച്ചു വിശ്വസിച്ചൻ പാലെ
മാമ്മോദീസായും മുഴുകി, തെയ് തെയ്
ഒത്തു തിരിച്ച തിരിഞ്ഞിതക്കാവ്യന്റെ
കയ്യും മുറിക്കുട്ടി തോമ്മാ

അഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം. (4 വശത്തേയ്ക്കും തിരിഞ്ഞു്)

തീത്തീത്തീ തീത്തീത്തീ
തീത്തീത്തീ തീത്തീത്തീ

www.TheCMSIndia.org

തീത്തീത്തീ തീത്തീത്തീ
തീ.... തീ.... തെയ് തെയ്

വലതു കാൽ വലതു വശത്തേയ്ക്ക് വച്ച് 1–2–3–4 ചുവടുകം (നാലുചുവടുകം) വലത്തേയ്ക്കും ഇടത്തേയ്ക്കും ചവിട്ടുന്നു. വലതു വശത്തേയ്ക്കുപോകുമ്പോഴും വലതു കൈ ഇടതു വശത്തു നിന്നും തലയ്ക്കു മുകളിൽ കൂടി വലതു വശത്തേയ്ക്ക് പൊക്കി ഇടണം. ഇങ്ങനെ ഇടതും വലതും ഈ ക്രമത്തിൽ കൈ രണ്ടു വശത്തേയ്ക്കും വിടുന്നു.

മറ്റും പല ദിക്കും മംളാക്കായും ചീനവും
മാർഗ്ഗമറിയിച്ച ശേഷം
മന്നവൻ ചോഴനിരിപ്പിടമായോരു
മയിലാപ്പുനാട്ടീന്നു

അഞ്ചാമത്തെ വരിയുടെ ചുവടുകം ആവർത്തനം.

കലാശം;
കർകു തെയ്യ തിന്തക തിന്തത്തെയ്

വലതു കാൽ ഇടതു കാൽ ഈ ക്രമത്തിൽ ചാടി മുഴമണ്ഡലത്തിൽ ഇരിക്കുന്നു.

പത്താം പാടം

താളം:– ചതുരശ്രജാതി ഏകതാളം

2 വരി പാടിക്കഴിയുമ്പോഴും
4 താളപദം പൂർത്തിയാകും

1 ഈ വണ്ണം കെട്ടും കിഴായവാറെ
2 ഇവരെ കൊണ്ടുവണ്ണം വേണമെന്നു
3 ഇണ്ടൽ പെരുത്തു വിളിച്ചുപോഴൻ
4 തമ്പിയെ തമ്പിവാ അണയത്തെന്നു

വിരുത്തം:

5 തമ്പിയും താനുമായ് വേണ്ടുവോളം

വലതു കാൽ വലത്തേയ്ക്കുവച്ച് ഇടതു കാൽ അവിടെത്തന്നെ ചവിട്ടി വലതു കാൽ ഇടതുകാലിനോടു ചേർത്തു കുത്തിച്ചവിട്ടി വലത്തേയ്ക്കുവച്ച് ഇടതുകാൽ വലതുകാലിനോടു ചേർത്തു കുത്തി ചവിട്ടിമുമ്പോട്ടു ചവുട്ടി വീണ്ടും വലതു കാൽ വലത്തേയ്ക്കു ചവിട്ടി ഇടതുകാൽ അവിടെ തന്നെ ചവിട്ടി വലതുകാൽ ഇടതുകാലിനോടു ചേർത്തു ചവിട്ടുന്നു. വലതുകാൽ മുമ്പോട്ടു ചവിട്ടുമ്പോഴും വലതു കൈ മുന്നോട്ടു നീട്ടി കൈപ്പത്തി

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഉള്ളിലേക്കു കുനിക്കുന്നു. വലതുകാൽ പിന്നോട്ടുവയ്ക്കുമ്പോൾ കാലിനോടൊപ്പം കയ്യും പിന്നാട്ടേ കൊണ്ടുവരുന്ന ഓരോ കാലുകളും കുത്തിച്ചവിട്ടുമ്പോൾ അതാതു കാലുകളുടെ കൈകൊണ്ടു നെഞ്ചിനുസമമായി പിടിച്ചു് കൈപ്പത്തി താഴേ കുനിച്ചു് വലതു വശത്തേക്കു് വീശുന്നു.

6 കാര്യാകാര്യങ്ങളെ ചിന്തിക്കുന്നു.

7 അല്ലലായ് രാജനീവണ്ണം ചൊന്നാൻ

8 എന്നുടെ തമ്പിനീ കേൾക്കവേണം
അഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

9 തരമിപ്പോൾ നമ്മുടെ വാഴ്ചക്കാലം,

വലതുകാൽ ചുവിട്ടി ഇടതുകാൽ വലതുകാലിനു് പിൻവശത്തുചുവട്ടി വീണ്ടും വലതുകാൽ വലതു വശത്തേയ്ക്കു ചുവിട്ടി വീണ്ടും ഇടതുകാൽ വലതു കാലിനു പിൻഭാഗത്തു ചുവിട്ടി വലതുകാൽ വലതു വശത്തേക്കു വച്ചു് വലതു വശത്തേക്കുതിരിഞ്ഞു് ചാടി ഇരിക്കുന്നു.

(ഈ ചുവടുകൾക്കെല്ലാം ആവർത്തിച്ചു് കൈകൾ കൊട്ടുന്നു.)

വീണ്ടും വലതുകാൽ വലത്തേക്കു പൊക്കി വലത്തേക്കു ചുവിട്ടി ചാടിയിരിക്കുന്നു. (വലതുകാൽ വലത്തേക്കു ഉയർത്തി പിടിക്കുന്നതിനോടൊപ്പം കൈകൾ രണ്ടും മലർത്തി കൈപ്പത്തി മുകളിലേയ്ക്കുയർത്തി തോളിനു ലംബമായി പിടിക്കുന്നു.

10 പെട്ടപോൽ പെട്ടിട്ടില്ലാർക്കും മുമ്പേ

11 നാടുവാഴുന്ന നൃപന്മാർകാർക്കും

12 നാണക്കേടിതുപോലെ വന്നിട്ടില്ല

ഒൻപതാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

13 നാടിനി ഞാൻ വാഴ്വാൻ യോഗ്യം പോരാ
(തന്നാഹക്കു് മാറ്റം കളിക്കാർ ഈ ചുവടിനു് ഓരോ ജോഡികളും) ഒൻപതാമത്തെ വരിയുടെ ആദ്യത്തെ നാല് ചുവടുകളും കൈകൊട്ടും ആവർത്തിച്ചതിനുശേഷം ഇരുകളിക്കാരും മുഖാഭിമുഖം ചാടി ഇരുന്നതിനുശേഷം വലതുകാൽ ഉയർത്തി കുത്തുന്നതോടൊപ്പം രണ്ടു പേരുടെയും വലതുകൈകൾ തമ്മിൽ കൂട്ടിമുട്ടിച്ചു് തങ്ങളുടെ സ്ഥാനങ്ങൾ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കളു് അന്യോന്യം മാറം വരുത്തുന്നു.

14 തമ്പിനിവേണ്ടും പോൽ പരിപാലിക്ക
15 അന്നേരം തമ്പിയും അല്ലലോടെ
16 അത്തൽ പെട്ടൊരുദണ്ഡം ഉള്ളിലായി
17 അതുതന്നെ യാദിയായ്ദണ്ഡങ്ങളും

പതിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവത്തനം. (മാറാംകളു്, ജോഡികളായി തിരിഞ്ഞു് കളിച്ചു് കളിക്കാർ ജോഡി പിരിയുന്നു.) ഒൻപതാമത്തെവരിയുടെ ആദ്യത്തെ നാലുചുവടുകളും ആവത്തിച്ചശേഷം ജോഡികളും തമ്മിൽ പിരിഞ്ഞു് എതിർ ജോഡിയിലെ ഒരാളുമായി മുഖാഭിമുഖം ചാടിയിരിക്കുന്നു. വീണ്ടും വലതുകാൽ മുകളിലേയ്ക്കുയത്തി ചവിട്ടുന്നതിനോടൊപ്പം വലതുകൈകളും തമ്മിൽ കൂട്ടിമുട്ടിച്ചു് അന്യോന്യം അവരവരുടെ സ്ഥാനങ്ങളുംകളു മാറം വരുത്തുന്നു.

18 ചിക്കനെ ചേർന്നവശം കെട്ടുള്ളിൽ
19 അരുളാലെനാമം തോറും വർദ്ധിച്ചേറി
20 ആത്മാവുമാലാഖാമാരെടുത്തു്

പതിനേഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവത്തനം.

21 ആകാശെ കൊണ്ടങ്ങു ചെന്നനേരം.

ഒൻപതാമത്തെ വരിയുടെ ആദ്യത്തെ നാലു ചുവടുകളും കൈമുദ്രകളും ആവത്തിച്ചതിനുശേഷം ചാടിമുന്നോട്ടിരുന്നു വീണ്ടും.

തമ്മിൽ പരസ്പരം അവരവരുടെ അതാതുവശങ്ങളിലെ കൈകളും തമ്മിൽ കൂട്ടിമുട്ടിച്ചതിനുശേഷം വലതുകാൽ വലത്തേക്കുവച്ചു് ഇടതുകാൽ വലതുകാലിന്റെ പിൻഭാഗത്തുകൂടി വലത്തേക്കുവച്ചു് വീണ്ടും വലതു കാൽ വലതുവശത്തേയ്ക്കുവയ്ക്കുന്നു.

22 ചോഴന്റെ പേർക്കില്ലം കുറിയിൽ കണ്ടു
23 അക്കുറി വായിച്ചു് അറിഞ്ഞശേഷം
24 അകം പുക്കു കണ്ടവനതിൽ നിന്നെല്ലാം

ഇരുപത്തൊന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവത്തനം.

24 അമ്പോടെ മുന്നിനമിമ്പം പോലെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

(മാറാൾക്കുമാററം) അഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തിച്ചുകൊണ്ടു്

പതിനൊന്നാം പാദം

താളം: ആദിതാളം

ആനന്ദം വരുമാറു മാലാഖാമാർ–തീത്തെയ് തെയ് താരാ
കളിക്കാർ ഏററുപാടുന്നു.

ആകാശെ നിന്നിങ്ങു ലോകം ചേർന്നു–തീത്തെയ്യ് തെയ് താരാ
ആകാശെ നിന്നിങ്ങു ലോകം/ ചേർന്നു

മുകളിൽ കാണിച്ചിരിക്കുന്ന വരികൾ പാടുമ്പോൾ കളിക്കാർ വെറുതെ നില്ക്കുന്നു.

തെയ് തീത്തെയ് തീത്തെയ് തകതെയ്യത്തെയ്യ്

എന്നു് പാടുമ്പാൾ അരമണ്ഡലത്തിലിരുന്നു് ഇടത്തേയ്ക്കു് രണ്ടു പ്രാവശ്യം ചാടി കാലു് വീശി മുഴുമണ്ഡലത്തിൽ മുദ്രാഖ്യത്തിലിരിക്കുന്നു. ചാടുമ്പോൾ കൈപ്പത്തികൾ കമഴ്ത്തി അരയ്ക്കൊപ്പം പിടിക്കുന്നു.

ആചാര ജഡര മടക്കും പോലെ–തീത്തെയ് തെയ് താരാ
ആകയാൽ കൂടി പൊതിയു/ന്നപ്പോൾ

വലതുകാൽ വലതു വശത്തേയ്ക്കു് വീശി വച്ചു് ഇടതുകാൽ സമത്തിൽ കുത്തുമ്പോൾ വലതു കയ്യു് മുദ്രാക്യത്തിലും ഇടതുകയ്യു് തോളിനൊപ്പം നീട്ടിയിടുകയും ചെയ്യുന്നു. ഇടതുകാൽ വലതുകാലിൻെറ മുമ്പിൽ കൂടി വലതു വശത്തേയ്ക്കു് വച്ചു്, വലതുകാൽ സമത്തിൽ വച്ചു്, ഇടതുകാൽ വലതു കാലിൻെറ പിന്നിൽ കുത്തി, വലതു കാൽ വലതു വശത്തേക്കല്പം നീട്ടിവച്ചു് ഇടതുകാൽ പിന്നിൽ ചവുട്ടി, വലതുകാൽ അല്പം ഉയർത്തിച്ചാടി വലതു കാൽ, ഇടതുകാൽ എന്നീ ക്രമത്തിൽ രണ്ടു ചുവടുകൾ മുമ്പോട്ടു് വച്ചു്, രണ്ടു കാലും ഒന്നിച്ചു് വച്ചു് 3 പ്രാവശ്യം ചാടുന്നു. മുദ്രാക്യത്തിൽ പിടിച്ചിരിക്കുന്ന കയ്യു് നാലാമത്തെ ചുവടിനു് കാൽ മുട്ടിനൊപ്പം താഴ്ത്തി, വഴക്കി ഉയർത്തിയെടുത്തു് മുദ്രാക്യത്തിൽപ്പിടിക്കുന്നു. മൂന്നു പ്രാവശ്യം ചാടുമ്പോൾ ഇരുകൈകളും തോളിനൊപ്പം ഉയർത്തി, അല്പം താഴത്തി, കമഴ്ത്തിപ്പിടിക്കുന്നു. മുകളിൽ വിവരിച്ചിരിക്കുന്ന ആദ്യത്തെ അഞ്ചുചുവടുകൾ എടുത്ത ശേഷം അതേ ചുവടുകൾ 4 എണ്ണം ഇടത്തേയ്ക്കു് എടുക്കുന്നു. വലത്തേയ്ക്കു് ചുവടുകൾ എടുക്കുമ്പോൾ വലതു കയ്യു് മുദ്രാക്യത്തിലും ഇടത്തേയ്ക്കു് എടുക്കുമ്പോൾ ഇടതു കയ്യു് മുദ്രാക്യത്തിലും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പിടിക്കുന്നു. തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
ആത്മാവും ജഡരത്തിൽ പൂരിച്ചുടൻ —തീത്തെയ് തെയ്താരാ
ആലസ്യം കൂടാതുയർത്തു രാജൻ
തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
ആരുയിരായോനെ സ്തുതി ചെയ്തവൻ—തീത്തെയ് തെയ് താരാ
ആരോടും ചൊല്ലാ തവനിൽ/ നോക്കി
തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
അത്തുപൊഴ തണ്ണന്റെ മുമ്പിൽ ചെന്നു—തീത്തെയ് തെയ് താരാ
ആദരാൽ നിന്നിവൻ കൈകളും/കൂപ്പി
തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
അത്തുനേരം വന്നിങ്ങെണഞ്ഞു ചോഴൻ—തീത്തെയ്യ് തെയ്താരാ
ഇഹരയാലോർത്തു തഴകി/ക്കൊണ്ടു
തെയ് തീത്തെയ് തീ ത്തെയ് തക തെയ്യുത്തെയ്യ്
കീർത്തിച്ചു വഴിപോലറിയിച്ചാറെ—തീത്തെയ് തെയ് താരാ
കൃത്യമിതെല്ലാർക്കും വേണ/മെന്നു
തെയ് തീ ത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
കീർത്തിയാൽ ചെന്നു വിലങ്ങും വീട്ടിൽ— തീത്തെയ്
തെയ് താരാ
കഷ്ടങ്ങളും ദുഷ്ടർക്കു പെട്ട/പോലെ
തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
പെട്ടൊരു മുനിവരൻ തന്നെക്കണ്ടു—തീത്തെയ് തെയ് താരാ
കാക്കൽ വീണഴുതു പിഴയും/പൊല്ലി
തെയ് തീത്തെയ് തീത്തെയ് തക തെയ്യുത്തെയ്യ്
കുമ്പിട്ട നിന്നവൻ കെട്ടും നീക്കി —തീത്തെയ് തെയ് താരാ
കുമ്പിട്ട നിന്നവൻ കെട്ടും/ നീക്കി
തെയ് തീത്തെയ് തീത്തെയ് തക തെയ്യ തെയ്യ്

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഈ വരികൾക്ക് മുകളിൽക്കാണിച്ചിരിക്കുന്ന ചുവടുകളും കൈ മുദ്രകളും ആവർത്തനം.

പന്ത്രണ്ടാം പാദം

താളം: ആദിതാളം

കൊണ്ടു നടക്കുന്ന നേരം പലരും തീത്തെയ്തെയ്താരാ

കളിക്കാർ ആ വരികൾ ഏറ്റു പാടുന്നു. രണ്ടു കൈകളും ഒരു പോലെ മലർത്തി അരയ്ക്കൊപ്പം പിടിക്കുന്നു.

കോയിക്കലൊണ്ടതു കാണ്മാനിതെന്നും—തീത്തെയ്
തെയ് താരാ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പാട്ട തുടങ്ങുമ്പോഴും കൈകളും അല്പം കൂടി ഉയർത്തി പ്പിടിക്കുന്നു. കളിക്കാർ വരി ഏറ്റു പാടുന്നു.

കൊണ്ടെക്കല ചെയ്വേനെന്നും ചിലർ -തീതെയ്
തെയ്താരാ

പാട്ട തുടങ്ങുമ്പോഴും കൈകളും അല്പംകൂടി ഉയർത്തി പ്പിടിക്കുന്നു. കളിക്കാർ വരി ഏറ്റു പാടുന്നു.
കൊണ്ടെവിലങ്ങിടത്തീടുവാനെന്നും — തീതെയ് തെയ്താരാ.

കൈകളും യാചനാ രൂപത്തിൽ തലയ്ക്കൊപ്പം ഉയർത്തി പ്പിടിക്കുന്നു. കളിക്കാർ ഏറ്റുപാടുന്നു.

തല്ലി മുറിച്ചു തച്ചിടുവാനെന്നും — തീത്തെയ് തെയ്താരാ

വലതുകാൽ വലതു വശത്തേയ്ക്ക് വീശി ഇടതുകാൽ സമ ത്തിൽ കുത്തുന്നു. ഇടതുകാൽ വലതുകാലിന്റെ മുന്നിൽകൂടി വലത്തേയ്ക്ക് 4 ചുവടുകൾ വച്ച് വലതു വശത്തേയ്ക്ക് തിരി ഞ്ഞുനിന്ന് രണ്ടുകാലും ഒന്നിച്ചുചാടി വലതുകാൽ ഉയർത്തി 3 ചുവടുകൾ മുമ്പോട്ടു വച്ച് ഇടതുവശത്തേയ്ക്ക് തിരിഞ്ഞു വീണ്ടും ചാടി മൂന്നു ചുവടുകൾ ഇടത്തേയ്ക്ക് വയ്ക്കുന്നതിനോ ടൊപ്പം ഇരുകാലുകളും ഒന്നിച്ച് വീണ്ടും ചാടുന്നു. കളി ആ രംഭിക്കുമ്പോൾ വലതുകയ്യ് മുദ്രാകൃത്തിലും ഇടതുകയ്യ് തോ ളിനൊപ്പം നീട്ടിയും ഇടുന്നു. രണ്ടുകാലും ഒന്നിച്ചു ചാടുമ്പോൾ വലതുകാൽ ഉയർത്തുന്നതിനോടൊപ്പം വലതു കയ്യ് പതാക മുദ്രയിൽ അവനവന്റെ മാറിനു നേരെ ഉയർത്തിപ്പിടിക്കുന്നു. ഇടതുവശത്തേയ്ക്ക് പോരുമ്പോൾ ഇടതുകയ്യ് പതാകമുദ്രയിൽ പിടിക്കുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

താമസമില്ലിപ്പോളറിയാമെന്നും — തീത്തെയ്തെയ്താരാ
പോരുമീച്ചോരന്റെ പണികളെന്നും തീത്തെയ്
തെയ്താരാ
പോരുവീനെത്തുനമുക്കിതിലെന്നും — തീത്തെയ്
തെയ്താരാ

മേൽ വിവരിച്ച കൈമുദ്രകളും, ചുവടുകളും ആവർത്തനം. പോകാതെ നില്ലുനില്ലെന്നും ചിലർ — തീതെയ്തെയ്താരാ

വലതുകാൽ വലതുവശത്തേയ്ക്ക് വീശി ഇടതുകാൽ സമ ത്തിൽ ചവിട്ടുന്നു. വലതുകയ്യ് മുദ്രാഖ്യവും ഇടതു കയ്യ് തോളിനൊപ്പവും നീട്ടിയിടുന്നു. ഇടതുകാൽ വലതുകാലിന്റെ മുന്നിൽകൂടി വലതുവശത്തേയ്ക്ക് വച്ച് വലതുകാൽ സമത്തിൽ ചവുട്ടി ഇടതുകാൽ വലതുകാലിന്റെ പിന്നിൽ കുത്തി വല

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തുകാൽ അവിടെത്തന്നെ ചവിട്ടുന്നു. ഇതേ ചുവടുകൾ തന്നെ ഇടതുവശത്തേയ്ക്ക് എടുക്കുന്നു. വീണ്ടും ഒരു പ്രാവശ്യംകൂടി വലതുവശത്തേയ്ക്ക് ഇതേ ചുവടുകൾ തന്നെ എടുക്കുന്നു.

ഇത്തരമോരോന്നും കണ്ടവരോരോ — തീത്തെയ്
തെയ്താരാ
വിസ്താരമായവർ ചൊല്ലുന്നേരം — തീത്തെയ് തെയ്താരാ
കൊണ്ടക്കുല ചെയ്വാനിതെന്നുംചിലർ — തീത്തെയ്
തെയ്താരാ

9—ാം വരിയുടെ ചുവടുകളും, കൈമുദ്രകളും ആവർത്തനം.

കൊല്ലാതെ കൊണ്ട് പോയ്ക്കളവാനിതെന്നും — തീത്തെയ്
തെയ് താരാ.

9—ാം വരിയുടെ ചുവടുകളും, കൈമുദ്രകളും, ആവർത്തനം.

8 ചുവടുകൾ എടുത്തതിന് ശേഷം 3 പ്രാവശ്യം കയ്യടിക്കുന്നു. ഒന്ന്, ഇടതുവശത്തു് തലയ്ക്ക് മുകളിലും രണ്ട് വലതുവശത്തു് തോളിനൊപ്പവും മൂന്ന് ഇടതുവശത്തു് അരയ്ക്കൊപ്പവും അടിക്കുന്നു.

അങ്ങനെ മാനുഷർ പേശുന്ന നേരം തീത്തെയ് തെയ്താരാ
വേണ്ടും തരമുള്ള സ്നേഹങ്ങളാലെ — തീത്തെയ് തെയ്താരാ
കൊണ്ട ചെന്നവരെ കോവിലകത്തു് തീത്തെയ് തെയ്താരാ

13—ാം വരിയുടെ ചുവടുകളും, കൈമുദ്രകളും ആവർത്തനം.
ഗോപുരമേറിയിരുന്നുന്നേരം തീത്തെയ് തെയ്താരാ

13—ാം വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം കൈയ്യടിക്കുന്ന ഭാഗം മാത്രം ജനങ്ങൾക്കഭിമുഖമായി ചെയ്യുന്നു. കൈയ്യടിക്കുന്നത് താഴെ ഇടതുവശത്തു് നിന്നും മുകളിലേക്കു് ആയിരിക്കും.

രോഷമൊഴിഞ്ഞൊരു ശ്രീഹൻതോമ്മാ — തീതെയ് തെയ്താരാ
കോളതിലില്ലാതെ പ്രിയമുറച്ചു — തീത്തെയ് തെയ്താരാ
ചൊല്ലിയറിയിച്ചറിഞ്ഞവർ മാർഗം - തീത്തെയ് തെയ്താരാ

17—ാം വരിയുടെ കൈമുദ്രകളും, ചുവടുകളും ആവർത്തനം
ചോഴരിവരും ആവാനും പിന്നെ — തീത്തെയ് തെയ്താരാ

മുക്കണ്ണി കളിക്കുന്നു.

മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം തീത്തെയ് തെയ്താരാ
മുക്കണ്ണി ജനങ്ങൾക്കഭിമുഖമായി നിന്നു കളിക്കുന്നു. ഘോഷമൊഴിയാതെ മറും പലരും — തീത്തെയ് തെയ്താരാ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആവോളം നല്ല ബഹുമാനത്താലെ — തീതെയ് തെയ്താരാ
സന്തോഷമായൊരു മാമ്മോദീസായും — തീത്തെയ് തെയ്താരാ
മൂവരൊരുമയാലൊത്തു മുഴകി — തീത്തെയ് തെയ്താരാ
മൂടലൊഴിഞ്ഞവർ മാർഗ/മെടുത്തു.

21–ാം വരിയുടെ ചുവടുകളും കൈമുദ്രകളും വിളക്കിനു് നേരെയും, ജനങ്ങൾക്കഭിമുഖമായും നിന്നു് മാറി മാറി ചെയ്യുന്നു.

കലാശം — തെയ് തീത്തെയ് തീത്തെയ് തകതെയ്യത്തെയ്

11–ാം പാദത്തിന്റെ കലാശത്തിന്റെ ചുവടുകളും കൈമുദ്രകളും ആവർത്തനം. ഇരിക്കുമ്പോൾ ഇടതു കയ്പ്പത്തി മുൻവശത്തേയ്ക്കും വലതു കയ്പത്തി പുറകിലേയ്ക്കും നീട്ടിപ്പിടിച്ചിരിക്കുന്നു.

പതിമൂന്നാം പാഠം

ആദിതാളം

മാണിക്കക്കല്ലായ മാർഗം നാളിൽ നാളിൽത്തെളിയുന്നു.
മാറാറാറുള്ള നിവ്യാളന്മാർ മെല്ലെ മെല്ലെ ചവളുന്നു
മാമ്മോദീസാ മുഴകുന്നവരും നാളിൽ നാളിൽ പെരുകുന്നു
മാർഗം നേടാക്കാവ്യരെല്ലാം കാണക്കാണക്കുറയുന്നു.
(ആദ്യത്തെ നാലുവരികളും വീരുത്തം)
ലോക വീതി നീളെ മാർഗമേറിയേറിയും വളരുന്നു
ലൗകീകങ്ങളും നീളെ നീളെ പൊല്ലിപ്പലരും ചേരുന്നു
എന്നതിനാലെ സ്വാന്മാരുമേറിയേറിയും വളരുന്നു.
എങ്ങുമൊക്കെ മാർഗത്തോമ്മാനെ തേടിക്കാണാഞ്ഞുഴലുന്നു

വലതുകാൽ തട്ടി മുന്നോട്ടുവച്ചു് ഇടതുകാൽ വലതുകാലിനോടു് ചേർത്തു ചവിട്ടി പിന്നിലേയ്ക്കു് ഒരു ചുവട വയ്ക്കുന്നു. വീണ്ടും വലതുകാൽ അവിടെത്തന്നെ ചവിട്ടി നേരെ പിന്നിൽ ചവിട്ടുന്നു. ഏഴാമത്തെ ചുവടിനു് അല്പം ഇടത്തേയ്ക്കു ചരിഞ്ഞു നിൽക്കുന്നു. എട്ടാമത്തെ ചുവടിനു് ഇടതുകാൽ വലതുകാലിന്റെ പിന്നിൽ കുത്തുന്നു. ഒൻപതാമത്തെ ചുവടിനു് വലതുകാൽ ചവിട്ടി തിരിഞ്ഞു് ഇടതുകാലിൽ ആരംഭിച്ചു് ആറു ചുവടുകളും പിന്നിലേയ്ക്കു് വയ്ക്കുന്നു. കാലുകളും വയ്ക്കുന്നതനുസരിച്ചു് കൈമാറിമാറി കൈകളും ചലിപ്പിച്ചു് മുദ്രാക്യം പിടിക്കുന്നു.

ആറു്, ഏഴു്, എട്ടു് ഈ വരികൾക്കും മേൽവിവരിച്ച ചുവടുകളും കൈമുദ്രകളും ആവർത്തനം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കണ്ടില്ലെന്നു ചൊല്ലുന്നവരെക്കണ്ടാലധികം ചീറുന്നു
കണ്ടും കൊണ്ടും ചൊല്ലാഞ്ഞിഷ്ടന്മാരോടൊക്കെച്ചീറുന്നു
അക്കാലത്തിൽ മാർതോമ്മാനും ദൈവകൃത്യാലൊരുകാവിൽ
ആ വഴിക്കു പോവാനായി ചെന്നുകണ്ടവരത്തുനേരം.

മുക്കണ്ണി കളിക്കുന്നു.

കണ്ണിമാരിടയിലൊക്കെ കൂടിച്ചേർന്നവരൊരുപോലെ

അഞ്ചാമത്തെ വരിയുടെ ചുവടുകൾ ആവർത്തനം. വലതു കൈ മുന്നോട്ടു നീട്ടി പതാകമുദ്രയിൽ മലർത്തിപ്പിടിച്ച് കൈപ്പത്തിമാത്രം അല്പം മുകളിലേയ്ക്ക് താളാത്മകമായി ഉയർത്തുന്നു. ഇടതു കൈമുട്ട് മടക്കി ഇടതുവശത്തേയ്ക്ക് തലയ്ക്കൊപ്പം ഉയർത്തി വലതുകൈപോലെ ചലിപ്പിക്കുന്നു.

കാരിരുളിലായ പഞ്ചമഞ്ചും തെളിവാൽ ചൊല്ലുന്നു
കുമ്പിട്ടു നീ കാളിയാരെ കൂപ്പിക്കൈകളടി വീണാൽ
കൂട്ടിത്തരാം പായസവും തിന്നും കൊണ്ടുവഴി പോകു

പതിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

എന്നനേരം മാർത്തോമ്മാനും കോപിച്ചവരോടു ചൊല്ലുന്നു.

രണ്ടുപേർ അഭിമുഖമായി നിന്ന് കളിക്കുന്നു. വലതുകാൽ ചവിട്ടി (മുമ്പോട്ട് വച്ച്) ഇടതുകാൽ അവിടെത്തന്നെ ചവിട്ടി വീണ്ടും വലതുകാൽ സമത്തിൽ ചവിട്ടി വലതു് ഇടതു് ഈ ക്രമത്തിൽ രണ്ടു ചുവടുകൂടി മുമ്പോട്ടു വയ്ക്കുന്നു. ഒന്നാമത്തെ ചുവടിനു് രണ്ടു കൈപ്പത്തികളും കമഴ്ത്തി വലതു കൈ നീട്ടി വലതു വശത്തു് മുമ്പിലും ഇടതു കൈമുട്ടു മടക്കി അരയ്ക്കൊപ്പവും പിടിക്കുന്നു. മൂന്നാമത്തെ ചുവടിനു് കൈ അടിച്ച് കൈപ്പത്തിമാത്രം ചലിപ്പിച്ചു് ഏഴാമത്തെ ചുവടിനു് വീണ്ടും കൈ അടിക്കുന്നു. എട്ടാമത്തെ ചുവടിനു് വിപരീത ദിശയിലേയ്ക്കു് മേൽക്കാണിച്ച ചുവടുകൾ ആരംഭിക്കുന്നു.

എന്നനേരം മാർത്തോമ്മാനും ചൊല്ലി മനസ്സിലില്ലെന്നു്
എന്നതെന്യെ കുമ്പിടുകിൽ തീ വീണഴിയും കാവെല്ലാം
കുമ്പിടുകയില്ല ഞാനും കാളിയാരെ ഒരു നാളും

പതിനേഴാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

ദീനമേറിയുള്ളവരും തീയോടേറും തീണ്ടാതെ
സീമകൂടാതോരോ കൂട്ടമോർത്തു കേട്ടു കോപിച്ചു
തീയിൽ വീണു വീണ്ടും തീയിൽ വീഴവേണ്ടവരൊക്കവേ
തീയാൽ വേകുന്നേകൻ ചാടി പോരുവേണ്ട മാർവത്തു്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കച്ചപ്പദത്തിന്റെ ചുവടുകൾ കളിക്കുന്നു. വലതുകാൽ ചവിട്ടി മുമ്പോട്ടു ഒരു ചുവടുവയ്ക്കുന്നു. വലതു കൈ മുദ്രാഖത്തിൽ (വലതുവശത്തേയ്ക്കു്) മാറിനു മുമ്പിൽ പിടിച്ച് കൈ നീട്ടിയിടുന്നു. വലതു് ഇടതു് ഈ ക്രമത്തിൽ 4 ചുവടുകൾ മുമ്പോട്ടും പുറകോട്ടും പോകുന്നു. ചുവടിനൊപ്പം കൈകളും ചലിപ്പിക്കുന്നു, ഈ ചുവടുകൾ ആദ്യം വിളക്കിനടുത്തേയ്ക്കും പിന്നീട് വലതുവശത്തേക്കും അതിനുശേഷം ജനങ്ങൾക്കഭിമുഖമായും അവസാനം ഇടതുവശത്തേക്കും കളിക്കുന്നു.
പൂണ്ടു നീണ്ട മൂർച്ചക്കോലും വാങ്ങി നിന്നങ്ങോങ്ങുമ്പോൾ

വലതുവശത്തേയ്ക്കു് തിരിഞ്ഞു് അരമണ്ഡലത്തിലിരുന്നു് വലതുകാൽ ചവിട്ടി ഒരുചുവട് മുമ്പോട്ട് വയ്ക്കുന്നതിനോടൊപ്പം കൈ അടിച്ച് കമഴ്ത്തി അല്പം മുമ്പോട്ട് നീട്ടിപ്പിടിക്കുന്നു. മൂന്നും നാലും ചുവടും ചവിട്ടാതെ വട്ടത്തിൽനടക്കുന്നു. ഈ ചുവടുകൾ ഒരു വരിക്കു് രണ്ടുപ്രാവശ്യം ആവർത്തിക്കുന്നു.
ഭൂമി വാനം തേടിയോനെ കാണ്മാറായി മുമ്പാകെ

ഇരുപത്തി ഒന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

അതിനുശേഷം പാട്ടില്ലാതെ ഒരു താളവട്ടം അഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.
കലാശം:

തിത്തത്തകത തികിതത്താം
തികിതക തകത തികിതത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താതിത്താ തിമൃതത്തെയ്

അഞ്ചാം പാദത്തിലെ ഒന്നാമത്തെ ഇരട്ടിയാണു്. വിവരണം നോക്കുക.

പതിനാലാം പാദം ആദിതാളം

മനഗുണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ– ഇത തീത്തീത്തെയ്
മറുതല നെറികെടുമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ–ഇത തീത്തീത്തെയ്
നാലുവരികൾ വിരുത്തം കളിക്കുന്നില്ല.

''ഇത തീ ത്തീത്തെയ്'' എന്നു പാടുമ്പോൾ ചുവടുകൾ ആരംഭിക്കുന്നു. വലതുകാൽ വീശി വലത്തേയ്ക്കു വച്ച് ഇടതു കാൽ സമത്തിൽ കുത്തുന്നു. വീണ്ടും ഇടതു കാൽ വലതു കാലിന്റെ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മുമ്പിൽ കൂടി വലത്തേയ്ക്കുവച്ച് 8 ചുവടുകളും കളിക്കുന്നു. അപ്പോൾ വലതു കയ്യ് മുദ്രാഖ്യത്തിലും ഇടതു കയ്യ് തോളിനു് ഒപ്പം നേരെ ഇടുകയും ചെയ്യുന്നു. ഉടനെ ഇടതുവശത്തേയ്ക്ക് തിരിഞ്ഞു് രണ്ടുകാലും ഒന്നിച്ചു് ചാടി ഇടതുകാൽ മാത്രം വലതു കാലിന്റെ മുട്ടിനൊപ്പം പൊക്കി നാലു ചുവടുകളും ഇടത്തേയ്ക്കു നടക്കുന്നു ഇടതുകാൽ പൊക്കുമ്പോൾ ഇടതു കൈപ്പത്തി അല്പം ഉയർത്തിപ്പിടിക്കുന്നു. തിരിഞ്ഞു് വലത്തേയ്ക്കു ചാടി ഒരു ചുവടു് മുമ്പോട്ടു വയ്ക്കുന്നു. വലത്തേയ്ക്കു ചാടുമ്പോൾ വലതു കാൽ ഇടതുകാലിന്റെ മുട്ടിനൊപ്പം പൊക്കുന്നു. വലതു കൈപ്പത്തിയും അപ്പോൾ ഉയർത്തിപ്പിടിക്കുന്നു.

കൈക്കൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കു ഇത തീത്തീത്തെയ്
കരുണയൊടിതുവഴി ചൊൽവതിനഴകാൽ
അങ്ങുമിങ്ങുമ്മനസ്സിതു പരിചേ ഇത തീത്തീത്തെയ്

മുകളിൽപ്പറഞ്ഞിരിക്കുന്ന വിധം കളിക്കുന്നു.

നലമൊടു പലവക കിന്നരമഴകാൽ
നന്തുനീയും കുഴൽ പലതരമേ
തീ ത്തീ ത്തക തക തീത്തീത്തകതക
തീ ത്തീ ത്തക തക തീത്തീത്തെയ്
നന്മവരും വക പലമൊഴിയൊരു സ്തുതി
നന്നായ് മലക്കുകം പുലമ്പീതേ
തീ ത്തീ ത്തക തക തീത്തീത്തകതക
തീ ത്തീ ത്തക തക തീത്തീത്തെയ്

അഞ്ചാമത്തെ വരിയുടെ കൈമുദ്രകളും ചുവടുകളും കളിക്കുന്നു.

ഉടമ്പിൽ നിന്നുയിരെടുത്താകാശെ
ഉയിരവനിരിപ്പിടം പൂകിച്ചേ - ഇത തീത്തീത്തെയ്

തന്നാനം കളിക്കുന്നു. അല്പമായി രണ്ടുകാലും ഒന്നിച്ചു ചാടി, പരസ്പരം അഭിമുഖമായി നിന്നു്, വലതുകാൽ മുമ്പോട്ടു വച്ചു് ഇടതുകാൽ അതിനോടു് ചേർത്തു് ചവിട്ടുന്നു. അതോടൊപ്പം കൈയ്യടിച്ചശേഷം രണ്ടു പേരുടേയും ഇടതു കൈകളും തമ്മിൽ പിടിച്ചുയർത്തുകയും ഇടതുവശത്തുകൂടി രണ്ടു പേരും കടന്നു പോവുകയും ചെയ്യുന്നു. അടുത്ത ചാട്ടത്തിനു ശേഷം ഇതേ ചുവടു് ഇടതുകാലിൽ ആരംഭിക്കുന്നു. കൈ അടിച്ചശേഷം വീണ്ടും വലതുവശത്തേയ്ക്കു് തിരിഞ്ഞു് ഇതേ ചുവടു് രണ്ടു പ്രാവശ്യം കളിക്കുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ുടമയിലുടയവനുടമ്പെട്ടത്തഴകാൽ
നന്മനിറഞ്ഞൊരു പള്ളിയിലെ ഇത തീത്തീത്തെയ്

പതിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർ
ത്തനം.

പച്ചിത്ര ധനമിത്ര മക്കളുമനുദിനം
അരുളുവഴിക്കു നടപ്പവരെ
തീ ത്തീത്തക തക തീ ത്തീ ത്തക തക
തീ ത്തീ ത്തക തക തീത്തീത്തെയ്
വൻ വിനയൊഴിയ പ്പെരിയവനരുൾ വഴി
തിറമൊട്ട തേടിപ്പുലരാമെ
തീ ത്തീ ത്തക തക തീത്തി ത്തക തക
തീ ത്തീ ത്തക തക തീത്തി ത്തെയ്

മാറാം കളിക്കുന്നു. പതിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം. രണ്ടു ചുവടുകൾ കളിച്ചതിനു ശേഷം പിന്നിലേയ്ക്കു തിരിഞ്ഞു കളിക്കാതെ ഒരാൾ ഇടത്തേയ്ക്കും മറേറയാൾ വലത്തേയ്ക്കും തുടർച്ചയായി വട്ടത്തിൽ പോകുന്നു.

കലാശം:—

തിത്ത ത്തകുത തികിത ത്താം
തികി തകു തകുത തികിത ത്താം
തർകു തിത്ത ത്തത്താ കർകു തിന്തത്താം
കർകു തിത്ത ത്തത്താ തിത്താതിമുതത്തെയ്

പതിമൂന്നാം പാദത്തിന്റെ കലാശം തന്നെ. ചുവടുകളും കൈമുദ്രകളും ആവർത്തനം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അനുബന്ധം: ഒന്ന്

അവതരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കേരള സർക്കാർ മാർഗംകളി സംസ്ഥാന യുവജനോത്സവത്തിൽ ഉൾപ്പെടുത്തിയ കല്പന പുറപ്പെടുവിച്ചതു് കാണുകയുണ്ടായി. ബഹു. വിദ്യാഭ്യാസ മന്ത്രിയേയും കേരള സർക്കാരിനേയും അനുമോദിക്കുന്നു. മത്സരാടിസ്ഥാനത്തിൽ മാർഗംകളി അവതരിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടായപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് അഭ്യസനം, പഠനം, പ്രചാരണം, പ്രസിദ്ധീകരണം എന്നീ മേഖലകളിൽ സമഗ്രമായൊരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. വിദ്യാലയങ്ങളിൽ മാർഗംകളി അഭ്യസിപ്പിക്കുന്നതിനു് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു് അദ്ധ്യാപകരെ ഏർപ്പാടുചെയ്തു് കൊടുക്കുന്നതാണു്. ദൃശ്യ-ശ്രാവ്യ-പഠനോപാദികളും (അനുബന്ധം-ഒന്നു്), ഉപരിപഠനത്തിനാഗ്രഹിക്കുന്നവർക്കു് ഇൻസ്റ്റിറ്റ്യൂട്ട് ഗ്രന്ഥശാലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നു് അറിയിച്ചുകൊള്ളട്ടെ.

1 മാർഗംകളി മത്സരത്തിൽ പങ്കെടുക്കുന്ന സംഘത്തിൽ ഏറ്റവും ചുരുങ്ങിയതു് 6 പേരെങ്കിലും ഉണ്ടായിരിക്കണം. നൃത്തസംഘം 12 പേരിൽ കവിയരുതു്.

2 ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെ സംഘങ്ങളായി കളി അവതരിപ്പിക്കേണ്ടതാണു്.

3 ഈ പുസ്തകത്തിൽ അച്ചടിച്ചിട്ടുള്ള അംഗീകൃതമായ പാഠവും ഗാന രീതിയും നൃത്തവിന്യാസവും വേഷവിധാനവും അനുസരിച്ചാണു് കളിക്കേണ്ടതു്.

4 കളിയുടെ അവതണത്തിൽ രംഗസാമഗ്രിയായ നിലവിളക്കു് നിർബന്ധമായിട്ടുപയോഗിക്കണം.

5 വേഷം: പുരുഷന്മാർ:—

കസവു് മുണ്ടു്, കസവു് മുണ്ടുകൊണ്ടുള്ള തലക്കെട്ടു്, ചുവന്ന പട്ടുകൊണ്ടു് അരക്കെട്ടു്, മുണ്ടും തലക്കെട്ടും അണിയേണ്ടതു് ഞെട്ടും വാലുമിട്ടാണു്.

സ്ത്രീവിഭാഗം: കസവുമുണ്ടു് പിന്നിൽ ഞൊറിയിട്ടു് ഉടുത്തിരിക്കണം. പണിച്ചട്ട (അലങ്കാരപ്പണികളോടുകൂടിയ കുപ്പായം) മുട്ടുവരെ കൈനീളമുള്ളതു് ധരിച്ചിരിക്കണം. പൂറമേ കവിണിയും.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

6 നൃത്തവിന്യാസം: സമയപരിധിക്കനുസരിച്ച് ചുവടുകളുടെ ഇരട്ടിപ്പുകളുമാകാം.

7 കളിയാശാൻ മത്സരത്തിൽ പങ്കെടുക്കുന്ന സംഘത്തിൽ നിന്നുള്ള ആളായിരിക്കണം.

8 വാളും പരിചയും ഉപയോഗിച്ചുകൊണ്ടുള്ള പരിചമുട്ടുകളി മാർഗംകളിയിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

9 നൃത്താവതരണത്തിൽ താളം ക്രമീകരിക്കുന്നതിനു് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണു്. മറ്റു് സംഗീതോപകരണങ്ങളും ഉപയോഗിക്കാൻ പാടുള്ളതല്ല.

മേലെഴുതിയ നിബന്ധനകളും ഇൻസ്റ്റിട്ട്യൂട്ടിന്റെ അക്കാഡമിക്കു് കൗൺസിൽ അംഗീകരിച്ചതാണു്. മാർഗംകളിയുടെ തനിമയും പാരമ്പര്യ സ്വഭാവവും നിലനിർത്തുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതാണു്. ഓരോ കലാരൂപത്തിനും തനതായ വ്യക്തിത്വവും രൂപ–ഭാവപ്പൊലിമയുമുണ്ടല്ലൊ. മാർഗംകളി മത്സരത്തിനും ഇതേ നിബന്ധനകളും തന്നെയാണു് പ്രായോഗികമാക്കിയിരിക്കുന്നതു്.

ഡയറക്ടർ.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഗ്രന്ഥസൂചി

ചുമ്മാർ ചൂണ്ടൽ:

മാർഗംകളി (1973), നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം

Studies in folklore of Kerala (1981), College Book House, Trivandrum

ജേക്കബ് വെള്ളിയാൻ (എഡി.)

Symposium on Knanites (1986), Jyothi Book House, Kottayam

ജോസഫ് ചാഴികാട്ട്:

തെക്കുംഭാഗ സമുദായചരിത്രം (1961), കാത്തലിക് മിഷൻ പ്രസ്സ്, കോട്ടയം.

തോമസ് പി. ജെ:

കേരളത്തിലെ ക്രിസ്ത്യീയ ചരിത്രം (1935) സെൻറ് മേരീസ് പ്രസ്സ്, അതിരമ്പുഴ

പരമേശ്വരയ്യർ എസ്. ഉള്ളൂർ:

കേരള സാഹിത്യചരിത്രം (1970), വാല്യം 3, കേരള സർവ്വകലാശാല, തിരുവനന്തപുരം

പാറേട്ട് ഇസഡ്. എം:

മലങ്കര നസ്രാണികൾ (1965), വാല്യം 1
മനോരമ പബ്ളിക്കേഷൻസ്, കോട്ടയം

രാമൻപിള്ള, ചെങ്ങന്നൂർ:

തെക്കൻപാട്ടിലുള്ള കഥകളി അഭ്യാസക്രമങ്ങൾ (1973) നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം.

ലൂക്കോസ്. പി. യു:

മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ (1910), കാത്തലിക് മിഷൻ പ്രസ്സ്, കോട്ടയം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

Digital Library of Christianity in India



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.

Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org